# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 06    മാർച്ച്–2015    ലക്കം 3**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ ........................................................ | 05 |
| സർക്കുലർ (മദ്യവിരുദ്ധഞായർ) ............................ | 10 |
| ഇടയലേഖനം........................................................ | 17 |
| സർക്കുലർ ........................................................ | 21 |
| സർക്കുലർ ........................................................ | 24 |
| ഫ്രാൻസീസ് പാപ്പായുടെ നോമ്പുകാലസന്ദേശം ......... | 26 |
| ഡിക്രി ........................................................ | 32 |
| രൂപതാകച്ചേരി വാർത്തകൾ ...................................... | 37 |
| വിദ്യാഭ്യാസ സഹായനിധി ........................................ | 48 |
| *EFFECT* ........................................................ | 50 |
| വൈദികരുടെ മാസധ്യാനം ........................................ | 51 |
| ദൈവവിളി ക്യാമ്പുകൾ ........................................ | 52 |
| ലഹരിവിമുക്ത വർഷാചരണം ...................................... | 54 |
| മതബോധനരംഗം ........................................................ | 58 |
| ചെറുപുഷ്പമിഷൻലീഗ് ........................................ | 63 |
| *Department of Youth Ministry* ................................ | 66 |
| കെ.സി.വൈ.എം. ........................................................ | 67 |
| കുടുംബപ്രേഷിതത്വം ........................................ | 72 |
| സീയോൻ വാർത്തകൾ ........................................ | 74 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി ......................... | 76 |
| സാമൂഹ്യ സേവനരംഗം (WSSS) ................................ | 80 |
| കേരള ലേബർ മൂവ്മെന്റ് ........................................ | 83 |
| റേഡിയോ മാറ്റൊലി ........................................ | 84 |
| മീഡിയാകമ്മീഷൻ ........................................ | 86 |
| *Christian Civic Service Society (CCSS)* ................ | 87 |
| *Mary Matha Arts & Science College* ...................... | 88 |
| *CEADOM* വിദ്യാഭ്യാസ മേഖല ........................................ | 90 |
| പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ | 94 |
| ബിഷപ്സ് പ്രോഗ്രാം ........................................ | 95 |

# സർക്കുലർ

അഭിവന്ദ്യ മെത്രാപ്പോലീത്തമാരേ, മെത്രാന്മാരേ, ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീസഹോദരന്മാരേ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വിശുദ്ധനാമത്തിൽ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ആശംസകൾ!

ഭാരതത്തിന്റെ 66-ാമത് റിപ്പബ്ലിക്ദിനം ആഘോഷിച്ചതേ ഉള്ളൂ. റിപ്പബ്ലിക് ദിനാഘോഷത്തിൽ മുഖ്യാതിഥിയായി അമേരിക്കൻ പ്രസിഡന്റ് സന്നിഹിതനായിരുന്നുവെന്നത് ആഘോഷങ്ങളെ പ്രത്യേകം ശ്രദ്ധേയമാക്കി. ഈ സന്ദർഭത്തിൽ ചില ചിന്തകൾ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ന്യൂഡൽഹിയിൽ 2015 ജനുവരി 20-ന് സിബിസിഐ സെന്ററിൽ വച്ചു നടന്ന ഭാരതീയ കത്തോലിക്കാ മെത്രാന്മാരുടെ കോൺഫ്രൻസ് സംഘടിപ്പിച്ച പ്രത്യേക ആലോചനായോഗത്തിൽ ഉരുത്തിരിഞ്ഞ ചിന്തകളാണ് നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ഈ ആലോചനായോഗത്തിൽ കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, കർദിനാൾ ജോർജ് ആലഞ്ചേരി, കർദിനാൾ ടെലെസ്ഫോർ റ്റോപ്പോ എന്നിവരും ഞാനും ഉൾപ്പെടെ ഭാരതത്തിലെ നാലു കർദ്ദിനാൾമാർ സംബന്ധിച്ചു. സിബിസിഐയുടെ കാര്യനിർവാഹകരുമുണ്ടായിരുന്നു. കൂടാതെ, കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ (CCI), കോൺഫ്രൻസ് ഓഫ് റിലീജിയസ് ഇന്ത്യ (CRI), ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ (AICU), ഇന്ത്യൻ കാത്തലിക് യൂത്ത് മൂവ്മെന്റ് (ICYM), എന്നിവയുടെ പ്രതിനിധികളും നിയമവിദഗ്ധരും മനുഷ്യാവകാശ പ്രവർത്തകരും സാമൂഹിക പ്രവർത്തകരും സംബന്ധിച്ചിരുന്നു. ഈ ആലോചനാ യോഗത്തിനുശേഷം ഡൽഹിയിലും പരിസരപ്രദേശങ്ങളിലുമുള്ള മറ്റു ക്രൈസ്തവസഭകളുടെ നേതാക്കളുമായി (NCCI, EFI) കൂടിയാലോചന നടത്തി.

നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അടുത്തകാലത്തു നടന്ന ഞെട്ടിക്കുന്ന ചില സംഭവങ്ങൾ ന്യൂനപക്ഷസമൂഹങ്ങളുടെ പ്രത്യേകിച്ച് ക്രൈസ്തവസമൂഹത്തിന്റെ വികാരങ്ങളെ മുറിപ്പെടുത്തുകയും നമ്മുടെ രാഷ്ട്രത്തിന്റെ മതനിരപേക്ഷ സംവിധാനത്തിലുള്ള വിശ്വാസത്തെ പിടിച്ചു കുലുക്കുകയും ചെയ്തിട്ടുണ്ട് എന്നു വിലയിരുത്തപ്പെട്ടു. ഛത്തീസ്ഗഡ്, മധ്യപ്രദേശ്, ഒഡീഷ, ഉത്തർപ്രദേശ്, ഡൽഹി എന്നിവിടങ്ങളിൽ പള്ളികൾക്കും വൈദികർക്കും അല്മായർക്കും എതിരേ ഉണ്ടായ

പരിഭ്രാന്തിജനകമായ സംഭവങ്ങൾ ക്രൈസ്തവസമൂഹത്തിന് വലിയ ഉത്കണ്ഠയ്ക്കു കാരണമായിരിക്കുന്നു. "പുനർമതപരിവർത്തന"ത്തിന്റെ പേരിൽ നടക്കുന്ന വാദപ്രതിവാദങ്ങൾ ഇന്ത്യയ്ക്കു നിഷേധാത്മക പ്രതിഛായയാണ് സൃഷ്ടിക്കുന്നത്. സമുദായധ്രുവീകരണവും ഇന്ത്യയെ ഏകജാതീയമാക്കാനുള്ള ആഹ്വാനവും എല്ലാ ന്യൂനപക്ഷങ്ങൾക്കും- സ്ത്രീകൾക്കും ദളിതർക്കും, ഭാഷാപരമായും സാംസ്കാരികമായും മതപരമായും ന്യൂനപക്ഷങ്ങളായിട്ടുള്ള എല്ലാവർക്കും ഭീഷണി ഉയർത്തുകയാണ്. കൂടാതെ, അടുത്തകാലത്തുണ്ടായ പല ബില്ലുകളും ഓർഡിനൻസുകളും പാവപ്പെട്ട കർഷകർ, മീൻപിടിത്തക്കാർ, തൊഴിലാളികൾ, ദളിതർ, ഗോത്രവർഗങ്ങൾ, മറ്റുള്ള പാർശ്വവത്കൃതസമൂഹങ്ങൾ എന്നിവരുടെ ജീവിതത്തെയും ജീവസന്ധാരണത്തെയും ദുർബലപ്പെടുത്തുമെന്ന് വിലയിരുത്തപ്പെടുന്നു.

"ഘർ വാപസി" പരിപാടികളും വിദ്യാഭ്യാസത്തെയും സംസ്കാരത്തെയും "കാവിവത്ക്കരിക്ക"ലും ഹിന്ദു രാഷ്ട്രത്തിനു വേണ്ടിയുള്ള മുറവിളികളും നമ്മുടെ പ്രിയപ്പെട്ട രാജ്യത്തിന്റെ മതനിരപേക്ഷ സ്വഭാവത്തെ വെല്ലുവിളിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ "കാവിവത്ക്കരണം" വരുംതലമുറക്ക് ഒരു ബൗദ്ധിക ഭീഷണിയാണ്. മതപരിവർത്തനം ഒരുവന്റെ സ്വതന്ത്രമനസ്സിന്റെയും ഭരണഘടനാപരവും മൗലികവുമായ അവകാശത്തിന്റെയും മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്റെയും മതസ്വാതന്ത്ര്യത്തിന്റെയും പ്രയോഗമാണ്. എന്നാൽ "ഘർ വാപസി" യെന്നത് ഒരു രാഷ്ട്രീയ പ്രക്രിയയാണ്. മതദേശീയവാദത്തിന്റെ ശക്തരായ വക്താക്കളാണ് അതു നടത്തുന്നത്. അത് മതനിരപേക്ഷതയുടെ തത്ത്വത്തിന് ഏറെ വിരുദ്ധവുമാണ്.

നമ്മുടെ രാജ്യത്തെ എല്ലാ പൗരന്മാർക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അത് അഭ്യസിക്കാനും പ്രചരിപ്പിക്കാനും ഉള്ള അവകാശം ഇന്ത്യൻ ഭരണഘടന ഉറപ്പു നല്കുന്നുണ്ട്. ദീർഘകാലമായി വ്യത്യസ്തമതങ്ങൾ തഴച്ചുവളർന്ന രാജ്യമാണ് ഇന്ത്യ. എല്ലാവരുടെയും അവകാശങ്ങൾ- മതവിശ്വാസമോ ലിംഗഭേദമോ ജാതിയോ പരിഗണിക്കാതെ -സുരക്ഷിതമാക്കാൻ നമ്മുടെ രാഷ്ട്രത്തിന്റെ സ്ഥാപകപിതാക്കന്മാർ സവിശേഷമായി പരിശ്രമിച്ചിട്ടുണ്ട്. മതസ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന ഉറപ്പുനല്കുന്ന ഒരു മനുഷ്യാവകാശമാണ്. ഇത് ജനാധിപത്യപരമായ ഒരു മൂല്യവും ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശവുമാണ്.

രണ്ടായിരത്തോളം വർഷമായി, ക്രിസ്തുമതം ഭാരതത്തിൽ വേരുറച്ചിട്ട്. ക്രൈസ്തവരായ നാം ദൈവത്തിലും മനുഷ്യനന്മയിലും വിശ്വസിക്കുന്നവരാണ്. വിദ്യാഭ്യാസം, ആരോഗ്യപാലനം, സാമൂഹിക വികസനം മുതലായവയുടെ മണ്ഡലങ്ങളിൽ നാം ഈ രാജ്യത്തെ നിസ്വാർത്ഥമായി സേവിച്ചുപോരുന്നുണ്ട്. ജാതിയോ വിശ്വാസമോ മതമോ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള യാതൊരു വിവേചനവും കൂടാതെയാണ് അങ്ങനെ ചെയ്യുന്നത്.

നമ്മുടെ മാതൃരാജ്യത്ത് നമ്മൾ സുരക്ഷിതരായിരിക്കുമെന്ന ഉറപ്പ്, ഈ രാജ്യത്തെ ക്രൈസ്തവരായ നമുക്ക് സർക്കാരിൽ നിന്ന് ലഭിക്കണം. മുകളിൽ സൂചിപ്പിച്ച പ്രശ്നങ്ങളെ സംബന്ധിച്ച് നമുക്കുള്ള തീവ്രമായ ഉത്കണ്ഠ നമ്മൾ രേഖപ്പെടുത്തുന്നു. എല്ലാ മതങ്ങളിൽപ്പെട്ടവരും സാംസ്കാരിക പശ്ചാത്തലമുള്ളവരും സ്വതന്ത്രരായി ഭയമോ ഭീഷണിയോ ഇല്ലാതെ സ്വന്തം മതവും വിശ്വാസവും അനുസരിച്ച് ഐക്യത്തോടെ ജീവിക്കുന്ന ഒരു രാജ്യമായിരിക്കണം വരുംനാളുകളിലും മഹത്തായ ഈ മതനിരപേക്ഷ രാജ്യം. മാതൃരാജ്യത്തിന്റെ പുരോഗതിക്കും വികസനത്തിനും നമ്മൾ നമ്മെത്തന്നെ സമർപ്പിക്കുന്നു. അതോടൊപ്പം ഇന്ത്യയുടെ പ്രധാനമന്ത്രിയുടെ മുമ്പിൽ സുശക്തവും നിർബന്ധപൂർവകവുമായ ഒരഭ്യർത്ഥന സമർപ്പിക്കുന്നു. ഈ മതനിരപേക്ഷ രാഷ്ട്രത്തിന്റെ ഐക്യത്തിന് വലിയ ഭീഷണി ഉയർത്തുന്ന പ്രവർത്തനങ്ങളും കേന്ദ്രമന്ത്രിസഭയിലെയും പാർട്ടിയിലെയും ഉത്തരവാദിത്വപ്പെട്ട വ്യക്തികൾ അത്തരത്തിൽ പുറപ്പെടുവിക്കുന്ന പ്രസ്താവനകളും നിറുത്തിവയ്ക്കുന്നതിന് അടിയന്തിരമായി ഇടപെടാനും സമുചിതമായ നടപടികളെടുക്കുവാനും പ്രധാനമന്ത്രിയെന്ന നിലയിൽ അങ്ങ് തയ്യാറാകണം. മഹത്തായ നമ്മുടെ ദേശത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും അത്തരത്തിലുള്ള പ്രവണതകളെ അവസാനിപ്പിക്കുക യെന്നത് അനുപേക്ഷണീയ കാര്യമാണ്.

ഇനി, ഞങ്ങളുടെ ആലോചനായോഗത്തിലുണ്ടായ ചില നിർദേശ ങ്ങളിലേക്കും ശിപാർശകളിലേക്കും നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു:

1. സഭ എന്നും ദരിദ്രരോടും പീഡസഹിക്കുന്നവരോടും സഹതാപ പൂർവ്വം പെരുമാറിയിട്ടുണ്ട്. നമ്മുടെ എല്ലാ പ്രേഷിതശുശ്രൂഷകളിലും ദരിദ്രരോടുള്ള ഈ പ്രത്യേക സ്നേഹത്തിന്റെ മനോഭാവം പൂർവാധികം വസ്തുനിഷ്ഠമായി ദൃശ്യമാകണം. ഇക്കാര്യം പരിശുദ്ധ പിതാവ് ഫ്രൻസിസ് മാർപാപ്പാ ശക്തിയുക്തം ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ദളിതർ, പിന്നോക്ക വിഭാഗങ്ങൾ, ഗോത്രവർഗ്ഗക്കാർ എന്നിവരും കത്തോലിക്കാ വിശ്വാസം സ്വീകരിച്ചവരുമായ നമ്മുടെ സഹോദരീസഹോദരന്മാരെ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നതിന് നമുക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് നാം കൂടുതൽ ശ്രദ്ധയുള്ളവരായിരിക്കണം.

2. വിവിധ ക്രൈസ്തവസമൂഹങ്ങൾ തമ്മിൽ ഇടവക, രൂപത, പ്രാദേശിക, ദേശീയ തലങ്ങളിൽ കൂടുതൽ ഐക്യവും സഹകരണവും ഉണ്ടാകണമെന്ന് നമ്മുടെ രാജ്യത്തെ ജനങ്ങളുടെ സാമൂഹികരാഷ്ട്രീയ സാഹചര്യം ആവശ്യപ്പെടുന്നു.

3. സഭയ്ക്കും സമൂഹത്തിനും നേരിടേണ്ടിവരുന്ന ഭീഷണികളെയും വെല്ലുവിളികളെയും വിമർശനബുദ്ധിയോടെ വിലയിരുത്താനും സമുചിതമായ ഹ്രസ്വകാല - ദീർഘകാല സമരതന്ത്രങ്ങൾ രൂപപ്പെടുത്താനും നമ്മുടെ

അല്മായരെ നമ്മൾ ശക്തിപ്പെടുത്തണം. ഈ വിഷയത്തിൽ സ്ത്രീകളെയും യുവജനങ്ങളെയും ശക്തരാക്കാൻ സവിശേഷപരിശ്രമങ്ങൾ നടക്കണം.

4. ഐക്യം, സാഹോദര്യം, മതനിരപേക്ഷത, സമാധാനം, നീതി എന്നിങ്ങനെ ഭരണഘടനയിൽ പ്രതിഷ്ഠിച്ചിട്ടുള്ള മൂല്യങ്ങൾ വിദ്യാഭ്യാസം വഴിയും മറ്റു സാമൂഹിക ഇടപെടലുകൾ വഴിയും യുവജനത്തിന്റെ മനസ്സിൽ പോഷിപ്പിക്കണം. അവരെ സമർപ്പണ ബുദ്ധിയുള്ള ഭാരതത്തിന്റെ പൗരന്മാരും സഭയുടെ വിശ്വസ്തരായ പുത്രീപുത്രന്മാരുമാക്കി തയ്യാറാക്കുകയെന്ന ലക്ഷ്യത്തോടെ അപ്രകാരം ചെയ്യണം.

5. നമ്മുടെ മാധ്യമപ്രവർത്തകരെയും മറ്റു വിദഗ്ധരെയും അംഗീകരിക്കുകയും സഭയുടെ ചിന്താഗതിക്ക് അനുസൃതമായി പ്രാദേശീയ അടിസ്ഥാനത്തിൽ മേല്പറഞ്ഞ ഭീഷണികളെ നേരിടാൻ അവരെ വളർത്തുകയും വേണം. മനുഷ്യാവകാശലംഘനങ്ങൾക്കെതിരേ സമാനചിന്താഗതിക്കാരായ മറ്റുള്ളവരോട് ഒത്തുചേർന്ന് നമ്മൾ സമ്മർദ്ദം സൃഷ്ടിക്കണം.

6. ക്രൈസ്തവജനസമൂഹത്തിന്റെയും മാനുഷികവും സ്ഥാപനപരവുമായ വിഭവങ്ങളുടെയും സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണം ഇടവക, രൂപതാതലങ്ങളിൽ ഉണ്ടായിരിക്കണം. സഭയുടെയും രാജ്യത്തിന്റെയും വളർച്ചയ്ക്കുവേണ്ടി കൂടുതൽ കാര്യക്ഷമമായ ഇടപെടലിന് ഇതു സഹായകമാകും.

7. ആശയരൂപീകരണം നടത്തുന്നതിന് "ചിന്തകരുടെ ഒരു ഗ്രൂപ്പ്" ഇടവക, രൂപത, പ്രാദേശിക, ദേശീയ തലങ്ങളിൽ രൂപപ്പെടുത്തുന്നത് നന്നായിരിക്കും. സാമൂഹിക രാഷ്ട്രീയ രംഗത്തെ വെല്ലുവിളികളെ കാര്യക്ഷമമായി അപഗ്രഥിക്കാനും പ്രശ്നങ്ങളെപ്പറ്റി സഭാനേതാക്കന്മാരെ ബോധിപ്പിക്കാനും വേണ്ടിയാണ് ഇത്. ഇതുപോലെ തന്നെ സുപ്രധാനമായ കാര്യമാണ് രൂപതാതലത്തിലും റീജിയൻതലത്തിലും ദേശീയതലത്തിലും വക്താക്കൾ അഥവാ പി.ആർ.ഓ. മാർ ഉണ്ടായിരിക്കുകയെന്നതും. നമ്മുടെ നിലപാടുവ്യക്തമാക്കാനും സമകാലീനപ്രശ്നങ്ങൾ വ്യാഖ്യാനിക്കാനും സമൂഹത്തിലെ എല്ലാവിഭാഗങ്ങളുമായി ഗുണകരമായ ബന്ധം പോഷിപ്പിക്കാനും വേണ്ടിയാണത്.

8. ഇടവകതലത്തിലും രൂപതാതലത്തിലും പ്രാദേശികതലത്തിലും ദേശീയതലത്തിലും സംയുക്ത ക്രൈസ്തവ പ്രാർത്ഥനായജ്ഞം സംഘടിപ്പിക്കുകയും മത-സാമുദായിക മൈത്രി വളർത്തുന്നതിന് ശ്രദ്ധവയ്ക്കുകയും വേണം.

ഈ നിർദേശങ്ങൾക്കു പുറമേ മറ്റു പല നിർദേശങ്ങളും ആലോചനായോഗത്തിലെ അംഗങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. മേൽ പറഞ്ഞവയോടൊപ്പം ഇവയ്ക്കു അനുരൂപമായി നമുക്കു ചെയ്യാൻ കഴിയുന്നതെല്ലാം ഏറ്റവും നന്നായി ചെയ്യാൻ നമ്മൾ പരിശ്രമിക്കണം. സ്ഥിരമായശ്രദ്ധ, സംയുക്ത പ്രവർത്തനം, ദൈവപരിപാലന, ഒരു തിന്മയ്ക്കും കീഴടക്കാനാവാത്ത സഭയെ സ്ഥാപിച്ച നമ്മുടെ കർത്താവിന്റെ ദൈവിക സഹായത്തിലുള്ള അഗാധമായ

വിശ്വാസം എന്നിവയായിരുന്നു ആലോചനായോഗത്തിലെ പ്രധാന വിഷയങ്ങൾ.

ഭാരത കത്തോലിക്കാ മെത്രാന്മാർ സമിതി (CBCI) ഇന്ത്യ മുഴുവനിലു മുള്ള സഭാംഗങ്ങൾക്ക് ഒരു കാര്യത്തിൽ ഉറപ്പു നല്കാൻ ആഗ്രഹിക്കുന്നു: ഏതെങ്കിലും തരത്തിൽ സഹനത്തിനു വിധേയരായിരിക്കുന്ന നമ്മുടെ സഹോദരീ സഹോദരന്മാരോടൊപ്പം എപ്പോഴും ഞങ്ങൾ ഉണ്ട്.

നമ്മൾ ഈ രാജ്യത്തിലെ പൗരന്മാരാണ്. ഈ രാജ്യത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി നമ്മൾ അദ്ധ്വാനം തുടരും. ദൈവരാജ്യം പ്രഘോഷിക്കാൻ മാമ്മോദീസാപരമായ കടമ നമുക്കുണ്ട്. ഭീഷണിയോ അക്രമമോ അതിൽ നിന്നു നമ്മെ പിന്തിരിപ്പിക്കുകയില്ല. നമ്മുടെ വിശ്വാസത്തെ സംഘടിതമായി ശക്തിപ്പെടുത്തുകയെന്നത് നമ്മുടെ ആവശ്യമാണ്. നമ്മൾ ഒരു രാഷ്ട്രീയപാർട്ടിക്കും എതിരേ യുദ്ധം ചെയ്യുകയല്ല. പിന്നെയോ നമ്മുടെ രാഷ്ട്രത്തിന്റെ വിശുദ്ധമായ ആദർശ ങ്ങൾക്കുവേണ്ടി പോരാടുകയാണ്. മതസ്വാതന്ത്ര്യം, മനസ്സാക്ഷിസ്വാതന്ത്ര്യം, മൗലികാവകാശങ്ങൾ ജനാധിപത്യം മുതലായവയാണ് ശ്രേഷ്ഠമായ നമ്മുടെ ഭരണഘടനയിൽ ഉറപ്പുതന്നിട്ടുള്ള ആ ആദർശങ്ങൾ. സഭയുടെ ഉത്തരവാദിത്വപ്പെട്ട അംഗങ്ങളും നമ്മുടെ രാഷ്ട്രത്തിന്റെ പൗരന്മാരുമെന്ന നിലയിൽ വിശ്വാസത്തിനും രാഷ്ട്രത്തിന്റെ ഐക്യത്തിനും പുരോഗതിക്കും വേണ്ടി ജീവൻ ത്യജിക്കാനും നാം തയ്യാറാണ്. ദൈവസഹായത്തിൽ ആശ്രയിച്ച് നാം ഇങ്ങനെ ശപഥം ചെയ്യണം: വിശ്വാസത്തെയും രാജ്യ ത്തിന്റെ മതനിരപേക്ഷ-ജനാധിപത്യസ്വഭാവത്തെയും ഉയർത്തിപ്പിടിക്കു ന്നതിനെതിരേയുള്ള സമ്മർദ്ദത്തിനോ ഭീഷണിക്കോ വഴങ്ങുകയില്ല.

തന്റെ ഛായയിലും സാദൃശ്യത്തിലും നമ്മെ സൃഷ്ടിച്ച ദൈവം നമ്മെ തുടർന്നും അനുഗ്രഹിക്കട്ടെ. അവിടത്തെ പുത്രനായ യേശുക്രിസ്തുവിന്റെ ദൗത്യം തുടരുന്നതിന് അവിടുന്ന് പരിശുദ്ധാത്മാവിന്റെ ദാനത്തിലൂടെ നമ്മെ ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. നമ്മുടെ പ്രിയപ്പെട്ട രാഷ്ട്രത്തിനുവേണ്ടി നമ്മുടെ പരിശുദ്ധ അമ്മ മാദ്ധ്യസ്ഥ്യം വഹിക്കട്ടെ.

പ്രാർത്ഥനയോടും ആശംസകളോടും കൂടെ<br>
സ്നേഹപൂർവം, കർത്താവിൽ

**കർദിനാൾ ബസേലിയോസ് ക്ലീമിസ്**<br>
മേജർ ആർച്ചുബിഷപ് - കാതോലിക്കോസ് &<br>
പ്രസിഡന്റ്, കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ &<br>
കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യ

---

**NB:- 2015 ഫെബ്രുവരി മാസം 8-ാം തീയതി വായിക്കുവാനായി നൽകി യിരുന്ന സർക്കുലർ**

# മദ്യവിരുദ്ധ ഞായർ

## 8 മാർച്ച് 2015

### കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

കേരള കത്തോലിക്കാസഭ മാർച്ച് മാസം 8-ാം തീയതി മദ്യവിരുദ്ധ ഞായർ ആചരിക്കുകയാണ്. സഭയിലും സമൂഹത്തിലും ലഹരിക്കെതിരായ പോരാട്ടം കൂടുതൽ ജാഗ്രതയോടെ ശക്തമാക്കാനുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ തിരുസഭ പങ്കുവയ്ക്കുന്നത്. കേരളസമൂഹത്തിൽ മാതൃകാപരമായ ലഹരിവിരുദ്ധ പോരാട്ടം നടത്തിയ ചരിത്രമാണ് ഇന്നോളം കത്തോലിക്കാസഭയ്ക്കുള്ളത്. കത്തോലിക്കാസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ലഹരി വിമോചനകേന്ദ്രങ്ങളിലൂടെയും ധ്യാനകേന്ദ്രങ്ങളിലൂടെയും ആതുരാലയങ്ങളിലൂടെയും ലക്ഷകണക്കിന് കുടുംബങ്ങളാണ് ലഹരിമുക്തമായതിന്റെ സത്ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

കത്തോലിക്കരെ മാത്രം മദ്യത്തിൽനിന്ന് മോചിപ്പിക്കുക എന്ന സങ്കുചിതമായ ചിന്തയല്ല സഭയ്ക്കുള്ളത്. കേരളസമൂഹത്തെ മുഴുവൻ ബാധിക്കുന്ന ഒരു സാമൂഹികതിന്മ എന്നനിലയിലാണ് ഈ വിഷയത്തെ സഭ എന്നും കാണുന്നത്. 1998-ൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി രൂപം കൊള്ളുന്നതിന് മുമ്പ് സഭയിലെ യുവജനപ്രസ്ഥാനങ്ങളും സമൂഹത്തിലെ ഇതര മദ്യവിരുദ്ധപ്രസ്ഥാനങ്ങളുമായി ചേർന്ന് സഭ ഈ രംഗത്തു പ്രവർത്തിച്ചുവന്നു. കെസിബിസി മദ്യവിരുദ്ധസമിതി രൂപം കൊണ്ടതിന് ശേഷം കത്തോലിക്കാസഭയിലെ എല്ലാ രൂപതകളിലും മദ്യവിരുദ്ധ യൂണിറ്റുകൾ സ്ഥാപിച്ച് ശക്തമായ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖയും കർമ്മപദ്ധതികളും നിർദ്ദേശങ്ങളും നൽകിവരുന്നു.

ഈ വർഷം മുതൽ വലിയനോമ്പിലെ മൂന്നാം ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായർ ആയി ആചരിക്കുന്നത്. (മുൻവർഷങ്ങളിൽ ഇത് ജനുവരിയിലെ അവസാന ഞായറാഴ്ച ആയിരുന്നു). വിശുദ്ധ നോമ്പ് പ്രാർത്ഥനയുടെയും വർജനയുടെയും ഉപവാസത്തിന്റെയും തിരിച്ചുവരവിന്റെയും നവീകരണത്തിന്റെയും കാലയളവാണ്. വ്യക്തിപരവും സമൂഹപരവുമായ ഒരു നവീകരണത്തിനാണ് വിശുദ്ധ നോമ്പ് നമ്മെ ക്ഷണിക്കുന്നത്. മദ്യവും മയക്കുമരുന്നും ഇവയുടെ ഉപയോഗവും വ്യാപനവും അതു സമൂഹത്തിൽ സൃഷ്ടിക്കുന്ന

അരാജകത്വവും പൊതുജീവിതത്തിലെ അഴിമതിയുടെ വ്യാപനവും നമ്മുടെ സമൂഹത്തെ കാർന്നുതിന്നുന്ന സാമൂഹ്യ തിന്മകളാണ്.

വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും നശിപ്പിക്കുന്ന ഈ തിന്മകളിൽ നിന്നും, പാപസാഹചര്യങ്ങളിൽ നിന്നും ഓടി അകലണമെന്നും വിശുദ്ധനോമ്പ് അനുശാസിക്കുന്നു. മദ്യാസക്തി ദുർമോഹങ്ങളിലേക്കു നയിക്കുന്നതാണെന്നും അന്ധകാരത്തിന്റെ പ്രവൃത്തിയാണെന്നും തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (റോമാ 13:13,14). മദ്യാസക്തിയെന്ന തിന്മയിൽ നിന്നും ഓടി അകലുവാനും പ്രകാശത്തിന്റെ മക്കളാകുവാനും തിരുസ്സഭ നമ്മെ ക്ഷണിക്കുന്ന ഈ നോമ്പുകാലം തിന്മയ്ക്കെതിരേയുള്ള ആത്മീയ പോരാട്ടത്തിന്റെ അവസരമാക്കി മാറ്റാം. അതിനായി ഈ വലിയ നോമ്പുകാലം നമ്മെ ശക്തിപ്പെടുത്തണം.

**വളരേണ്ട മദ്യവിരുദ്ധ സംസ്കാരം**

മദ്യത്തിന്റെ ലഭ്യതയും വിതരണവും ഉപയോഗവും കുറച്ചുകൊണ്ടുവരുന്നതിൽ കാലാകാലങ്ങളിൽ കേരളം ഭരിച്ച സർക്കാരുകൾ പരാജയപ്പെട്ടു. തത്ഫലമായി ലോകത്തിന്റെ "മദ്യ ഭൂപടത്തിൽ" മുഖ്യസ്ഥാനം കേരളത്തിനെന്ന അപഖ്യാതി നാം നേടുകയും ചെയ്തു. നിലനിൽക്കുന്ന നിയമങ്ങളും ജനക്ഷേമ പരമല്ലാത്ത നയങ്ങളും സർക്കാർ-ഉദ്യോഗസ്ഥ-അബ്കാരി അവിശുദ്ധ കൂട്ടുകെട്ടും, മറയില്ലാതെ മദ്യം ഉപയോഗിക്കുവാനുള്ള മലയാളിയുടെ ശീലവും കേരളത്തിന്റെ മദ്യാസക്തിക്ക് ആക്കം കൂട്ടി. ഈ സാമൂഹിക വിപത്തിന്റെ ഇരകളായി കൗമാരക്കാരും സ്ത്രീകളും ഉൾപ്പടെ ലഹരി യുടെ പുത്തൻശീലങ്ങളും ശൈലികളും കൗതുകത്തോടെ പരീക്ഷി ച്ചറിയുന്ന ഒരു വലിയ വിഭാഗം ഇന്ന് നമുക്കു ചുറ്റും അപകടകരമാം വിധം വളർന്നുവരുന്നു. സമൂഹത്തിൽ വർധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിനെതിരെ അടിയന്തിരമായ നടപടികൾ കൈക്കൊള്ളേ ണ്ടിയിരിക്കുന്നു.

ഏതാനും മദ്യലോബികളുടെ പക്ഷം ചേർന്ന് കേരളത്തെ മദ്യക്കടലിൽ താഴ്ത്തുന്നത് തലമുറകളോട് ചെയ്യുന്ന പാതകമാണ്. മനുഷ്യനുവേണ്ടി മനഃസാക്ഷിയോടെ നിലപാടുകളെടുക്കാൻ കഴിയുന്നിടത്താണ് ജനപ്രതിനിധികളുടെ അകക്കാമ്പ് ജനം തിരിച്ചറിയുന്നത്. അധികാരത്തിന്റെ അപ്പക്കഷണത്തിനുവേണ്ടി നട്ടെല്ല് വളയ്ക്കുന്നവർ ജനാധിപത്യത്തിന്റെ ഏടുകളിൽ കറുത്തപൊട്ടുകളായി അവശേഷിക്കും. മദ്യമെന്ന സാമൂഹിക വിപത്തിനെതിരെയുള്ള പോരാട്ടത്തിൽപോലും മതത്തിന്റെയും സമുദായത്തിന്റെയും നിറം കലർത്തുന്ന മത-സംസ്കാരിക-രാഷ്ട്രീയ

പ്രതിനിധികൾ സമൂഹം തിരിച്ചറിയേണ്ട, ജനാധിപത്യത്തിലെ അപകടസൂചനകളാണ്.

മദ്യലോബികൾക്കനുകൂലമായി നില്ക്കുന്ന നിയമങ്ങൾക്ക് മാറ്റംവരുത്താനുള്ള നടപടികൾ പ്രാവർത്തികമാക്കാനുള്ള ചങ്കുറപ്പാണ് ജനപ്രതിനിധികളും സർക്കാരും സ്വീകരിക്കേണ്ടത്. പൊതുസമൂഹവും മതസംഘടനകളും രാഷ്ട്രീയ യുവജനപ്രസ്ഥാനങ്ങളുമൊക്കെ മദ്യത്തിനെതിരായി ശബ്ദമുയർത്തുന്ന ഇന്നത്തെ അനുകൂലമായ സാഹചര്യം മനസ്സിലാക്കി അതിനെ ഫലപ്രദമായി ഉപയോഗിച്ച് ആത്മാർത്ഥത തെളിയിക്കാൻ സർക്കാർ ഇനിയും വൈകരുത്.

**തിരിച്ചറിയേണ്ട ചില വിപത്തുകൾ**

റീജണൽ അടിസ്ഥാനത്തിൽ യു.എൻ. ന്റെ കണക്കിൽ അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെല്ലാം മദ്യഉപയോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. അതിനാൽത്തന്നെ അന്തർദ്ദേശീയ മദ്യലോബികൾ കണ്ണുവച്ചിരിക്കുന്നത് ഇന്ത്യപോലുള്ള മൂന്നാം ലോകരാഷ്ട്രങ്ങളെയാണ്. ഇവിടുത്തെ ഒന്നോ രണ്ടോ ശതമാനം ആളുകളെ തങ്ങളുടെ കീഴിലാക്കിയാൽ അവർക്ക് ഇവിടുത്തെ വിപണി പിടിച്ചെടുക്കാനാകും. അങ്ങനെ ഇന്ത്യയുൾപ്പെടെയുള്ള ദരിദ്രരാജ്യങ്ങളെ ചൂഷണം ചെയ്യാനുള്ള സമ്പന്നരാഷ്ട്രങ്ങളുടെ ഒരു മാർഗമാണിതെന്ന യാഥാർത്ഥ്യവും നമ്മിൽ എത്രപേർക്കറിയാം? കേരളത്തിന്റെ ടൂറിസം സാദ്ധ്യതകളെ ബോധപൂർവ്വം വഴിതെറ്റിക്കാനും അട്ടിമറിക്കാനുമായിട്ടുള്ള ദേശീയ-അന്തർദേശീയ ലോബികളുടെ ശ്രമമാണു കേരളത്തിൽ 'ഇനി ടൂറിസ്റ്റുകൾ വരില്ല' എന്ന പ്രചരണം. മദ്യനിരോധനം നിലനിൽക്കുന്ന ഗുജറാത്തിൽ കേരളത്തിന്റെ ഇരട്ടിയിലധികം ടൂറിസ്റ്റുകൾ വരുന്നുണ്ട്. അതിനാൽ ടൂറിസവും മദ്യവുമായി ബന്ധപ്പെടുത്തിയുള്ള വാദമുഖങ്ങൾ മദ്യവിരുദ്ധസാംസ്കാരം ആഗ്രഹിക്കുന്ന കേരളത്തിന് യോജിച്ചതല്ല. ടൂറിസ്റ്റുകൾ കേരളത്തിൽ വരുന്നതു മദ്യപിക്കാനാണ് എന്നുപറയുന്നത് ബാലിശമായ ചിന്താഗതിയാണ്. ഈ നാടിന്റെ സാംസ്കാരിക തനിമയും കടലോരവും മലകളും തുടങ്ങി ഈ ദേശത്തിന്റെ നന്മയും പ്രകൃതിയുമാണ് ഓരോ വിദേശിയെയും ഇവിടേക്ക് ആകർഷിക്കുന്നത്.

"മദ്യനിരോധനം സാധ്യമോ? അസാധ്യമോ?" എന്നത് ഒരു സന്ദേഹിയുടെ ചോദ്യമാണ്. സന്ദേഹികൾ ഒന്നും നമുക്ക് നേടിത്തന്ന ചരിത്രമില്ല. അവർ എല്ലാറ്റിനെയും സംശയിക്കും. സാധ്യതകളുടെ അവസരംപോലും അങ്ങനെ നിരാകരിക്കപ്പെടും. രാഷ്ട്രത്തിന്റെ നിയമവ്യവസ്ഥിതിയിലേക്ക് ഒന്നുകണ്ണോടിച്ചാൽ കാണാം നിരോധനം

നിയമത്തിന്റെ വലിയ കടമയാണ്. തോക്ക് നിരോധിക്കാം, കഞ്ചാവ് നിരോധിക്കാം, കറുപ്പ് നിരോധിക്കാം, സ്വർണം കടത്തുന്നത് നിരോധിക്കാം, കടലിന്റെ തീരത്തു താമസിക്കുന്നതും നിരോധിക്കാം. മനുഷ്യരെ കൊല്ലാൻ വരുന്ന കാട്ടുമൃഗത്തെ കൊല്ലുന്നതു നിരോധിക്കാം, ബോംബ് നിരോധിക്കാം, പക്ഷെ മദ്യം നിരോധിക്കാൻ തടസം നിൽക്കുന്നത് ആരാണ് ? ആർക്കുവേണ്ടിയാണ്? ഇവിടെ ഇത്തരം വിഷയങ്ങളെ നാം സമീപിക്കുമ്പോൾ അഴിമതി എന്ന വിഷയവും വളരെ ഗൗരവപൂർവ്വം ചർച്ച ചെയ്യപ്പെടണം. മദ്യനിരോധനം പരാജയപ്പെടുത്താൻ രണ്ടുകൂട്ടർക്കേ സാധിക്കൂ: (1) നിക്ഷിപ്തതാത്പര്യക്കാരായ രാഷ്ട്രീയക്കാർ (2) അഴിമതിക്കാരായ ഉദ്യോഗസ്ഥർ. ഈ രണ്ടുകൂട്ടരെയും നിലയ്ക്കുനിറുത്താൻ ജനങ്ങൾ ഒരുമിച്ചാൽ തീർച്ചയായും ഇവിടെ മദ്യത്തിന്റെ ഒഴുക്ക് തടയാൻ കഴിയും.

നമ്മുടെ നാടിന് ഒരു മദ്യസംസ്കാരമില്ല. നമ്മുടെ മതങ്ങളോ സമൂഹമോ സംസ്കാരമോ ഇതു പ്രോത്സാഹിപ്പിക്കുന്നില്ല. മദ്യവർജ്ജനം നടപ്പിലാക്കാൻ ഇവിടെ ഒരു സർക്കാരിന്റെയും ആവശ്യമില്ല. അത് ജനങ്ങൾ ചെയ്തുകൊള്ളും. നിയമം മൂലം കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് മദ്യലഭ്യത കുറയ്ക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. മദ്യത്തിന്റെ ഉപയോഗം കേരളത്തിൽ കുറച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾ ഈ സർക്കാരിന്റെ ഭരണത്തിന്റെ ആദ്യനാൾമുതൽ (2011) പ്രകടമായിരുന്നു. നിരവധി തീരുമാനങ്ങൾ പ്രഖ്യാപിച്ചുവെങ്കിലും സർക്കാർ വിഭാവനം ചെയ്തതുപോലെ അവ നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നത് സർക്കാരിന്റെ പരാജയമായി കാണേണ്ടിവരും.

മദ്യപിച്ചു മരിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തെ നാം തിരിച്ചറിഞ്ഞ്, ഒരാളും ഇനി മദ്യത്തിലേക്കു വരരുത് എന്ന ചിന്തയാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. അടിയന്തിരമായി ശ്രദ്ധപതിയേണ്ടതു കുട്ടികളിലേക്കും യുവജനങ്ങളിലേക്കുമാണ്. അടച്ചുപൂട്ടിയ ബാറുകൾ, ബിയർ-വൈൻ പാർലറുകളായി മാറ്റപ്പെട്ടിരിക്കുന്നു. സ്ത്രീകളും കുട്ടികളും യുവജനങ്ങളും ഉൾപ്പെടുന്ന പുതിയ ഒരു തലമുറയാണു മദ്യാസക്തിയിലേക്ക് ഇവയിലൂടെ വഴുതി വീഴുന്നത്. 'വീര്യം കുറഞ്ഞ' ഈ അപകടങ്ങൾ നമ്മുടെ നാടിനെ നശിപ്പിക്കും. ചുരുക്കത്തിൽ പുതുതലമുറയെ ആദ്യം വീര്യം കുറഞ്ഞ മദ്യത്തിനും പിന്നീടു കടുത്ത ലഹരികൾക്കും അടിമയാക്കാൻ ബിയർ-വൈൻ പാർലറുകൾക്ക് കഴിയും. ശരിയായ മദ്യനയം രൂപപ്പെടണമെങ്കിൽ താഴെതട്ടിൽനിന്നും മുകൾ തട്ടിൽനിന്നും വ്യക്തമായ തീരുമാനങ്ങൾ ഉണ്ടാകണം; സർക്കാരിന്റെ ഭാഗത്തുനിന്നും മദ്യനിരോധനവും ജനങ്ങളുടെ ഭാഗത്തുനിന്നു മദ്യവർജ്ജനവും.

## സർക്കാർ ആത്മാർത്ഥത തെളിയിക്കണം

മദ്യനിരോധനം എന്ന സർക്കാർ തീരുമാനം വളരെ തിടുക്കത്തിലായിരുന്നു എന്ന് എല്ലാവർക്കും അഭിപ്രായമുണ്ട്. പത്തുവർഷം കൊണ്ട് കേരളത്തെ മദ്യരഹിതമാക്കുമെന്ന പ്രഖ്യാപനത്തിന്റെ പൊരുൾ മനസ്സിലാകത്തക്കവിധം അവതരിപ്പിക്കാൻ ഇനിയും സർക്കാരിനു സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിപോലും വിസ്മയം പ്രകടിപ്പിച്ച ഒരു മാന്ത്രികച്ചെപ്പാണ് ഈ സർക്കാരിന്റെ പുതിയ മദ്യനയം.

സഭയെ സംബന്ധിച്ച് ഇതൊരു സാമൂഹികവിഷയമാണ്, രാഷ്ട്രീയവിഷയമല്ല. മദ്യവർജ്ജനം മതി എന്നുപറയുമ്പോൾ, നാടുമുഴുവൻ മദ്യഷാപ്പുകൾ തുറന്നു പ്രവർത്തിപ്പിച്ചുകൊണ്ട് എങ്ങനെ മദ്യവർജ്ജനം നടപ്പിലാക്കും? സഭയുടെ നിലപാട് വളരെ വ്യക്തമാണ്. മൂന്നുകാര്യങ്ങൾ ഒന്നിച്ചു വരുമ്പോഴാണ് ഇവിടെ മദ്യത്തിന്റെ ഉപയോഗം കുറയുന്നത്; (1) ബോധവത്കരണം (2) മദ്യലഭ്യതയുടെ കുറവ് - മദ്യശാലകളുടെ എണ്ണം കുറയ്ക്കുന്ന നടപടി (3) ലഹരിക്കടിമപ്പെട്ടവരുടെ ചികിത്സയും പുനരധിവാസവും. ഇവ മൂന്നും ഒന്നിച്ചുപോകണം. മദ്യവർജ്ജനം എന്നുപറയുന്നതിൽ തന്നെ മദ്യശാലകൾ കുറയ്ക്കണം, ഇല്ലാതാക്കണം എന്ന ആശയമുണ്ട്. ഒരു കാര്യം മാത്രമേ സഭ മദ്യനയത്തിൽ ആവശ്യപ്പെടുന്നുള്ളൂ. അടുത്ത പത്തുവർഷംകൊണ്ട് കേരളത്തെ മദ്യവിമുക്തമാക്കാനുള്ള കർമ്മപദ്ധതി സർക്കാർ പ്രഖ്യാപിക്കണം. ഇതിനു തയ്യാറാകാത്തിടത്തോളംകാലം സർക്കാർ സംശയത്തിന്റെ മുൾമുനയിലായിരിക്കും.

## നടപ്പിലാക്കേണ്ട പ്രായോഗിക നിർദേശങ്ങൾ

മദ്യപിക്കുന്നവർ പള്ളിയിൽ വരാൻ പാടില്ല എന്നു പറഞ്ഞാൽ തീരാവുന്നതല്ലേ കേരളത്തിന്റെ മദ്യാസക്തി എന്ന് ചോദിക്കുന്ന ചിലരെങ്കിലുമുണ്ട്. വഴിതെറ്റിപ്പോയവരെയും തിരികെ വരാൻ ആഗ്രഹിക്കുന്നവരെയും തുറന്ന മനസ്സോടെ കാത്തിരിക്കുന്ന സ്നേഹാലയമാണ് ഓരോ ക്രൈസ്തവ ദേവാലയവും. മദ്യവ്യാപാരത്തിൽനിന്നും കത്തോലിക്കർ പിൻതിരിയണമെന്നും അത്തരക്കാരിൽ നിന്നും സംഭാവനകൾ സ്വീകരിക്കരുതെന്നുമാണ് 2013 ഫെബ്രുവരി 19-ാം തീയതിയിൽ പ്രകാശനം ചെയ്ത ലഹരി വിമോചനപ്രവർത്തനങ്ങൾക്കുള്ള സഭയുടെ മാർഗ്ഗരേഖയിൽ അനുശാസിക്കുന്നത്. ലഹരിവ്യാപാരികൾ മരണവ്യാപാരികളാണ് എന്നാണ് തിരുസ്സഭയുടെ തലവനായ ഫ്രാൻസിസ് മാർപാപ്പായും പഠിപ്പിക്കുന്നത്.

ജനങ്ങളുടെ ശക്തിയാണു വ്യാജമദ്യം തടയാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം. കുടുംബശ്രീ - ജനശ്രീ - അയൽക്കൂട്ടങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ, മദ്യവിരുദ്ധപ്രസ്ഥാനങ്ങൾ, പ്രാദേശികമായ രാഷ്ട്രീയപ്രസ്ഥാനങ്ങൾ, നേതാക്കൾ, മതസംഘടനകൾ, ക്ലബുകൾ, യുവജനങ്ങൾ... ഇത്തരത്തിലുള്ള കൂട്ടായ്മകളും ജാഗ്രതാസമിതികളും ഉണർന്നു പ്രവർത്തിച്ചാൽ ഇവിടെ വ്യാജമദ്യം ഉണ്ടാവുകയില്ല. ജനത്തിന്റെ ശക്തിയെ മറികടന്നുകൊണ്ട് ഇവിടെ മദ്യം വിൽക്കാനോ ഉപയോഗിക്കാനോ സാധിക്കുകയില്ല.

കേരളത്തിലെ ആനുകാലിക സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് മദ്യമെന്ന സാമൂഹിക തിന്മയ്ക്കെതിരേ പ്രതികരിക്കുവാൻ, ക്രൈസ്തവസമൂഹത്തിന് നടപ്പിലാക്കാൻ സാധിക്കുന്ന ചില പ്രായോഗിക നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഈ വർഷത്തെ മദ്യവിരുദ്ധ ഞായർ രൂപത, ഫെറോന, ഇടവക തലങ്ങളിൽ സമുചിതമായി ആചരിക്കുകയും ലഹരിവിരുദ്ധ പ്രചരണപരിപാടികൾ സംഘടിപ്പിക്കുകയും വേണം.
2) അതാതു രൂപതാ തലങ്ങളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് മദ്യവിരുദ്ധ ഞായർ, ഈ ദിനത്തിന്റെ പ്രാധാന്യം ഗൗരവപൂർവം മനസ്സിലാക്കി ആചരിക്കേണ്ടതാണ്.
3) സഭാതല മദ്യവിരുദ്ധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടർന്നുകൊണ്ടുപോകുന്നതിന്, മദ്യവിരുദ്ധ ഞായറായി ആചരിക്കുന്ന മാർച്ച് 8-ാംതീയതിയിലെ സ്തോത്രകാഴ്ച മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.
4) ഈ ആചരണത്തിന്റെ തുടർനടപടികളുടെ ഭാഗമായി ഇടവകകൾ കേന്ദ്രീകൃതമായി കുട്ടികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്.
5) ഒരു സാമൂഹ്യ തിന്മയായ മദ്യത്തിന്റെ ഉപയോഗത്തിനെതിരേ രംഗത്ത് ഇറങ്ങുവാനും ഈ പ്രവർത്തനങ്ങളിൽ മുൻനിരയിൽ അണിനിരക്കുവാനും ഇടവകയിലെ യുവജനസംഘടനകൾ, പ്രത്യേകിച്ച് കെ.സി.വൈ.എം, പ്രായോഗികമായ കർമ്മ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തണം.
6) നമ്മുടെ ആശുപത്രികൾ കേന്ദ്രീകരിച്ച് മദ്യവിരുദ്ധ സെൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കണം.
7) പുനരധിവാസ കേന്ദ്രങ്ങളുടെയും അവയുടെ പ്രവർത്തനങ്ങളുടെയും നന്മകൾ ജനങ്ങളിലേക്ക് കൂടുതലായി എത്തിക്കുവാൻ നാം പരിശ്രമിക്കണം.

8) ഇടവകതലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളെ ഒന്നിപ്പിച്ചുകൊണ്ട് പ്രാദേശികമായി ഈ വിഷയത്തെ അവലോകനം ചെയ്യുകയും മദ്യവിരുദ്ധ പ്രതിജ്ഞകൾ പൊതുവായി സംഘടിപ്പിക്കുകയും ചെയ്യണം.

9) കുടുംബാംഗങ്ങൾ ഒന്നുചേർന്ന്, ഓരോ കുടുംബവും തങ്ങളുടെ ആഘോഷങ്ങളിൽ മദ്യം ഉപയോഗിക്കുകയില്ലെന്ന പ്രതിജ്ഞ എടുക്കുകയും മദ്യപാനം മൂലം വേദനിക്കുന്ന കുടുംബങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം.

10) മദ്യപാനം മൂലം തകർച്ച നേരിടുന്ന വ്യക്തികളെയും കുടുംബങ്ങളെയും മദ്യവിപത്തിൽ നിന്നും സാമ്പത്തിക-ആത്മീയ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് ഇടവക തലത്തിൽ കർമ്മപരിപാടികൾ നടപ്പിലാക്കുക.

11) മദ്യവ്യാപാരികളായ കത്തോലിക്കാ വിശ്വാസികളെ അതിൽ നിന്നു പിൻതിരിപ്പിക്കാൻ പരിശ്രമിക്കുക. ഇവരിൽ നിന്നും സംഭാവന സ്വീകരിക്കരുത്.

12) സമൂഹത്തിൽ മദ്യവിരുദ്ധ മനോഭാവവും നിലപാടുകളും വളർത്തിക്കൊണ്ടു വരാൻ നേതൃത്വം നല്കുക.

13) മദ്യവ്യാപാരത്തെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ നയങ്ങളെയും നടപടികളെയും വിമർശന ബുദ്ധിയോടെ വിലയിരുത്തുക.

മുകളിൽ സൂചിപ്പിച്ച പ്രായോഗിക നിർദേശങ്ങൾ അവ അർഹിക്കുന്ന ഗൗരവത്തോടെ നടപ്പിലാക്കിക്കൊണ്ട് രൂപതകളിലും ഇടവകകളിലും മദ്യവിരുദ്ധപ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ കഴിയട്ടെ എന്ന് പ്രാർഥിക്കുന്നു.

**ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)
**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)
**ബിഷപ്പ് ജോസഫ് കാരിക്കശ്ശേരി**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

---

**NB:- ഈ സർക്കുലർ 2015 മാർച്ച് മാസം 8-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**



# ഇടയലേഖനം



***Pastoral Letter No. 01/2015***
***Prot. No. 16893/2015***

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ കർത്താവിന്റെ ഉയിർപ്പ് തിരുനാൾ ആചരിക്കുന്നതിന് മുന്നോടിയായിട്ടുള്ള അമ്പത് നോമ്പിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. വലിയ നോമ്പെന്നും ഈ കാലഘട്ടം അറിയപ്പെടുന്നു. അമ്പത് ദിവസം നോമ്പാചരിക്കുന്നതുകൊണ്ട് അമ്പത് നോമ്പെന്നും നോമ്പുകളിൽ ഏറ്റവും ദൈർഘ്യമുള്ളത് ഈ നോമ്പായതുകൊണ്ട് വലിയ നോമ്പെന്നും അറിയപ്പെടുന്നു. നമ്മുടെ ആരാധനാക്രമവർഷത്തിലെ വളരെ പ്രധാനപ്പെട്ട ഘട്ടങ്ങളിലൊന്നാണിത്. കാരണം ഈ നോമ്പിന്റെ അവസാനമാണ് നമ്മുടെ കർത്താവിന്റെ പെസഹാരഹസ്യങ്ങൾ – അതായത് പീഡാസഹനവും കുരിശുമരണവും ഉത്ഥാനവും – നാം ആചരിക്കുന്നത്. അവയാണല്ലോ നമ്മുടെ ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത്.

എന്താണ് നമ്മൾ നോമ്പുകാലത്ത് പ്രത്യേകമായി അനുഷ്ഠിക്കുന്നത്? ഈ കാലഘട്ടത്തിൽ നമ്മൾ കൂടുതലായി പ്രാർത്ഥിക്കുന്നു; പ്രായശ്ചിത്തപ്രവർത്തികൾ ചെയ്യുന്നു; തീർത്ഥാടനങ്ങൾ നടത്തുന്നു. ഇതെല്ലാം എന്തിനു വേണ്ടിയാണ്? ഈ പ്രവർത്തികളിലൂടെ കർത്താവിന്റെ ഉത്ഥാനസന്തോഷത്തിൽ പങ്കുകാരാകാം എന്ന് നമ്മൾ വിശ്വസിക്കുന്നു. മറ്റ് വാക്കുകളിൽ അങ്ങനെ സ്വർഗ്ഗരാജ്യത്തിൽ ദൈവവുമായി ഐക്യപ്പെട്ടിരിക്കുമ്പോൾ ഉണ്ടാകാവുന്ന സന്തോഷവും ആനന്ദവും സമാധാനവും അനുഭവിക്കാം എന്ന് നമ്മൾ വിശ്വസിക്കുന്നു. അത് സത്യം തന്നെയാണ്. സ്വർഗ്ഗീയമായ അനുഭവമാണത്.

ദൈവവും നമ്മളുമായുള്ള ഐക്യത്തിന് അഥവാ അവിടുത്തെ കണ്ടെത്തുന്നതിന് എന്ത് നാം ഏതവസ്ഥയിൽ ആയിരിക്കണം എന്ന് വേദപുസ്തകം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. ഹൃദയശുദ്ധിയുള്ളവർ അനുഗ്രഹീതർ, എന്തെന്നാൽ അവർ ദൈവത്തെ കാണും (മത്തായി 5:8). അതേ ഹൃദയത്തിൽ വിശുദ്ധിയുള്ളവർക്കേ ദൈവവുമായി ഐക്യത്തിൽ ആയിരിക്കാൻ കഴിയുകയുള്ളൂ. പാപം ചെയ്ത ആദത്തിന്റെയും ഹവ്വായുടെയും ദൈവൈക്യത്തിൽ വന്ന മാറ്റങ്ങൾ ഇവിടെ നമ്മൾ ചിന്താവിഷയമാക്കുന്നത് ഉപകാരപ്രദമാകും. തിന്മയുടെ കറ പുരളാതെയാണ് ആദവും ഹവ്വായും സൃഷ്ടിക്കപ്പെട്ടത്. അതുകൊണ്ട് ആ അവസ്ഥയിൽ അവർക്ക് ദൈവത്തോട് കൂടെ ഏദൻ തോട്ടത്തിൽ നടക്കാൻ പോലും കഴിയുമായിരുന്നു എന്ന് വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ആ അവസ്ഥയിൽ അവർ നഗ്നരായിരുന്നെങ്കിലും അവർക്ക് ലജ്ജ തോന്നിയിരുന്നില്ല. എന്നാൽ പാപം ചെയ്ത് അവരുടെ ഹൃദയം അശുദ്ധമായപ്പോൾ അവർക്ക് ദൈവത്തെ കാണുന്നത് ഭയാനകമായ ഒരനുഭവമായി മാറി. ദൈവം വിളിക്കുമ്പോൾ ആദം മരങ്ങൾക്കിടയിൽ ഒളിച്ചിരിക്കുകയാണ്.

എല്ലാ തിന്മയും അശുദ്ധിയും ഉത്ഭവിക്കുന്നത് നമ്മുടെ ഹൃദയത്തിൽ അഥവാ മനസ്സിലാണ്. അവിടെയുള്ള തിന്മയുടെ ചെറിയൊരംശം മാത്രമാണ് വാക്കുകളായും പ്രവൃത്തികളായും പുറത്ത് വരുന്നത്. തിന്മ നിറഞ്ഞിരിക്കുന്ന മനസിലേക്കും ഹൃദയത്തിലേക്കും ദൈവത്തിന് പ്രവേശിക്കാൻ കഴിയുകയില്ല. അത്തരം ഹൃദയത്തിനും മനസിനും ദൈവത്തിങ്കലേക്ക് തിരിയാനും കഴിയില്ല. തൽഫലമായി ദൈവികകൂട്ടായ്മയുടെ അനുഭവമായ യഥാർത്ഥ ആനന്ദവും സംതൃപ്തിയും സമാധാനവുമൊന്നും അനുഭവിക്കാനും കഴിയില്ല.

ഹൃദയത്തെയും മനസിനെയും തിന്മയിൽ നിന്ന് അകറ്റി ദൈവത്തിങ്കലേക്ക് തിരിയ്ക്കാനുള്ള മാർഗ്ഗങ്ങളാണ് പ്രാർത്ഥനയും നോമ്പും ഉപവാസവും തീർത്ഥാടനവും പ്രായശ്ചിത്തപ്രവർത്തികളും എല്ലാം. അതായത് അവ കേവലം മാർഗ്ഗങ്ങൾ മാത്രമാണ്. അവയുടെ ലക്ഷ്യം ഹൃദയത്തിന്റെയും മനസിന്റെയും രൂപാന്തരീകരണമാണ്. അപ്രകാരം രൂപാന്തരീകരണം പ്രാപിച്ച ഹൃദയവും മനസും നമ്മുടെ സ്ഥായിയായ ഒരു ഭാവമായി മാറണം. അതൊരു മനോഭാവമാകണം.

വേദപുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു: *ഉപവാസം, ദാനധർമ്മം, നീതി എന്നിവയോടുകൂടിയാകുമ്പോൾ പ്രാർത്ഥന നല്ലതാണ്. നീതിയോട് കൂടിയ അല്പമാണ് അനീതിയോട് കൂടിയ അധികത്തേക്കാൾ അഭികാമ്യം.... പരോപകാരവും നീതിയും പ്രവർത്തിക്കുന്നവർ ജീവിതത്തിന്റെ പൂർണ്ണത ആസ്വദിക്കും (തോബിത്ത് 12:8-9).* പ്രാർത്ഥന യഥാർത്ഥ പ്രാർത്ഥനയായിത്തീരുന്നത് അവയോടൊപ്പം

പ്രവർത്തിയും കൂടി ഉണ്ടാകുമ്പോഴാണ്. അതുപോലെതന്നെ നോമ്പ് യഥാർത്ഥ നോമ്പാകുന്നത് അതിനനുസരിച്ചുള്ള പ്രവർത്തികൂടെ ചേരുമ്പോഴാണ്. നാം നോമ്പ് കാലത്ത് എന്തുമാത്രം പ്രാർത്ഥിച്ചു അല്ലെങ്കിൽ എത്ര പ്രായശ്ചിത്ത പ്രവർത്തികൾ ചെയ്തു എന്നതല്ല പ്രധാനം; പ്രത്യുത അവ ഏത് മനോഭാവത്തോടെ ചെയ്തു എന്നതാണ്.

ഉപവാസം എങ്ങനെയായിരിക്കണം എന്ന് വി. മത്തായിയുടെ സുവിശേഷത്തിൽ നാം വായിക്കുന്നു: *നിങ്ങൾ ഉപവസിക്കുമ്പോൾ കപട നാട്യക്കാരേപ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നു എന്ന് അന്യരെ കാണിക്കാൻ വേണ്ടി അവർ മുഖം വികൃതമാക്കുന്നു. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. അവർക്ക് പ്രതിഫലം ലഭിച്ചു കഴിഞ്ഞു. എന്നാൽ നീ ഉപവസിക്കുന്നത് അദൃശ്യനായ പിതാവല്ലാതെ മറ്റാരും കാണാതിരിക്കുന്നതിന് ശിരസ്സിൽ തൈലം പുരട്ടുകയും മുഖം കഴുകുകയും ചെയ്യുക. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്ക് പ്രതിഫലം നൽകും (മത്തായി 6:16-18).* നമ്മുടെ നോമ്പുകാലാനുഷ്ഠാനങ്ങൾ ഇങ്ങനെയായിരിക്കണമെന്ന് സാരം. കേവലം ബാഹ്യമായ ഒരു ഉപവാസം നമുക്ക് ഒന്നും നേടിത്തരുന്നില്ല.

ഉപവാസത്തെപ്പറ്റി ഏശയ്യാ പ്രവാചകന്റെ വാക്കുകൾ നമുക്ക് ശ്രവിക്കാം: *എന്നാൽ ഉപവസിക്കുമ്പോൾ നിങ്ങൾ സ്വന്തം സുഖമാണ് തേടുന്നത്: നിങ്ങളുടെ വേലക്കാരെ നിങ്ങൾ പീഢിപ്പിക്കുന്നു. കലഹിക്കുന്നതിനും ശണ്ഠകൂടുന്നതിനും ക്രൂരമായി മുഷ്ടികൊണ്ട് ഇടിക്കുന്നതിനും മാത്രമാണ് നിങ്ങൾ ഉപവസിക്കുന്നത്. നിങ്ങളുടെ സ്വരം ഉന്നതത്തിൽ എത്താൻ ഇത്തരം ഉപവാസം ഉപകരിക്കുകയില്ല (ഏശയ്യ 58:3-4).* തെറ്റായ മനോഭാവത്തോടെയുള്ള ഉപവാസം ഉദ്ദേശിക്കുന്ന ഫലം നൽകുകയില്ല. എന്നുതന്നെയല്ല ഉപവാസം തന്നെ മറ്റുള്ളവർക്ക് പീഢനമായി മാറും എന്ന് പ്രവാചകനിലൂടെ ദൈവം നമ്മെ ഓർമ്മപ്പെടുത്തുന്നു. ഉപവാസത്തിലൂടെ അനീതിയെ ഇല്ലായ്മ ചെയ്യാനുള്ള മനസ്സും ശക്തിയും നേടുമ്പോഴാണ് ഉപവാസം ഉപവാസമായിത്തീരുന്നത്. കൈക്കൂലി വാങ്ങുന്നവരും, അഴിമതി നടത്തുന്നവരും കൈക്കൂലി കൊടുക്കാത്തവരെയും അഴിമതിക്കു കൂട്ടുനിൽക്കാത്തവരെയും പീഢിപ്പിക്കുന്നവരും അക്രമത്തിലൂടെയും വഞ്ചനയിലൂടെയും മറ്റും ലാഭമുണ്ടാക്കുന്നവരും എന്നാൽ അനുഷ്ഠാനങ്ങളിൽ കുറവ് വരുത്താത്തവരും ആയവരെ ചിന്തിപ്പിക്കേണ്ടതാണ് ഈ പ്രവാചകവചനങ്ങൾ.


ഈ വർഷം മാനന്തവാടി രൂപതയിൽ ലഹരിവിമുക്ത വർഷമായി ആചരിക്കുകയായിരുന്നു. ധാരാളം സദ്ഫലങ്ങൾ ഇതിലൂടെ ഉണ്ടായി എന്നത് നിസ്സംശയമാണ്. അനേകം പേർ ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് പിന്മാറി. അതിലൂടെ അനേകം കുടുംബങ്ങളിൽ

ശാന്തിയും സമാധാനവും ലഭിയ്ക്കാൻ ഇടയായി. അതുപോലെ തന്നെ മദ്യപാനം മാന്യതയുടെ അടയാളമല്ലെന്നും അത് അപമാനകരവും അനാരോഗ്യകരവും അസമാധാനവും അസന്തുഷ്ടിയും എല്ലാറ്റിലു മുപരി ആത്മനാശം വരുത്തുന്നതുമായ ഒരു കാര്യമാണെന്ന ബോധ്യം എല്ലാവരിലും വളരുവാൻ ഇടവന്നു എന്നു ഞാൻ പ്രത്യാശിക്കുന്നു. ലഹരിവിമുക്ത വർഷാചരണം 2015 മാർച്ച് 1 ന് ഔദ്യോഗികമായി സമാ പിച്ചെങ്കിലും നമ്മുടെ രൂപതയിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി യുടെ നേതൃത്വത്തിൽ തുടർപ്രവർത്തനങ്ങൾ ഫൊറോന, ഇടവക, വാർഡ് തലങ്ങളിൽ സജീവമായി തുടരണം എന്നതാണ് എന്റെ ആഗ്രഹം.

നമ്മുടെ ആഘോഷങ്ങൾ എല്ലാം ലഹരിവിമുക്തമായിരിക്കട്ടെ. വലിയ നോമ്പിന്റെ അവസാനം വരുന്ന ഈസ്റ്റർ ആഘോഷവും ലഹരി വിമുക്തമായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ലഹരിയിൽ സന്തോഷം കണ്ടെത്താൻ പരിശ്രമിക്കുന്നവർ കർത്താവിന്റെ ഉയിർപ്പിൽ അത് കണ്ടെത്താൻ സാധിക്കാത്തവരാണ് എന്നതും വസ്തുത തന്നെ യാണ്. ക്രിസ്ത്യാനികൾക്ക് ഈ ദുരവസ്ഥ ഉണ്ടാകുന്നത് ഏറെ ലജ്ജാ കരമാണ്.

പാപജീവിതം ഉപേക്ഷിച്ച് ദൈവത്തിങ്കലേക്ക് തിരിയാനുള്ള അവ സരമായി ഈ നോമ്പുകാലം മാറട്ടെയെന്ന് ഞാൻ ആത്മാർത്ഥമായി ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ നോമ്പുകാലത്തിന്റെ അവസാനം ആഘോഷിക്കപ്പെടുന്ന ഉയിർപ്പുതിരു നാളിന്റെ മംഗളങ്ങൾ നിങ്ങൾക്കെല്ലാവർക്കും മുൻകൂട്ടി നേരുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2015 ഫെബ്രുവരി മാസം 20 നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2015 മാർച്ച് മാസം 15-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# സർക്കുലർ

***Circular Letter No. 02/2015***
***Prot. No. 16894/2015***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ രൂപതയിലെ നിർദ്ധനരായ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഒരു സഹായനിധി പ്രവർത്തിക്കുന്ന വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. പ്രധാനമായും എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിൽ മലയാളം മീഡിയം സ്കൂളുകളിൽ പഠിക്കുന്ന നിർദ്ധനരും എന്നാൽ മിടുക്കരുമായ കുട്ടികൾക്ക് വർഷം 1000 രൂപാ വെച്ച് കൊടുക്കുന്ന ഒരു പദ്ധതിയാണിത്. അതാത് ഇടവകകളിൽ നിന്ന് ശുപാർശ ചെയ്യുന്നവർക്കാണ് സഹായം നൽകുന്നത്. പണം വിതരണം ചെയ്യുന്നതും ഇടവകകൾ വഴി തന്നെയാണ്. അതുപോലെ കിട്ടിയ പണം ശരിയാംവണ്ണം ഉപയോഗിച്ചു എന്ന് ഉറപ്പ് വരുത്തുന്നതും ഇടവകയിൽ നിന്ന് തന്നെയാണ്.

കഴിഞ്ഞ പത്ത് വർഷങ്ങളായി ഓരോ വർഷവും അഞ്ഞൂറിനും അറുന്നൂറിനും ഇടയിൽ കുട്ടികൾക്ക് ഇങ്ങനെ സഹായം നൽകിവരുന്നു. കൂടാതെ ഏതാനും കുട്ടികൾക്ക് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിയ്ക്കാനുള്ള സഹായവും നൽകി വരുന്നു. ഇതിനും പുറമേ പന്ത്രണ്ടാം ക്ലാസ്സ് പാസായ ഏതാനും കുട്ടികൾക്ക് താമരശ്ശേരി രൂപതയുടെ കീഴിൽ കോഴിക്കോട് പ്രവർത്തിക്കുന്ന സ്റ്റാർട്ട് എന്ന സ്ഥാപനത്തിൽ ഉപരി വിദ്യാഭ്യാസത്തിനുള്ള ഭാഗികമായ സഹായവും നൽകി വരുന്നു. വളരെ അർഹിക്കുന്ന മറ്റ് ചിലർക്കും ഉപരി വിദ്യാഭ്യാസത്തിന് ഈ നിധിയിൽ നിന്ന് സഹായം കൊടുത്തിട്ടുണ്ട്. എങ്കിലും പ്രധാനമായും ഇത് സ്കൂൾ കുട്ടികളെ ഉദ്ദേശിച്ച് രൂപീകരിച്ചിരിക്കുന്ന സഹായനിധിയാണ്.

2014-ൽ ആകെ 20,91,934 (ഇരുപത്ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി തൊള്ളായിരത്തിമുപ്പത്തിനാല് ) രൂപയാണ് പല സ്രോതസ്സുകളിൽ നിന്ന് സംഭാവനയായി വിദ്യാഭ്യാസനിധിയിലേയ്ക്ക്

ലഭിച്ചത്. അതിൽ 19,90,452 (പത്തൊമ്പത് ലക്ഷത്തി തൊണ്ണൂറായിരത്തി നാനൂറ്റി അമ്പത്തിരണ്ട്) രൂപ എല്ലാ വിഭാഗക്കാർക്കുമായി വിതരണം ചെയ്യുകയും ചെയ്തു. ആകെ സഹായം ലഭിച്ച കുട്ടികളുടെ എണ്ണം മലയാളം മീഡിയം 498, ഇംഗ്ലീഷ് മീഡിയം 99, സ്റ്റാർട്ട് 18, മറ്റുള്ളവർ 7 എന്നിങ്ങനെയാണ്.

രൂപതാ കേന്ദ്രത്തിൽ നിന്ന് നേരിട്ട് കൊടുക്കുന്നതിന് പുറമേ രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന സമർപ്പിതസഹോദരിമാരും കുട്ടികൾക്ക് സഹായം ലഭ്യമാക്കുന്നുണ്ട്. ഇക്കഴിഞ്ഞവർഷം 330 കുട്ടികൾക്ക് ഇത്തരത്തിൽ സഹായം ലഭിച്ചിട്ടുണ്ട്. സമർപ്പിതസഹോദരിമാരുടെ സമൂഹങ്ങൾ പരസ്പരം സഹകരിച്ചാണ് ഈ തുക അവർ കണ്ടെത്തുന്നത്. അവരുടെ സഹായവും ഇടവകകൾ വഴിയാണ് വിതരണം ചെയ്യുന്നത്.

പല സ്രോതസ്സുകളിൽ നിന്നാണ് ഈ നിധിയിലേയ്ക്ക് സംഭാവനകൾ കിട്ടുന്നത് എന്ന് സൂചിപ്പിച്ചല്ലോ. വർഷം തോറും ഇടവകകളിൽ നിന്ന് എടുക്കുന്ന ഒരു സ്തോത്രകാഴ്ചയാണ് ഒരു പ്രധാന സ്രോതസ്സ്. ഇത് കൂടാതെ ഇടവകകളും വ്യക്തികളും സംഭാവനകൾ നൽകുന്നുണ്ട്. പല ഇടവകകളിലും ആദ്യകുർബാന പോലെയുള്ള ചടങ്ങുകൾ നടക്കുന്ന അവസരത്തിൽ കുട്ടികൾ സമാഹരിക്കുന്ന തുകകളും ഇതിലേയ്ക്ക് സംഭാവന തരാറുണ്ട്. അതോടൊപ്പം ഇടവകകളിലെ തിരുനാൾ ബഡ്ജറ്റിന്റെ അഞ്ച് ശതമാനം ഈ ആവശ്യത്തിലേയ്ക്ക് തരുന്ന നല്ല പതിവും ഉണ്ട്.

ഇതുവരെയും വിദ്യാഭ്യാസനിധിയിലേയ്ക്ക് സംഭാവനകൾ നൽകി സഹായിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും പ്രത്യേകിച്ച് അതിനുവേണ്ടി മുൻകൈയെടുത്ത എല്ലാ ബഹുമാനപ്പെട്ട വൈദികർക്കും സമർപ്പിതർക്കും ഹൃദയപൂർവ്വം നന്ദി പറയുകയും അവരെ ദൈവസമക്ഷം സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു. അവരുടെ ത്യാഗത്തിന് കർത്താവ് തന്നെ പ്രതിഫലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അതോടൊപ്പം ഈ മഹത്തായ സംരംഭത്തിൽ പങ്ക് ചേരാൻ എല്ലാവരേയും പ്രത്യേകിച്ച് ഇടവകകളെ ക്ഷണിക്കുകയും ചെയ്യുന്നു.

2015 ലേയ്ക്കുള്ള അപേക്ഷകൾ സെക്രട്ടറി, എഡ്യൂക്കേഷൻ ഫണ്ട്, ബിഷപ്പ്സ് ഹൗസ്, മാനന്തവാടി 670 645 എന്ന വിലാസത്തിൽ ബഹു. വികാരിയച്ചന്മാർ 2015 ഏപ്രിൽ 10 ന് മുമ്പായി അയച്ച് കൊടുക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് കൂടിയത് അഞ്ച് അപേക്ഷക

ളാണ് സ്വീകരിക്കുന്നത്. കുട്ടികളുടെ പേര്, വീട്ടുപേര്, ക്ലാസ്സ് തുടങ്ങിയ വിവരങ്ങൾ രൂപതാ കേന്ദ്രത്തിൽ നിന്നും അയച്ചുതരുന്ന ഫോമിൽ രേഖപ്പെടുത്തിയാണ് നൽകേണ്ടത്. 8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിയ്ക്കുന്ന നിർദ്ധനരും എന്നാൽ മിടുക്കരുമായ കുട്ടികളെയാണ് തെരഞ്ഞെടുക്കേണ്ടത്. കഴിഞ്ഞ വർഷങ്ങളിൽ സഹായം ലഭിച്ചവർക്കും അപേക്ഷിക്കാവുന്നതാണ്. ഇവിടെ ലഭ്യമാകുന്ന തുകയ്ക്ക് അനുസരിച്ച് മാത്രമേ വിതരണം ചെയ്യാൻ കഴിയുകയുള്ളൂ എന്ന് പറയേണ്ടതില്ലല്ലോ.

ഈ വർഷം മാർച്ച് 22 ന് ഞായറാഴ്ചയാണ് വിദ്യാഭ്യാസനിധിയിലേക്കുള്ള സംഭാവനകൾ സമാഹരിക്കേണ്ടത്. ബഹുമാനപ്പെട്ട വികാരിച്ചന്മാർ ഇക്കാര്യം മുൻകൂട്ടി പള്ളികളിൽ അറിയിക്കുകയും ആ ദിവസം ലഭിക്കുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ച് തരുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. നിങ്ങൾ ഏവരുടെയും ഉദാരമായ സംഭാവനകൾ ഞാൻ പ്രതീക്ഷിക്കുന്നു. ഏവർക്കും മുൻകൂട്ടി നന്ദി പറയുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളോടുകൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2015 ഫെബ്രുവരി മാസം 20 ന് നൽകപ്പെട്ടത്

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2015 മാർച്ച് മാസം 15-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

Prot. No. 0322/2015

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

എന്റെ മിഷൻ യാത്രകളെക്കുറിച്ച് നിങ്ങൾക്ക് എഴുതുന്നത് നന്നായിരിക്കുമെന്ന് കരുതുന്നു. ഇതിനു മുൻപ് ചില റിപ്പോർട്ടുകൾ നല്കുക മാത്രമാണു ചെയ്തിരുന്നത്. ഇനിമുതൽ എന്റെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും കൂടി അറിയിക്കാമെന്നു കരുതുകയാണ്.

ഈ ഫെബ്രുവരി 6,7,8 തീയതികളിൽ കല്യാൺ രൂപതയിലെ സാൻഗ്ലി മിഷൻ സന്ദർശിക്കാൻ പോയിരുന്നു. മിഷണറി സൊസൈറ്റി ഓഫ് സെന്റ് തോമസ് ദ അപ്പോസൽ (MST) എന്ന വൈദിക സമൂഹമാണ് സാൻഗ്ലിയിലെ മിഷൻ പ്രവർത്തനം ഏറ്റെടുത്തിരിക്കുന്നത്. കല്യാൺ രൂപത സ്ഥാപിതമായ ശേഷം ബിഷപ് പോൾ ചിറ്റിലപ്പിള്ളിയുടെ അനുവാദത്തോടെ 1990-ൽ എം.എസ്.റ്റി. വൈദികർ സിന്ധുദുർഗ്, രത്നഗിരി, കോലാപ്പൂർ, സാൻഗ്ലി എന്നീ നാലു ജില്ലകളിൽ പ്രേഷിതപ്രവർത്തനമാരംഭിച്ചു. മിഷന്റെ രജത ജൂബിലിയോടനുബന്ധിച്ചായിരുന്നു എന്റെ സന്ദർശനം. മിഷന്റെ റീജണൽ ഡയറക്ടർ ജോസ് ചെറിയമ്പനാട്ടച്ചന്റെ ക്ഷണപ്രകാരമാണ് ഞാൻ പോയത്.

ജൂബിലി ആഘോഷത്തിലെ പ്രധാനസംഭവങ്ങൾ തദ്ദേശീയരായ മറാത്തികൾക്കു വേണ്ടി കൊടോലി എന്ന സ്ഥലത്ത് പുതിയതായി നിർമ്മിച്ച വി.യൗസേപ്പിന്റെ നാമധേയത്തിലുള്ള ദൈവാലയത്തിന്റെ കൂദാശയും മിഷനിലെ സകല പ്രേഷിതരോടും ചേർന്നുള്ള വി. കുർബാനയും മിഷണറി മീറ്റും പൊതുസമ്മേളനവുമായിരുന്നു. ഇതു കൂടാതെ സാൻഗ്ലിയിലെ പ്രഥമ മിഷൻകേന്ദ്രമായ മീറജിൽ സ്ഥാപിതമായ അൽഫോൻസാ സ്കൂളിന്റെ രജതജൂബിലിയാഘോഷങ്ങളുടെ ഉദ്ഘാടനവും നടത്തപ്പെട്ടു. ഇവയിൽ കല്യാൺ മെത്രാൻ മാർ തോമസ് ഇലവനാലും, ഉജ്ജൈൻ മെത്രാൻ മാർ സെബാസ്റ്റ്യൻ വടക്കേലും, എം.എസ്.റ്റി. ഡയറക്ടർ ജനറൽ കുര്യൻ അമ്മനത്തുകുന്നേലച്ചനും, സാൻഗ്ലി മിഷന്റെ ആരംഭകാലത്ത് ഡയറക്ടർ ജനറലായിരുന്ന മംഗലപ്പുഴ സെമിനാരിയിൽ എന്റെ ഗുരുഭൂതൻകൂടി ആയ സെബാസ്റ്റ്യൻ തുരുത്തേലച്ചനും സംബന്ധിച്ചിരുന്നു.

സാൻഗ്ലിയിൽ എന്നെ ഏറ്റവും സ്പർശിച്ചത് നമ്മുടെ എം.എസ്.റ്റി. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അല്മായ ശുശ്രൂഷകരുടെയും പ്രേഷിത തീക്ഷ്ണതയാണ്. ഇപ്പോൾ 40 വൈദികരും 57 സിസ്റ്റേഴ്സും സാൻഗ്ലിയിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാവരും ഒരേ മനസ്സോടും ഒരേ ഹൃദയത്തോടും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നു. അച്ചന്മാരുടെ പ്രവർത്തനങ്ങൾക്കു സഹകാരികളെന്നോണം സിസ്റ്റേഴ്സ് ചെയ്യുന്ന സേവനങ്ങൾ ഏറെ ശ്ലാഘനീയമാണ്. ഇതിനകം വികസിച്ച 36 മിഷൻ കേന്ദ്രങ്ങൾ സാൻഗ്ലിയിലുണ്ട്. എട്ടു ദൈവാലയങ്ങൾ പണിതിട്ടുണ്ട്. പ്രവാസികളും അവിടെ വിശ്വാസം സ്വീകരിച്ചവരുമായി 2000 കത്തോലിക്കർ സാൻഗ്ലി മിഷനിലുണ്ട്. ധൈര്യപൂർവ്വം കർത്താവിന്റെ സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്ന ചെറിയ ഒരു അജഗണം.

നമ്മുടെ സഭയിലെ ഏറ്റവും നല്ല മിഷണറിമാരുടെ ഒരു സമൂഹത്തെയാണ് ഞാൻ സാൻഗ്ലിയിൽ കണ്ടത്. ഇതിനുമുൻപു പ്രവർത്തിച്ചവരിൽ പലരും അവരുടെ മേജർ സുപ്പീരിയേഴ്സുമൊക്കെ ജൂബിലിയിൽ സംബന്ധിക്കാനെത്തിയിരുന്നു. ആദ്യ മിഷണറിമാർ നേരിട്ട എതിർപ്പുകളും ക്ലേശങ്ങളും അവർക്കുണ്ടായ ദാരിദ്ര്യാനുഭവങ്ങളും ദുഃഖങ്ങളും വേദനകളും അവരിൽ ചിലർ പങ്കുവച്ചപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞുപോയി. ഭിന്നശേഷിയുള്ള വികലാംഗർ, മാനസിക വളർച്ച കുറഞ്ഞവർ, മാനസിക രോഗികൾ, എയ്ഡ്സ് ബാധിതർ, എയ്ഡ്സ് ബാധിതരുടെ ഉപേക്ഷിക്കപ്പെട്ട കുട്ടികൾ, വൃദ്ധർ ഇങ്ങനെ പരാധീനതകളിൽപ്പെട്ടവരുടെ സംരക്ഷണമാണ് സാൻഗ്ലി മിഷന്റെ മുഖമുദ്ര. അവിടുത്തെ പ്രേഷിതർ ക്രിസ്തുവിന്റെ കാരുണ്യം ജാതിമത വ്യത്യാസമില്ലാതെ ആയിരക്കണക്കിന് ദൈവമക്കൾക്ക് എത്തിച്ചു കൊടുക്കുന്നവരാണ്. ഈവക പ്രോജക്റ്റുകളെ സഹായിക്കുന്ന ഹോളിസ്റ്റിക് ചൈൽഡ് ഡെവലപ്മെന്റ് ഓഫ് ഇന്ത്യ എന്ന ഏജൻസി അവർ ഇന്ത്യയിൽ സഹായിക്കുന്നവയിൽ ഏറ്റവും നല്ല പ്രോജക്റ്റ് സാൻഗ്ലിയിൽ എം.എസ്.റ്റി.യുടേതാണെന്ന് പൊതുസമ്മേളനത്തിൽ അറിയിച്ചു.

ജൂബിലിയോടനുബന്ധിച്ച് ആറു വീടുകൾ സാധുജനങ്ങൾക്ക് നിർമ്മിച്ച് നൽകി. ഒരു കാൻസർ സെന്ററിനും അടിത്തറയിട്ടു. അതിന്റെ ഉപയോഗത്തിന് വാങ്ങിയ മൊബൈൽ വാൻ ആശീർവദിക്കുകയും ചെയ്തു.കൃഷിയും ആടുമാടുകൾ വളർത്തലും സാൻഗ്ലി മിഷന്റെ ഉപജീവനമാർഗ്ഗമാണ്. മണ്ണിൽ അദ്ധ്വാനിച്ചുകിട്ടുന്ന വിഭവങ്ങളാണ് അവർ ഭക്ഷിക്കുന്നത്. പ്രകൃതിയോടിണങ്ങിയ പ്രേഷിതജീവിതം! സ്ക്കൂളുകളിലൂടെയുള്ള വിദ്യാഭ്യാസവും പലവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും സാൻഗ്ലി മിഷനിൽ മുന്നേറുന്നുണ്ട്. എട്ടു സെക്കന്ററി സ്ക്കൂളുകളും ഒരു ഹയർ സെക്കന്ററി സ്ക്കൂളും സാൻഗ്ലിയിലുണ്ട്. ഇതരസഭകളോടും മതങ്ങളോടുമുള്ള സൗഹാർദതയും സഹകരണവും സാൻഗ്ലി മിഷനിൽ സർവത്ര ദൃശ്യമാണ്. ഇതു വ്യക്തമാക്കുന്നതായിരുന്നു ജൂബിലി സമ്മേളനത്തിലെ പ്രസംഗക രുടെയും ജനങ്ങളുടെയും പങ്കാളിത്തം. സീറോ-മലബാർ സഭയുടെ മുഖം പ്രകാശിതമാക്കുന്ന ആരാധനക്രമ ശൈലിയും പ്രാർത്ഥനാ ചൈതന്യവും സഭാകൂട്ടായ്മയും സാൻഗ്ലിയിലെ ഇടവകകളിലും മിഷൻ രംഗങ്ങളിലും കാണാൻ കഴിഞ്ഞു. സഭാമക്കൾക്കു പ്രചോദനം നല്കുന്ന സുവിശേഷവത്ക്കരണ ശൈലിയാണ് എം.എസ്.റ്റി. സമൂഹം സാൻഗ്ലിയിൽ അനുവർത്തിച്ചു വരുന്നത്.

സാൻഗ്ലിയിലെ പ്രേഷിതരേ, നിങ്ങൾക്കു സഭയുടെ പേരിൽ അഭിവാദനങ്ങൾ! കാരുണ്യവാനായ കർത്താവ് നിങ്ങളെയും ഈ കത്തു വായിക്കുകയോ ശ്രവിക്കുകയോ ചെയ്യുന്ന സഭാമക്കളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

മൗണ്ട് സെന്റ് തോമസ്, കാക്കനാട്
09/02/2015

---

**NB:- ഈ സർക്കുലർ പള്ളികളിൽ വായിക്കാൻ ഉദ്ദേശിച്ചുള്ളതല്ല.**

# ഫ്രാൻസിസ് പാപ്പായുടെ
# നോമ്പുകാലസന്ദേശം – 2015

*നിങ്ങൾ ദൃഢചിത്തരായിരിക്കുവിൻ (യാക്കോ. 5:8)*

**പ്രിയ സഹോദരീ സഹോദരന്മാരേ,**

നോമ്പുകാലം മുഴുവൻ സഭയുടെയും നവീകരണകാലമാണ്, ഓരോ സമൂഹത്തിന്റെയും ഓരോ വിശ്വാസിയുടെയും നവീകരണകാലം. സർവ്വോപരി അത് "കൃപാവരത്തിന്റെ കാലമാണ്" (2കോറി 6:2). ദൈവം ആദ്യം നമുക്കു നല്കാത്തതൊന്ന് നമ്മിൽനിന്ന് ആവശ്യപ്പെടുന്നില്ല. "അവിടുന്ന് ആദ്യം നമ്മെ സ്നേഹിച്ചു. അതുകൊണ്ട് നാം അവിടുത്തെ സ്നേഹിക്കുന്നു" (1യോഹ 4:19). അവിടുന്ന് നമ്മിൽ നിന്ന് അകന്നു നില്ക്കുന്നില്ല. അവിടുത്തെ ഹൃദയത്തിൽ നമുക്ക് ഓരോരുത്തർക്കും സ്ഥാനമുണ്ട്. അവിടുന്ന് നമ്മുടെ പേര് അറിയുന്നു. അവിടുന്ന് നമ്മെ കാത്തുസൂക്ഷിക്കുന്നു. നാം അവിടുന്നിൽ നിന്ന് അകന്നുപോകുമ്പോൾ അന്വേഷിച്ചുവരുന്നു. നമ്മിൽ ഓരോ വ്യക്തിയെ സംബന്ധിച്ചും അവിടു ത്തേക്കു താത്പര്യമുണ്ട്. നമുക്കു സംഭവിക്കുന്നതിനെ സംബന്ധിച്ച് നിസ്സംഗതപുലർത്താൻ അവിടുത്തെ സ്നേഹം അവിടുത്തെ അനുവദി ക്കുന്നില്ല. സാധാരണമായി, നമ്മൾ ആരോഗ്യവും സ്വസ്ഥതയുമുള്ള വരായിരിക്കുമ്പോൾ മറ്റുള്ളവരെ മറക്കുന്നു (പിതാവായ ദൈവം ഒരിക്കലും ചെയ്യാത്ത കാര്യമാണത്). അവരുടെ പ്രശ്നങ്ങളിലും സഹനങ്ങളിലും അവർ അനുഭവിക്കുന്ന അനീതികളിലും നമുക്കു താത്പര്യമില്ലാതാകുന്നു. നമ്മുടെ ഹൃദയം തണുത്തതായിത്തീരുന്നു. എനിക്ക് ആരോഗ്യവും സ്വസ്ഥതയും ഉള്ളപ്പോൾ മറ്റുള്ളവരുടെ ഇല്ലായ്മകളെപ്പറ്റി ഞാൻ ചിന്തിക്കുന്നില്ല. ഇന്ന് നിസ്സംഗതയുടെ ഈ സ്വാർത്ഥത ആഗോളവ്യാപകമായിട്ടുണ്ട്. നിസ്സംഗതയുടെ ആഗോളവത്കരണമെന്നു നമുക്കു പറയാൻ തക്കവിധം അത് വ്യാപിച്ചിരിക്കുകയാണ്. ക്രൈസ്തവരെന്ന നിലയിൽ നാം നേരിടേണ്ട പ്രശ്നമാണിത്.

ദൈവജനം ദൈവത്തിലേക്കു തിരിയുമ്പോൾ, ചരിത്രം നിരന്തരം ഉയർത്തുന്ന ചോദ്യങ്ങൾക്കു ഉത്തരം നല്കാൻ അവർക്കു കഴിയും. ഈ സന്ദേശത്തിൽ ഞാൻ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നത് ഏറ്റവും അടിയന്തിരസ്വഭാവമുള്ള നിസ്സംഗതയുടെ ആഗോളവത്കരണമെന്ന വെല്ലുവിളിയാണ്.

അയൽക്കാരനോടും ദൈവത്തോടും നിസ്സംഗത പുലർത്തുകയെന്നത് ക്രിസ്ത്യാനികൾക്കും ഒരു യഥാർത്ഥ പ്രലോഭനമാണ്. വിളിച്ചുപറയുകയും നമ്മുടെ മനഃസ്സാക്ഷിയെ അസ്വസ്ഥതപ്പെടുത്തുകയും ചെയ്യുന്ന

പ്രവാചകരുടെ ശബ്ദം ഓരോ വർഷവും നോമ്പുകാലത്ത് നാം വീണ്ടും കേൾക്കണം.

ദൈവം നമ്മുടെ ലോകത്തെ സംബന്ധിച്ച് നിസ്സംഗത പുലർത്തുന്നില്ല. തന്റെ പുത്രനെ നമ്മുടെ രക്ഷയ്ക്കായി നല്കത്തക്ക വിധത്തിൽ അവിടുന്ന് ലോകത്തെ സ്നേഹിച്ചു. ദൈവപുത്രന്റെ മനുഷ്യാവതാരത്തിലും ഭൗമികജീവിതത്തിലും മരണത്തിലും ഉത്ഥാനത്തിലും ദൈവത്തിനും മനുഷ്യനുമിടയ്ക്കുള്ള, സ്വർഗത്തിനും ഭൂമിക്കും ഇടയ്ക്കുള്ള കവാടം എന്നേക്കുമായി തുറക്കപ്പെടുന്നു. ഈ കവാടം തുറന്നു പിടിച്ചിരിക്കുന്ന കൈപോലെയാണുസഭ. അവളുടെ ദൈവവചന പ്രഘോഷണവും കൂദാശകളുടെ ആഘോഷവും സ്നേഹത്തിലൂടെ പ്രവർത്തിക്കുന്ന അവളുടെ വിശ്വാസസാക്ഷ്യവും മൂലം (cf.ഗല.5:6) അപ്രകാരമായിരിക്കുന്നു. എന്നാൽ, ലോകം തന്നിലേക്കുതന്നെ ചുരുങ്ങാനുള്ള പ്രവണത കാണിക്കുന്നു. ദൈവം ലോകത്തിലേക്കു കടക്കുന്നതായ കവാടം അടയ്ക്കുകയും ചെയ്യുന്നു. അതുകൊണ്ട് സഭയാകുന്ന കരം നിരസിക്കപ്പെടുകയോ ഞെരുക്കപ്പെടുകയോ മുറിവേല്പിക്കപ്പെടുകയോ ചെയ്യുമ്പോൾ സഭ ഒരിക്കലും വിസ്മയിക്കേണ്ടതില്ല.

അപ്പോൾ ദൈവജനത്തിന് ഈ ആന്തരിക നവീകരണം ആവശ്യമാണ്. നമ്മൾ നിസ്സംഗരും നമ്മിലേക്കുതന്നെ ചുരുങ്ങുന്നവരു മാകാതിരിക്കാൻ വേണ്ടിയാണത്. ഈ നവീകരണത്തെ വികസിപ്പിക്കാൻ നമ്മുടെ വിചിന്തനത്തിനായി മൂന്നു ബൈബിൾ പാഠങ്ങൾ നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. "ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു" (1 കോറി. 12:26).

നിസ്സംഗതയെന്ന നമ്മിലേക്കു തന്നെയുള്ള നാശകരമായ പിന്തിരിയലിലേയ്ക്ക് ദൈവസ്നേഹം കടന്നുവരുന്നു. സഭ ഈ ദൈവസ്നേഹത്തെ പ്രബോധനം വഴിയും പ്രത്യേകിച്ച് സാക്ഷ്യം വഴിയും നമുക്കു നല്കുന്നു. എന്നാൽ നാം അനുഭവിച്ചതിനു സാക്ഷ്യം നല്കാനേ നമുക്കു കഴിയുകയുള്ളൂ. ദൈവം ക്രിസ്തുവിനോടൊപ്പം നന്മയും കാരുണ്യവും അണിയിച്ചവരാണു ക്രൈസ്തവർ. ക്രിസ്തുവിനെപ്പോലെ ദൈവത്തിന്റെയും മറ്റുള്ളവരുടെയും ദാസരാകാൻ വേണ്ടിയാണത്. ഈ വസ്തുത പെസഹാ വ്യാഴാഴ്ചയിലെ ലിറ്റർജിയിൽ കാണാം. കാൽകഴുകൽ എന്ന അനുഷ്ഠാനം അതോടൊപ്പമുണ്ട്. യേശു തന്റെ കാലുകഴുകണമെന്ന് പത്രോസ് ആഗ്രഹിച്ചില്ല. എന്നാൽ അദ്ദേഹം ഒരു വസ്തുത മനസ്സിലാക്കി. നമ്മൾ പരസ്പരം കാലുകൾ കഴുകുന്നതിന്റെ മാതൃക മാത്രമായിരിക്കാനല്ല യേശു ആഗ്രഹിച്ചതെന്നതാണ് ആ വസ്തുത. തങ്ങളുടെ കാലുകൾ കഴുകാൻ യേശുവിനെ അനുവദിച്ചവർക്കു മാത്രമേ മറ്റുള്ളവർക്കായി ഈ സേവനം ചെയ്തുകൊടുക്കാൻ കഴിയുകയുള്ളൂ. അവർക്കു മാത്രമേ അവിടുത്തോടൊപ്പം പങ്ക് ഉണ്ടായിരിക്കാനും (യോഹ 13:8), അങ്ങനെ മറ്റുള്ളവരെ സേവിക്കാനും കഴിയുകയുള്ളൂ.

നമ്മെ സേവിക്കാൻ ക്രിസ്തുവിനെ അനുവദിക്കാനും അങ്ങനെ നമ്മൾ കൂടുതലായി അവിടുത്തെപ്പോലെ ആയിത്തീരാനും അനുകൂലമായ ഒരു കാലമാണ് നോമ്പുകാലം. നാം ദൈവവചനം കേൾക്കുമ്പോഴെല്ലാം, കൂദാശകൾ, പ്രത്യേകിച്ച് ദിവ്യകാരുണ്യം സ്വീകരിക്കുമ്പോഴെല്ലാം ഇതു സംഭവിക്കുന്നു. അവിടെ നാം സ്വീകരിക്കുന്നതെന്തോ അത് ആയിത്തീരുന്നു. ക്രിസ്തുവിന്റെ ശരീരമായിത്തീരുന്നു. മിക്കപ്പോഴും നമ്മുടെ ഹൃദയങ്ങളെ പിടികൂടുന്നതായി തോന്നുന്ന നിസ്സംഗതയ്ക്ക് ഈ ശരീരത്തിൽ സ്ഥാനമില്ല. എന്തെന്നാൽ ക്രിസ്തുവിന്റേതായിരിക്കുന്നവരെല്ലാം ഒരേ ശരീരത്തിന്റേതാണ്. അവിടുന്നിൽ നമുക്കു പരസ്പരം നിസ്സംഗരായിരിക്കാൻ സാധ്യമല്ല. "ഒരു അവയവം വേദനയനുഭവിക്കു മ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു. ഒരു അവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും പ്രശംസിക്കപ്പെടുന്നു" (1 കോറി 12:26).

സഭ പുണ്യാവാന്മാരുടെ കൂട്ടായ്മ (*communio sanctorum*) ആയിരിക്കുന്നത് സഭയുടെ വിശുദ്ധർമൂലം മാത്രമല്ല. പിന്നെയോ അവളുടെ വിശുദ്ധ വസ്തുക്കളിലുള്ള കൂട്ടായ്മ മൂലവുമാണ്: ക്രിസ്തുവിൽ നമുക്ക് വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹവും അവിടുത്തെ സകല ദാനങ്ങളും മൂലമാണ്. ഈ സ്നേഹത്താൽ സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നവരുടെ പ്രത്യുത്തരവും ഈ ദാനങ്ങളിൽ ഉൾപ്പെടുന്നുണ്ട്. വിശുദ്ധരുടെ ഈ സംസർഗത്തിൽ, വിശുദ്ധ വസ്തുക്കളുടെ ഈ പങ്കുചേരലിൽ ഒരുവനും ഒരു വസ്തുവും സ്വന്തമായി കൈയടക്കുന്നില്ല. പിന്നെയോ എല്ലാവരുമായി പങ്കുവയ്ക്കുന്നു. നാം ദൈവത്തിൽ ഐക്യപ്പെട്ടിരിക്കുന്നതുകൊണ്ട് നമ്മിൽ നിന്ന് ഏറെ അകലത്തിലുള്ളവർക്കുവേണ്ടി, തനിയേ നമുക്കു എത്തിച്ചേരാൻ സാധിക്കാത്തവർക്കുവേണ്ടി, നമുക്കു ചില കാര്യങ്ങൾ ചെയ്യാൻ കഴിയും. എന്തെന്നാൽ, ദൈവത്തിന്റെ രക്ഷാപദ്ധതിക്ക് എല്ലാവരും തുറവുള്ളവരായിരിക്കാൻ അവരോടൊപ്പവും അവർക്കുവേണ്ടിയും നാം ദൈവത്തോട് യാചിക്കുന്നു.

**2. നിന്റെ സഹോദരൻ എവിടെ? (ഉത്പ 4:9): ഇടവകകളും സമൂഹങ്ങളും**

സാർവത്രികസഭയെക്കുറിച്ചു നാം പറഞ്ഞുകൊണ്ടിരുന്നതെല്ലാം ഇപ്പോൾ നമ്മുടെ ഇടവകകളുടെയും സമൂഹങ്ങളുടെയും ജീവിതത്തെ സംബന്ധിച്ച് പ്രയോഗിക്കണം. നമ്മൾ ഒറ്റശരീരത്തിന്റെ ഭാഗമാണെന്ന അനുഭവം നമുക്കുണ്ടാകാൻ ഈ സഭാസംവിധാനങ്ങൾ നമ്മെ ശക്തരാക്കുന്നുണ്ടോ? ദൈവം തരാൻ ആഗ്രഹിക്കുന്നത് സ്വീകരിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന ശരീരമാണോ അത്? ഏറ്റവും ദുർബലരായവരെയും ഏറ്റവും ദരിദ്രരായവരെയും ഏറ്റവും നിസ്സാരരായവരെയും അംഗീകരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന ശരീരമാണോ അത്? അതോ നമ്മൾ അടയ്ക്കപ്പെട്ട് നമ്മുടെ കതകുകളുടെ മുമ്പിലിരിക്കുന്ന ലാസറിനെ കാണുന്നതിൽ പരാജയപ്പെട്ടുകൊണ്ട് ലോകം മുഴുവനെയും ആശ്ലേഷിക്കുന്ന സാർവത്രിക സ്നേഹത്തിൽ അഭയം തേടുകയാണോ? (ലൂക്കാ 16:19-31).

ദൈവം നമുക്കു നല്കുന്നതു സ്വീകരിക്കുകയും അതിനെ ഫലസമൃദ്ധിയുള്ളതാക്കുകയും ചെയ്യുന്നതിന് നമ്മൾ ദൃശ്യസഭയുടെ അതിരുകൾക്കപ്പുറത്തേക്ക് രണ്ടുവിധത്തിൽ കടന്നുചെല്ലണം.

ഒന്നാമതായി, നാം പ്രാർത്ഥനയിൽ സ്വർഗത്തിലുള്ള സഭയോട് ഐക്യപ്പെട്ടുകൊണ്ട് അങ്ങനെ ചെയ്യണം. ഭൗമിക സഭയുടെ പ്രാർത്ഥനകൾ പരസ്പരസേവനത്തിന്റെയും നന്മയുടെയും കൂട്ടായ്മ സ്ഥാപിക്കുന്നു. അത് ദൈവത്തിന്റെ ദിവ്യദൃഷ്ടിയിൽ എത്തിച്ചേരുന്നു. ദൈവത്തിൽ തങ്ങളുടെ സാക്ഷാത്കാരം കണ്ടെത്തിയ വിശുദ്ധരോടൊ ന്നിച്ച് നാം ആ കൂട്ടായ്മയുടെ ഭാഗമായിത്തീരുന്നു. അതിൽ നിസ്സംഗത സ്നേഹത്താൽ കീഴടക്കപ്പെടുന്നു. സ്വർഗത്തിലെ സഭ വിജയ സഭയായിരിക്കുന്നത് ഭൂമിയിലെ സഹനങ്ങളിൽ നിന്നു പുറം തിരിഞ്ഞിരുന്ന് പ്രകാശമാനമായ ഏകാന്തത ആസ്വദിക്കുന്നതു കൊണ്ടല്ല. പിന്നെയോ വിശുദ്ധർ ഒരു വസ്തുതയെക്കുറിച്ച് സന്തോഷപൂർവം ധ്യാനിക്കുന്നതുകൊണ്ടാണ്. യേശുവിന്റെ മരണവും ഉത്ഥാനവും വഴി അവർ എന്നേക്കുമായ നിസ്സംഗതയെയും ഹൃദയകാഠിന്യത്തെയും വിദ്വേഷത്തെയും കീഴടക്കിയെന്നതാണ് ആ വസ്തുത. സ്നേഹത്തിന്റെ ഈ വിജയം ലോകം മുഴുവനിലും വ്യാപിക്കുന്നതുവരെ വിശുദ്ധർ നമ്മുടെ തീർത്ഥാടന മാർഗത്തിൽ നമ്മോടൊപ്പം സഞ്ചരിക്കുന്നു. ഭൂമിയിൽ ഏതെങ്കിലും ഒരു വ്യക്തി സഹിക്കുകയും വേദനിച്ചു കരയുകയും ചെയ്യുന്നിടത്തോളം കാലം ക്രൂശിതസ്നേഹത്തിന്റെ വിജയത്തെക്കുറിച്ച് സ്വർഗത്തിലെ സന്തോഷം അപൂർണമായിരിക്കുമെന്ന ബോധ്യം സഭാപണ്ഡിതയായ ലിസ്യൂവിലെ വിശുദ്ധ തെരേസ പ്രകാശിപ്പിച്ചിട്ടുണ്ട്. "സ്വർഗത്തിൽ ഞാൻ അലസതയോടെയിരിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. സഭയ്ക്കും ആത്മക്കൾക്കും വേണ്ടിയുള്ള ജോലി തുടരണമെന്നാണ് എന്റെ ആഗ്രഹം" എന്നു അവൾ പറയുന്നു (എഴുത്ത് 254, ജൂലൈ 14, 1897).

സമാധാനത്തിനും അനുരഞ്ജനത്തിനുമുള്ള നമ്മുടെ സമരത്തിലും ആഗ്രഹത്തിലും വിശുദ്ധർ പങ്കുചേരുമ്പോഴും നാം അവരുടെ യോഗ്യതകളിലും സന്തോഷത്തിലും പങ്കുചേരുന്നു. നമ്മുടെ നിസ്സംഗതയെയും ഹൃദയകഠിന്യത്തെയും കീഴടക്കാൻ നാം പരിശ്രമിക്കു മ്പോൾ ഉത്ഥിതനായ ക്രിസ്തുവിന്റെ വിജയത്തിലുള്ള അവരുടെ സന്തോഷം നമുക്കു ശക്തി നല്കുന്നു.

രണ്ടാമതായി, ഓരോ ക്രൈസ്തവസമൂഹത്തിനും ഒരു വിളിയുണ്ട്. തന്നിൽനിന്നു പുറത്തുകടക്കാനും അത് ഏതിന്റെ ഭാഗമായിരിക്കുന്നുവോ ആ വിപുലസമൂഹത്തിന്റെ ജീവിതത്തിൽ, പ്രത്യേകിച്ച് ദരിദ്രരുടെയും അകലങ്ങളിലും അതിരുകളിലുള്ളവരുടെയും ജീവിതത്തിൽ, വ്യാപരിക്കാനുള്ള വിളിയാണത്. സഭ പ്രകൃത്യാ പ്രേഷിതയാണ്. അവൾ ഒരിക്കലും തന്നിൽത്തന്നെ അടച്ചുപൂട്ടിയിരിക്കുന്നില്ല. പിന്നെയോ ഓരോ ദേശത്തേക്കും ജനതയിലേക്കും അയയ്ക്കപ്പെട്ടവളാണ്.

സൃഷ്ടി മുഴുവനെയും ഓരോ മനുഷ്യവ്യക്തിയെയും പിതാവിങ്കലേക്കു നയിക്കാൻ ആഗ്രഹിക്കുന്ന ഏകപുത്രന് ക്ഷമാപൂർവം

സാക്ഷ്യം വഹിക്കുകയെന്നതാണ് സഭയുടെ ദൗത്യം. ഓരോ സ്ത്രീയിലേക്കും പുരുഷനിലേക്കും ഭൂമിയുടെ ഓരോ അതിരിലേക്കും നയിക്കുന്ന വഴികളിലൂടെ സഭ യേശുക്രിസ്തുവിനെ അനുഗമിക്കുന്നു (cfഅപ്പ 1:8). നമ്മുടെ ഓരോ അയൽവാസിയിലും, ക്രിസ്തു ആർക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്തുവോ ആ സഹോദരനെയും സഹോദരിയെയും കണ്ടെത്തണം. നാം സ്വീകരിച്ചത് അവർക്കും കൂടി വേണ്ടി സ്വീകരിച്ചതാണ്. അതുപോലെ, നമ്മുടെ സഹോദരീ സഹോദര ന്മാർക്കുള്ളതെല്ലാം സഭയ്ക്കും മുഴുവൻ മനുഷ്യ വംശത്തിനും വേണ്ടിയുള്ള ദാനമാണ്.

പ്രിയ സഹോദരീസഹോദരന്മാരേ, സഭ സന്നിഹിത മായിരിക്കുന്ന എല്ലാസ്ഥലങ്ങളും, പ്രത്യേകിച്ച് ഇടവകകളും സമൂഹങ്ങളും നിസ്സംഗതയുടെ സമുദ്രത്തിൽ കാരുണ്യത്തിന്റെ ദ്വീപുകളായിരിക്കണമെന്ന് എത്ര തീവ്രമായി ഞാൻ ആഗ്രഹിക്കുന്നു.

**3. നിങ്ങൾ ദൃഢചിത്തരായിരിക്കുവിൻ (യാക്കോ 5:8): ഓരോ ക്രൈസ്തവനും**

വ്യക്തികളെന്ന നിലയിലും നാം നിസ്സംഗതയാൽ പ്രലോഭിപ്പിക്ക പ്പെടുന്നു. മാനുഷികസഹനത്തിന്റെ വാർത്തകളും റിപ്പോർട്ടുകളും ചിത്രങ്ങളും ജലപ്രളയം പോലെ വരുന്നു. അപ്പോൾ സഹായിക്കാൻ നമുക്ക് ഒട്ടും കഴിവില്ലെന്നു തോന്നിപ്പോകും. അസ്വസ്ഥതയുടെയും ശക്തിരാഹിത്യത്തിന്റെയും പിടിയിൽ നിന്നു മാറി നില്ക്കാൻ നമുക്കു എങ്ങനെ കഴിയും?

ഒന്നാമതായി, ഭൂമിയിലും സ്വർഗത്തിലുമുള്ള സഭയുമായുള്ള സംസർഗത്തിൽ നമുക്കു പ്രാർത്ഥിക്കാൻ കഴിയും. പ്രാർത്ഥനയിൽ ഐക്യപ്പെട്ട അനേകം ശബ്ദങ്ങളുടെ ശക്തിയെ നാം വിലകുറച്ചു കാണരുത്. "ഇരുപത്തിനാലു മണിക്കൂർ കർത്താവിനുവേണ്ടി" എന്ന സംരംഭം പ്രാർത്ഥനയുടെ ഈ ആവശ്യം സൂചിപ്പിക്കുന്ന അടയാളമായിരിക്കാ നുള്ളതാണ്. അത് മാർച്ച് 13,14 തീയതികളിൽ സഭ മുഴുവനിലും, രൂപാതാതലത്തിലും നടപ്പാക്കുമെന്നു ഞൻ പ്രത്യാശിക്കുന്നു.

രണ്ടാമതായി, പരസ്നേഹപ്രവൃത്തികൾ വഴി സഹായിക്കാൻ നമുക്കു സാധിക്കും. സഭയുടെ അനേകം ജീവകാരുണ്യ സംഘടനകളിലൂടെ അടുത്തും അകലെയുമുള്ളവരിലേക്ക് എത്തിച്ചേർന്ന് അങ്ങനെ ചെയ്യാൻ കഴിയും. ഏക മനുഷ്യ കുടുംബത്തിലെ അംഗങ്ങളാണ് നമ്മൾ എന്ന് വ്യക്തമാക്കാനുള്ള ചെറുതും എന്നാലും മൂർത്തവുമായ അടയാളങ്ങൾ വഴി മറ്റുള്ളവരോടുള്ള താത്പര്യം കാണിക്കാൻ അനുകൂല കാലഘട്ടമാണ് നോമ്പുകാലം.

മൂന്നാമതായി, മറ്റുള്ളവരുടെ സഹനം മാനസാന്തര ത്തിലേക്കുള്ള ഒരു വിളിയാണ്. എന്റെ ജീവിതത്തിന്റെ അനിശ്ചിതത്വവും ദൈവത്തിലും സഹോദരീ സഹോദരന്മാരിലുമുള്ള എന്റെ ആശ്രിതാവസ്ഥയും അവരുടെ

ആവശ്യം എന്നെ ഓർമ്മിപ്പിക്കുന്നു. നമ്മൾ വിനയപൂർവം ദൈവ കൃപയ്ക്കായി അപേക്ഷിക്കുകയും നമ്മുടെ പരിമിതികൾ അംഗീകരിക്കുകയും ചെയ്താൽ ദൈവം നമുക്ക് നല്കുന്ന അനന്ത സാധ്യതകളെക്കുറിച്ച് നമുക്ക് ആത്മവിശ്വാസമുണ്ടാകും. ലോകത്തെയും നമ്മെത്തന്നെയും നമ്മുടെ പരിശ്രമങ്ങൾകൊണ്ട് രക്ഷിക്കാൻ കഴിയുമെന്ന തോന്നലാകുന്ന പൈശാചിക പ്രലോഭനത്തെ തടഞ്ഞുനിറുത്താനും നമുക്കു കഴിയും.

നിസ്സംഗതയെയും സ്വയംപര്യാപ്തതയെക്കുറിച്ചുള്ള തോന്നലുകളെയും കീഴടക്കാൻ, ഹൃദയരൂപീകണമെന്ന് ബെനഡിക്ട് 16-ാമൻ വിളിച്ച (cf ദൈവം സ്നേഹമാകുന്നു 31) പ്രക്രിയയിൽ ഏർപ്പെടാനുള്ള ഒരവസരമായി ഈ നോമ്പുകാലം ചെലവഴിക്കാൻ എല്ലാവരെയും ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കാരുണ്യമുള്ള ഹൃദയം എന്നതിന്റെ അർത്ഥം ദുർബല ഹൃദയമെന്നല്ല. കാരുണ്യമുള്ളവരാകാൻ ആഗ്രഹിക്കുന്ന ഏതു വ്യക്തിയും ശക്തിയും സ്ഥിരതയുമുള്ള ഹൃദയമുണ്ടായിരിക്കണം. അത് പ്രലോഭകനെതിരേ അടഞ്ഞതും ദൈവത്തിന്റെ നേരേ തുറന്നതുമായിരിക്കണം. സഹോദരീ സഹോദരന്മാരിലേക്കുള്ള വഴിയിൽ സ്നേഹംകൊണ്ടു വരുവാൻ പരിശുദ്ധാത്മാവിനാൽ കുത്തിത്തുറക്കപ്പെടാൻ സ്വയം അനുവദിക്കുന്ന ഹൃദയമായിരിക്കണം. ആത്യന്തികമായി ഒരു പാവപ്പെട്ട ഹൃദയമായിരിക്കണം. സ്വന്തം ദാരിദ്ര്യം അറിയുന്നതും മറ്റുള്ളവർക്കായി സ്വയം ദാനം നല്കുന്നതുമായിരിക്കണം.

അതുകൊണ്ട്, സഹോദരീ സഹോദരന്മാരേ, നമുക്ക് എല്ലാവർക്കും കർത്താവിനോട് ഇങ്ങനെ പ്രാർത്ഥിക്കാം. ഞങ്ങളുടെ ഹൃദയങ്ങളെ അങ്ങയുടെ ഹൃദയത്തിനൊത്തതാക്കണമേ (ഈശോയുടെ തിരുഹൃദയത്തിന്റെ ലുത്തീനിയ). ഇങ്ങനെ ഉറപ്പുള്ളതും കരുണാർദ്രവും ശ്രദ്ധാപൂർവകവും ഉദാരതാപൂർണവുമായ ഒരു ഹൃദയം നാം സ്വീകരിക്കും. അടയ്ക്കപ്പെടാത്തതും നിസ്സംഗതയുടെ ആഗോളവത്കരണത്തോട് നിസ്സംഗത പുലർത്തുകയോ അതിന്റെ ഇരയാവുകയോ ചെയ്യാത്തതുമായ ഹൃദയം നമുക്കുണ്ടാകും.

ഓരോ വിശ്വാസിക്കും ഓരോ സഭാസമൂഹത്തിനും ഈ നോമ്പുകാലം ആധ്യാത്മികമായി ഫലപൂർണമാകുമെന്ന് ഞാൻ പ്രാർത്ഥനാപൂർവം പ്രത്യാശിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ നിങ്ങളോട് എല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നു. കർത്താവു നിങ്ങളെ അനുഗ്രഹിക്കട്ടെ. കന്യകാ മാതാവ് നിങ്ങളെ കാത്തുസൂക്ഷിക്കട്ടെ.

വത്തിക്കാനിൽ നിന്ന്, 4 ഒക്ടോബർ 2014

വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പാ**

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

***Prot. No. 16838/2015***

## പുഴമുടിയിൽ സെന്റ് മേരീസ് പള്ളിയെ ഇടവകയാക്കി ഉയർത്തിക്കൊണ്ടുള്ള ഡിക്രി

മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം, പുഴമുടിയിൽ സെന്റ് മേരീസ് ഇടവക സ്ഥാപിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

കൽപ്പറ്റ സെന്റ് വിൻസെന്റ് ഡി പോൾ പള്ളിയിൽ നിന്ന് ഏകദേശം 5 കിലോമീറ്റർ ദൂരമുള്ള പുഴമുടി പ്രദേശത്ത്, സെന്റ് വിൻസെന്റ് ഡി പോൾ ഇടവകയുടെ ആരംഭകാലത്തെ വികാരിയായിരുന്ന ബഹു. ജോസ് കണ്ടത്തികുടി അച്ചൻ, 1981 –ൽ ഒരു കുരിശുപള്ളി സ്ഥാപിക്കുന്നതിനുവേണ്ടി പന്ത്രണ്ടര സെന്റ് സ്ഥലം വാങ്ങി. 1998–ൽ അന്നത്തെ കൽപ്പറ്റ സെന്റ് വിൻസെന്റ് ഡിപോൾ ഇടവകയുടെ വികാരി ബഹു. ജോസ് കുളിരാനി അച്ചന്റെ അദ്ധ്യക്ഷതയിൽ ശ്രീ. ഡൊമിനിക് തുറുവേലിക്കുന്നിന്റെ വീട്ടിൽ കൂടിയ യോഗത്തിൽ പുഴമുടിയിൽ ഒരു പള്ളി പണിയുന്നതിന് ആവശ്യമായ സ്ഥലം വാങ്ങണമെന്ന് തീരുമാനിച്ചു. തുടർന്ന് പുഴമുടിയിലുള്ള ചീരമ്പത്ത് ശ്രീമതി പാത്തുമ്മയുടെ കൈവശമുള്ള ഒരേക്കർ സ്ഥലം വാങ്ങി. 2001–ൽ അത്തിമൂല വാർഡിൽ കുടുംബപ്രാർത്ഥനയ്ക്കുവേണ്ടി ഒത്തുകൂടിയപ്പോൾ പുഴമുടിയിൽ ഒരു കപ്പേള നിർമ്മിക്കുന്നതിനെപ്പറ്റി തീരുമാനിക്കുകയും 8 ദിവസങ്ങൾകൊണ്ട് ഒരു താൽക്കാലിക ഷെഡ് നിർമ്മിക്കുകയും ചെയ്തു. 2002 മെയ് 15 ന് ബഹു. ജോസ് കുളിരാനിയച്ചന്റെ നേതൃത്വത്തിൽ ബഹു. ജോസ് കൊച്ചറയ്ക്കലച്ചൻ കുരിശുപള്ളിയുടെ വെഞ്ചരിപ്പ് കർമ്മം നടത്തി. എല്ലാ ഞായറാഴ്ചയും രാവിലെ 10 മണിക്ക് പുഴമുടിയിൽ താൽക്കാലിക ഷെഡ്ഡിൽ വി. കുർബാന അർപ്പിക്കാനുള്ള അനുവാദവും രൂപതാകേന്ദ്രത്തിൽ നിന്നും ലഭിച്ചു.

2002 മെയ് 16 ന് കൽപ്പറ്റ സെന്റ് വിൻസെന്റ് ഫൊറോന വികാരി യായിരുന്ന ബഹു. ജോസ് കുളിരാനി അച്ചൻ സ്ഥലം മാറുകയും ബഹു. അഗസ്റ്റിൻ ചേമ്പാല അച്ചൻ സെന്റ് വിൻസെന്റ് ഡി പോൾ പള്ളിയുടെ വികാരിയായി നിയമിതനാവുകയും ചെയ്തു. ഏകദേശം ഒരു വർഷ ത്തിനുശേഷം ഷെഡ് നാശത്തിന്റെ വക്കിലായപ്പോൾ ഞായറാഴ്ചകളി ലുള്ള വി. കുർബാന മുടങ്ങാതിരിക്കുന്നതിനുവേണ്ടി കൽപ്പറ്റ തിരു ഹൃദയ ദേവാലയത്തിന്റെ കീഴിലുള്ള ആർ. സി. എൽ. പി. സ്കൂൾ അനുവദിച്ചു തരികയും 2003 ജനുവരി മുതൽ ഏപ്രിൽ വരെ സ്കൂളിൽ വി. കുർബാന അർപ്പിക്കപ്പെടുകയും ചെയ്തു. തുടർന്ന് സ്കൂളിന് അറ്റകുറ്റ പണി നടത്തേണ്ടി വന്ന സാഹചര്യത്തിൽ 2003 മെയ് മാസം മുതൽ ശ്രീ. ആൻസൽ തുറുവേലിക്കുന്നേലിന്റെ വീട്ടിൽ ഞായറാഴ്ച കളിൽ വി. കുർബാനയും 5-ാം ക്ലാസ്സുവരെ സൺഡേസ്കൂളും നടത്തി പോന്നു. അതേവർഷം ഏപ്രിൽ മാസം ചേർന്ന വാർഷിക പൊതുയോ ഗത്തിൽ പുഴമുടിയിൽ ഒരു പള്ളി സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിച്ചു. അങ്ങനെ നേരത്തെ ഉണ്ടായിരുന്ന പന്ത്രണ്ടര സെന്റ് സ്ഥലവും ഇപ്പോൾ പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലവും തമ്മിലുള്ള മാറ്റത്തെപ്പറ്റി ആലോചന നടക്കുകയും രണ്ട് സ്ഥലത്തിനും വില നിശ്ചയിച്ച്, ചീരമ്പത്ത് ശ്രീമതി പാത്തുമ്മയ്ക്ക് പന്ത്രണ്ടര സെന്റ് സ്ഥലവും 50 സെന്റ് സ്ഥലത്തിന്റെ വിലയും കൊടുത്ത് 50 സെന്റ് സ്ഥലം കൂടി പുഴമുടി പള്ളിക്കായി വാങ്ങി. അങ്ങനെ ആകെ ഒരേക്കർ അൻപത് സെന്റ് സ്ഥലം പള്ളിക്കായി വാങ്ങിയ്ക്കുകയും അവിടെ പള്ളി പണി യുന്നതിനുവേണ്ട അംഗീകാരത്തിനായി രൂപതാകേന്ദ്രത്തിലേയ്ക്ക് അയ യ്ക്കുകയും രൂപതാ കേന്ദ്രത്തിൽ നിന്ന് അനുവാദം ലഭിക്കുകയും ചെയ്തു. 2003 മെയ് 1 ന് ബഹു. അഗസ്റ്റിൻ ചേമ്പാലയച്ചൻ പുതിയ പള്ളിയ്ക്ക് തറക്കല്ലിട്ടു. രൂപതയിൽ നിന്നും ലഭിച്ച സഹായവും ഇടവ കയിൽ നിന്ന് സ്വരൂപിച്ച തുകയും ചേർത്ത് ഏകദേശം അഞ്ചു ലക്ഷ ത്തോളം രൂപ ചെലവിൽ ഇപ്പോൾ സ്ഥിതി ചെയ്യുന്ന ദേവാലയം നിർമ്മിച്ചു. 2004 ഒക്ടോബർ 30 ന് മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവ് പള്ളിയുടെ വെഞ്ചരിപ്പ് കർമ്മം നിർവ്വ ഹിച്ചു. ഈ കാലയളവിൽ കൽപ്പറ്റ പള്ളിയിലെ കൊച്ചച്ചന്മാരായ ഫാ. ജോസ് വാഴക്കാലായിൽ, ഫാ. സുനിൽ തെക്കേപ്പെര, ഫാ. സജി കാട്ടാംകോട്ടിൽ എന്നിവരുടെ സേവനം പുഴമുടി പള്ളിയ്ക്ക് ലഭിച്ചിരു ന്നു. തുടർന്ന് ബഹു. അഗസ്റ്റിൻ ചേമ്പാല അച്ചന്റെ സ്ഥലം മാറ്റത്തെ തുടർന്ന് 2005 മെയ് മാസം ബഹു. അഗസ്റ്റിൻ ആലയ്ക്കൽ സി.എസ്.റ്റി. അച്ചൻ പുഴമുടി പള്ളിയുടെ പ്രഥമ വികാരിയായി നിയമിതനായി. ഈ

കാലഘട്ടത്തിൽ ബഹു. അഗസ്റ്റിൻ ആലയ്ക്കൽ അച്ചന്റെ നേതൃത്വ ത്തിൽ പള്ളിയോട് ചേർന്ന് സങ്കീർത്തിയും ഒരു മുറിയും നിർമ്മിച്ചു. അതിന്റെ വെഞ്ചരിപ്പു കർമ്മം ബഹു. അഗസ്റ്റിൻ ചേമ്പാല അച്ചൻ നിർവ്വഹിച്ചു.

തുടർന്ന് ഒരു വർഷത്തെ സേവനത്തിനുശേഷം 2006 മെയ് മാസം അഗസ്റ്റിൻ ആലയ്ക്കൽ അച്ചൻ സ്ഥലം മാറിപ്പോവുകയും അതിനെ ത്തുടർന്ന് കൽപ്പറ്റ സെന്റ് വിൻസെന്റ് ഡി പോൾ ഇടവകയുടെ അസി സ്റ്റന്റ് വികാരിയായിരുന്ന ബഹു. ബിജു ഉറുമ്പിൽ അച്ചനെ പുഴമുടി പള്ളിയുടെ വികാരിയായി നിയമിക്കുകയും ചെയ്തു. അച്ചന്റെ സേവന കാലഘട്ടത്തിൽ സെമിത്തേരിയുടെ നിർമ്മാണം പൂർത്തിയാക്കി. തുടർന്ന് ശനിയാഴ്ചകളിലും വി. കുർബാനയും നൊവേനയും ആരം ഭിച്ചു. അച്ചന്റെ സ്ഥലം മാറ്റത്തെ തുടർന്ന് ബഹു. സജി ഇളയിടത്ത് അച്ചൻ പുഴമുടി കുരിശുപള്ളിയുടെ വികാരിയായി നിയമിതനായി. ഈ കാലഘട്ടത്തിൽ വെള്ളിയാഴ്ചകളിൽ വി. കുർബാന അർപ്പിക്കാനും, അൽഫോൻസാമ്മയുടെ നൊവേന നടത്താനും അനുവാദം ലഭിച്ചു. തുടർന്ന് 2009 മെയ് മാസത്തിൽ ബഹു. സജിയച്ചന്റെ സ്ഥലം മാറ്റത്തെ തുടർന്ന് സി. എം. ഐ. സഭാംഗമായിരുന്ന ബഹു. പീറ്റർ മുരിക്കനോ ലിക്കൽ അച്ചൻ പുഴമുടി പള്ളിയുടെ വികാരിയായി നിയമിതനാവുകയും ഈ കാലയളവിൽ പുതിയ വൈദികഭവനം നിയമിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് മണ്ണ് മാറ്റി നിരപ്പാക്കിയിടുകയും ചെയ്തു.

2010 മെയ് മാസം പീറ്റർ മുരിക്കനോലിലച്ചൻ സ്ഥലം മാറിപ്പോ വുകയും ബഹു. ബിജു കോയിക്കാട്ടിൽ അച്ചൻ വികാരിയായി നിയ മിതനാവുകയും ചെയ്തു. 2012 മാർച്ചിൽ നടന്ന പൊതുയോഗത്തിൽ വൈദികഭവനം നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക കാര്യങ്ങ ളെക്കുറിച്ച് ചിന്തിക്കുകയും വൈദികഭവനത്തിന്റെ രൂപരേഖ രൂപതാ കേന്ദ്രത്തിൽ സമർപ്പിച്ച് അനുവാദം വാങ്ങുകയും ചെയ്തു. 2012 ഒക്ടോ ബർ മാസം 7 ന് ബഹു. വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളി ക്കുന്നേൽ വൈദികഭവനത്തിന് തറക്കല്ലിടുകയും 2014 ഏപ്രിൽ 27 ന് മാനന്തവാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് വൈദികഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുകയും ചെയ്തു. വികാരിയായ ബഹു. തോമസ് കോയിക്കാട്ടിൽ അച്ചൻ 2014 മെയ് 25 മുതൽ പുഴമുടിയിൽ സ്ഥിരം താമസമാക്കുകയും എല്ലാ ദിവ സവും വി. കുർബാന ആരംഭിക്കുകയും ചെയ്തു. ഇതിനിടയിൽ 2013 നവംബർ 24 നു ചേർന്ന പൊതുയോഗത്തിൽ പുഴമുടി കുരിശുപള്ളിയെ ഒരു സ്വതന്ത്ര ഇടവകയായി ഉയർത്തുവാൻ രൂപതാദ്ധ്യക്ഷനോട്

അഭ്യർത്ഥിച്ചുകൊണ്ട് അപേക്ഷ സമർപ്പിക്കുവാൻ തീരുമാനിക്കുകയും 8-12-2013 ൽ കൽപ്പറ്റ സെന്റ് വിൻസെന്റ് ഡി പോൾ ഇടവകയിൽ ചേർന്ന പൊതുയോഗം പുഴമുടി സെന്റ് മേരീസ് കുരിശുപള്ളിയെ ഇടവകയാക്കി ഉയർത്തുന്നതിന് അംഗീകാരം നൽകുകയും ചെയ്തു. ഇപ്പോൾ മാതൃസംഘം, മിഷൻലീഗ്, വിൻസെന്റ് ഡീ പോൾ എന്നീ ഭക്തസംഘടനകളും 1 മുതൽ 12 വരെ മതബോധനവും പുഴമുടിയിൽ നടക്കുന്നു.

ഇപ്രകാരം ഒരു ഇടവക സ്ഥാപനത്തിന് ആവശ്യമായ നയ്യാമിക കാര്യങ്ങൾ പൂർത്തീകരിച്ചിരിക്കുന്നതിനാലും ഈ ഇടവകയുടെ അതിർത്തിയിൽ വരുന്ന ദൈവജനത്തിന്റെ താൽപര്യം പരിഗണിച്ചും 2014 ആഗസ്റ്റ് 13 ന് ചേർന്ന വൈദിക സെനറ്റിന്റെ അഭിപ്രായവും സമ്മതവും പരിഗണിച്ചും രൂപതാ മെത്രാൻ എന്ന നിലയിൽ എനിക്കുള്ള അധികാരം ഉപയോഗിച്ചും 2015 ഫെബ്രുവരി 8 മുതൽ പുഴമുടി സെന്റ് മേരീസ് കുരിശുപള്ളിയെ സ്വതന്ത്ര ഇടവകയായി ഉയർത്തുന്നു. സെന്റ് മേരീസ് ചർച്ച്, പുഴമുടി എന്നതായിരിക്കും ഈ ഇടവകയുടെ ഔദ്യോഗിക നാമം. ഈ രൂപതയിൽ ഉള്ള മറ്റ് ഇടവകകൾക്കുള്ള എല്ലാ അവകാശാധികാരങ്ങളും കടമകളും അന്നുമുതൽ പ്രസ്തുത ഇടവകയ്ക്കും ഉണ്ടായിരിക്കുന്നതാണ്.

താഴെ പറയുന്ന അതിർത്തിക്കുള്ളിൽ ഇപ്പോൾ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന 82 കുടുംബങ്ങളും ഇനി ഭാവിയിൽ ഈ അതിർത്തിയിൽ താമസക്കാരായി വരുന്ന സീറോ മലബാർ സഭാംഗങ്ങളും ഇനി മുതൽ മേൽ ഇടവകയുടെ അംഗങ്ങളായിരിക്കും.

**അതിർത്തികൾ**

കിഴക്ക് – പുഴമുടി കൽപ്പറ്റ റോഡിൽ ഇടക്കുനി വായനശാല വരെ
പടിഞ്ഞാറ് – പിണങ്ങോട് റോഡിൽ പന്നിയോര റോഡ് വരെ
തെക്ക് – വെള്ളാരംക്കുന്ന് റോഡിൽ ക്രിസ്തുരാജാ പബ്ലിക് സ്കൂൾ വരെ
വടക്ക് – ബാവാടി മണിയങ്കോട് റോഡിൽ വടക്കേ വീട് വരെ

പുഴമുടി സെന്റ് മേരീസ് ഇടവകയുടെ പ്രഥമ വികാരിയായി ബഹു. തോമസ് കോയിക്കാട്ടിൽ അച്ചനെ ഞാൻ നിയമിക്കുന്നു. അതുപോലെതന്നെ തങ്ങളുടെ ഇടയനും പിതാവുമായി അച്ചനെ സ്വീകരിച്ച് സ്നേഹിക്കുകയും ബഹുമാനിക്കുകയും എല്ലാ കാര്യങ്ങളിലും യഥായോഗ്യം അനുസരിക്കുകയും അദ്ദേഹത്തോട് സഹകരിക്കുകയും ഇടവകയുടെ നന്മയ്ക്കായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണെന്ന കാര്യം അവിടുത്തെ പ്രിയപ്പെട്ട ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

പുഴമുടി സെന്റ് മേരീസ് കുരിശുപള്ളിയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച എല്ലാവരേയും പ്രത്യേകിച്ച് കൽപ്പറ്റ സെന്റ് വിൻസെന്റ് ഡി പോൾ ഇടവകയിലെ മുൻവികാരിമാരെയും കൊച്ചച്ചന്മാരെയും കുരിശുപള്ളിയുടെ ആരംഭത്തിൽ സഹായിച്ചുകൊണ്ടിരുന്ന കൽപ്പറ്റ ക്ലാരസമൂഹത്തിലെ ബഹു. സിസ്റ്റേഴ്സിനെയും തുടർന്ന് സേവനത്തിനായി കൽപ്പറ്റയിൽ നിന്നും വന്നുകൊണ്ടിരുന്ന വിൻസെൻഷ്യൻ സമൂഹത്തിലെ ബഹു. സിസ്റ്റേഴ്സിനെയും നന്ദിയോടെ അനുസ്മരിക്കുന്നു. ഇപ്പോൾ വേങ്ങപ്പിള്ളി റീഹാബിറ്റേഷൻ സെന്ററിൽ നിന്നും പുഴമുടിയിൽ സേവനത്തിനായി വരുന്ന വിൻസെൻഷ്യൻ സമൂഹത്തിലെ ബഹു. സിസ്റ്റേഴ്സിനെയും പ്രത്യേകിച്ച്, കൽപ്പറ്റ ഡി പോൾ പബ്ലിക് സ്കൂളിന്റെ പ്രിൻസിപ്പാൾ എന്ന നിലയിലുള്ള ഭാരിച്ച ഉത്തരവാദിത്വങ്ങൾക്കിടയിലും ഏറെ ത്യാഗപൂർവ്വം പുഴമുടി സെന്റ് മേരീസ് കുരിശുപള്ളിയെ ആത്മീയവും ഭൗതീകവുമായ വളർച്ചയിലേയ്ക്ക് നയിച്ച ബഹു. തോമസ് കോയിക്കാട്ടിൽ അച്ചനെ നന്ദിയോടെ ഓർക്കുകയും ഹൃദയപൂർവ്വം അനുമോദിക്കുകയും ചെയ്യുന്നു.

പുതിയ ഇടവകയുടെ ബഹു. വികാരിയച്ചനെയും, കൈക്കാരന്മാർ, വാർഡ് പ്രതിനിധികൾ എന്നിവരെയും ഇടവക ജനത്തെയും നല്ല ഇടയനായ ഈശോ, തന്റെ പരിശുദ്ധ അമ്മയുടെ മധ്യസ്ഥതയിലൂടെ ധാരാളമായി അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളോടുകൂടെയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2015 ജനുവരി മാസം 28 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# രൂപതാകച്ചേരി വാർത്തകൾ

**അഭിവന്ദ്യ പിതാവിന്റെ നാമഹേതുകതിരുനാൾ**

മാർച്ച് 19-ാം തീയതി തിരുസഭ വി. യൗസേപ്പിതാവിന്റെ ഓർമ്മ തിരുനാൾ ആചരിക്കുകയാണല്ലോ. ഔസേപ്പ് പിതാവിന്റെ നാമധാരി യായ നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന് രൂപത മുഴുവന്റെയും സ്നേഹപൂർവ്വകമായ നാമഹേതുക തിരുനാൾ മംഗളാശംസകൾ. തിരുസഭയുടെ പരിപാലകനായ മാർ യൗസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭിവന്ദ്യ പിതാവും മാനന്തവാടി രൂപതയും അനുഗ്രഹിക്കപ്പെടട്ടെ എന്ന് നമുക്ക് ഒന്നുചേർന്ന് പ്രാർത്ഥിക്കാം. വി.യൗസേപ്പിന്റെ നാമധാരികളായ ബഹു. വൈദികരെയും നമ്മുടെ പ്രാർത്ഥനയിൽ അന്നേദിവസം പ്രത്യേകം ഓർക്കാം. വി. യൗസേപ്പ് പിതാവിന്റെ നാമധാരികളായ എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ.

**മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമവാർഷികം**

നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ പിതാവ് മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തീയതി തിങ്കളാഴ്ചയാണ്. അന്നേദിവസം കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 7.00 മണിയ്ക്ക് തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായസഹോദരങ്ങളും ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടാതെ, എല്ലാ ഇടവകകളിലും ഇടവക ചെലവിൽ പിതാവിനുവേണ്ടി വി. കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**സ്നേഹസ്മരണ**

ബഹു. ഫ്രാൻസീസ് വാളായിലച്ചന്റെ ചരമദിനമായ മാർച്ച് 10-ാം തീയതി അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

**മദ്യവിരുദ്ധ ഞായർ മാർച്ച് 8**

കേരള കത്തോലിക്കാസഭ മാർച്ച് 8 ന് മദ്യവിരുദ്ധ ഞായർ ആയി ആചരിക്കുകയാണല്ലോ. നമ്മുടെ രൂപതയിൽ ലഹരിവിമുക്ത വർഷാചരണം അതിന്റെ സമാപ്തിയിൽ എത്തിനിൽക്കുന്ന ഈ

ഘട്ടത്തിൽ മദ്യവിരുദ്ധ ഞായർ ആചരണത്തിന് പ്രസക്തി ഏറുകയാണ്. ഈ ദിനം സമുചിതമായി ആഘോഷിക്കുവാൻ എല്ലാ ഇടവകകളും ശ്രദ്ധിക്കുമല്ലോ. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടേതായി ഈ ബുള്ളറ്റിനിൽ തന്നെ ചേർത്തിരിക്കുന്ന സർക്കുലർ വി.കുർബാന മദ്ധ്യേ വായിക്കുകയും അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച എടുത്ത് മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കുവാനായി രൂപതാ കേന്ദ്രത്തിൽ എത്തിച്ചുതരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. നമ്മുടെ രൂപതയിലെ ലഹരിവിമുക്ത വർഷാചരണ പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നൽകുകയും തുടർപ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്യുന്ന ബഹു. സണ്ണി മഠത്തിലച്ചനും മറ്റ് സഹപ്രവർത്തകർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് കെ.സി.ബി.സി. തലത്തിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കിയ രൂപത മദ്യവിരുദ്ധ സമിതിയ്ക്ക് മാനന്തവാടി രൂപത മുഴുവന്റെയും ഹൃദ്യമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**അഭിനന്ദനങ്ങൾ**

മലബാർ മിഷനറി ബ്രദേഴ്സിന്റെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട ബ്രദർ ഫ്രാങ്കോ കണ്ണമ്പുഴയ്ക്ക് അഭിനന്ദനങ്ങൾ. തോണിച്ചാലിലുള്ള എമ്മാവൂസ് വില്ലയിൽ സുപ്പീരിയറായി സേവനം ചെയ്തുകൊണ്ടിരിക്കവേയാണ് ഈ തെരഞ്ഞെടുപ്പ്. മാനന്തവാടി രൂപതയിലെ സമർപ്പിതവർഷാചരണ കമ്മറ്റി ട്രഷറർ കൂടിയായിരുന്നു ബ്രദർ.

**വൈദിക സമ്മേളനം**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന വൈദികരുടെ ഒരു സമ്മേളനം മാർച്ച് 5 വ്യാഴാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 2 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. ഏതെങ്കിലും കാരണവശാൽ ക്ഷണകത്ത് ലഭിക്കാതെ വന്നാൽ ഇത് അറിയിപ്പായി സ്വീകരിച്ച് വൈദിക സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് ബഹു. വൈദികരോട് അഭ്യർത്ഥിക്കുന്നു.

**മൈനർ ഓർഡേഴ്സ്**

വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്ര പരിശീലനം നേടിക്കൊണ്ടിരിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ മൈനർ ഓർഡേഴ്സ് മാർച്ച് 30 തിങ്കളാഴ്ച രാവിലെ 7 മണിക്ക് മൈനർ സെമിനാരിയിൽ വെച്ച് നൽകപ്പെടുന്നതായിരിക്കും.

**മേജർ സെമിനാരിക്കാരുടെ സമ്മേളനം**

ഇക്കൊല്ലം മേജർ സെമിനാരിക്കാരുടെ സമ്മേളനം ഏപ്രിൽ 13 തിങ്കളാഴ്ച വൈകുന്നേരം 6 മണി മുതൽ ഏപ്രിൽ 16-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം വരെ മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും.

**വൈദിക വസ്ത്ര സ്വീകരണം**

ബിരുദാനന്തര ബിരുദമോ റീജൻസിയോ കഴിഞ്ഞ് ദൈവശാസ്ത്ര പഠനത്തിനായി തയ്യാറെടുക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് മെയ് 12-ന് ചൊവ്വാഴ്ച മൈനർ സെമിനാരിയിൽ വച്ച് അഭിവന്ദ്യ പിതാവ് വൈദിക വസ്ത്രം നൽകുന്നതായിരിക്കും.

**അനുമോദനങ്ങൾ**

കെ.എൽ.എം. (കേരള ലേബർ മൂവ്മെന്റ്) ന്റെ സംസ്ഥാന പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട നമ്മുടെ രൂപതാംഗവും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുമായ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ സാറിന് രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രവർത്തനമണ്ഡലങ്ങളിൽ വിജയാശംസകളും നേരുന്നു.

**ഇടവക സെക്രട്ടറിമാരുടെ പരിശീലനം**

2015 ഫെബ്രുവരി 21 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ 119 ഇടവകകളിൽ നിന്ന് സെക്രട്ടറിമാർ പങ്കെടുത്തു. ഇടവകകളിലെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്ന P.V. Chacko & Co. യിലെ ഓഡിറ്റർ എൽദോ സാർ ക്ലാസ്സുകൾ നയിച്ചു. വലിയ കൃത്യനിഷ്ഠയോടും അച്ചടക്കത്തോടും കൂടി മാതൃകാപരമായും സജീവമായും പരിശീലന പരിപാടിയിൽ പങ്കുചേർന്ന എല്ലാവർക്കും ഹൃദ്യമായ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. ക്ലാസ്സെടുത്ത ശ്രീ. എൽദോയ്ക്കും പരിശീലനം സംഘടിപ്പിച്ച രൂപതാ പ്രൊക്കുറേറ്റർ ബഹു. ബെന്നി മുതിരക്കാലായിൽ അച്ചനും സഹായ സഹകരണങ്ങളുമായി സഹകരിച്ച ബഹു. ജോസഫ് പരുവുമ്മേൽ അച്ചനും ബഹു. മനോജ് കവലക്കാടൻ അച്ചനും സെക്രട്ടറിമാരെ കൃത്യമായി പറഞ്ഞയച്ച വികാരിയച്ചന്മാർക്കും നന്ദി.

**കൂരിയ അവധി**

മാർച്ച് 30 മുതൽ ഏപ്രിൽ 10 വരെ കൂരിയ അവധിയായിരിക്കുമെന്ന് ബഹു. വികാരിയച്ചന്മാർ ഇടവകകളിൽ മുൻകൂട്ടി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സമർപ്പിത വർഷം**

തിരുസഭ സമർപ്പിതവർഷം ആചരിക്കുന്നതിനോട് അനുബന്ധിച്ച് നമ്മുടെ രൂപതയിലും വിവിധ പരിപാടികൾ നടത്തിവരുന്ന വിവരം ഇതിനോടകം രൂപതാ ബുള്ളറ്റിനിൽ നൽകിയിരുന്നു. നമ്മുടെ സമർപ്പിത വർഷാചരണത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പരിപാടി 2015 മാർച്ച് 14-ാം തീയതി ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്ന സമർപ്പിതസംഗമമാണ്. മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന സമർപ്പിതർ നൽകിക്കൊണ്ടിരിക്കുന്ന സ്തുത്യർഹമായ സേവനങ്ങളെ വിലമതിക്കുന്നതിനും, സമർപ്പിത ശുശ്രൂഷാമേഖലകൾക്ക്

നവദർശനങ്ങൾ പകർന്ന് നൽകുന്നതിനുമായി നടത്തപ്പെടുന്ന ഈ സംഗമത്തിൽ നമ്മുടെ പ്രിയങ്കരനായ മാർ ജേക്കബ് തൂങ്കുഴി പിതാവും നമ്മുടെ രൂപതാംഗവും അതിരൂപതാദ്ധ്യക്ഷനുമായ മാർ ജോർജ്ജ് ഞരളക്കാട്ട് മെത്രാപ്പോലീത്തായും നമ്മുടെ രൂപതാദ്ധ്യക്ഷനായ മാർ ജോസ് പൊരുന്നേടം പിതാവിനോടൊപ്പം പങ്കെടുക്കുന്നു എന്നത് ഏറെ സന്തോഷകരമാണ്. അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം, മാനന്തവാടി രൂപതയിലെ എല്ലാ രൂപതാ വൈദികരും, സന്യാസി-സന്യാസിനികളും, രൂപതാ പാസ്റ്ററൽ കൗൺസിൽ സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങളും, രൂപതയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും രൂപതാഭാരവാഹികളും ഈ സംഗമത്തിൽ പങ്കെടുക്കുന്നതാണ്. മേൽപറഞ്ഞ എല്ലാവർക്കും ക്ഷണകത്തുകൾ അയച്ചിട്ടുണ്ട്. ആർക്കെങ്കിലും ഏതെങ്കിലും കാരണവശാൽ കിട്ടാതെ വന്നാൽ ഇതൊരു അറിയിപ്പായി സ്വീകരിച്ച് പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**കാര്യപരിപാടികൾ**

09.30 a.m. : ജപമാല, 10.00 a.m. : വി. കുർബാന, 11.30 a.m. : ക്ലാസ്സ്: റവ. ഡോ. ജോസഫ് പാംപ്ലാനി, 01.30 p.m. : സ്നേഹവിരുന്ന്, 02.15 p.m.: പൊതുസമ്മേളനം, 03.30 p.m. : സമാപനം

സമർപ്പിതവർഷത്തോടനുബന്ധിച്ച് കുടുംബങ്ങളിൽ ചൊല്ലേണ്ട പ്രാർത്ഥന ഇതിനോടകം എല്ലാ ഇടവകകളിലും എത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്. നമ്മുടെ എല്ലാ ഭവനങ്ങളിലും കുടുംബപ്രാർത്ഥനയിൽ ഈ പ്രാർത്ഥനകൂടി ഉൾപ്പെടുത്തുവാൻ ശ്രമിക്കുമല്ലോ.

## വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും

ഈ വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ പാസ്സാക്കുന്നതിനും കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം ഏപ്രിൽ 12-ാം തീയതി ഞായറാഴ്ച നടത്തേണ്ടതാണ്. 12-ാം തീയതി അസൗകര്യം ഉള്ള ഇടവകകൾക്ക് ഏപ്രിൽ 19-ന് നടത്താവുന്നതാണ്. പൊതുയോഗത്തിൽ 2014-15 വർഷത്തെ വാർഷിക കണക്ക്, 2015-16 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ച് പാസാക്കുകയും 2015-16 വർഷത്തേയ്ക്കുള്ള കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യണം. രണ്ട് ഇന്റേണൽ ഓഡിറ്റർമാരെയും തിരഞ്ഞെടുക്കണം. കൈക്കാരന്മാരായി തിരഞ്ഞെടുക്കപ്പെടുന്നവരിൽ നിന്ന് പ്രതിജ്ഞാപത്രം അപ്പോൾ തന്നെ ഒപ്പിട്ട് വാങ്ങേണ്ടതാണ്.

★ പൊതുയോഗ മിനിറ്റ്സിന്റെ പകർപ്പും വാർഷിക തെരട്ടിന്റെയും ബഡ്ജറ്റിന്റേയും കോപ്പികളും, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രവും ഓഡിറ്റിംഗിനു വരുമ്പോൾ ബഹു. വികാരി ജനറാളച്ചനു സമർപ്പിച്ച് അംഗീകാരം വാങ്ങണം. കൈക്കാരന്മാരുടെ പ്രതിജ്ഞാ

പത്രങ്ങൾ സമർപ്പിച്ച് അംഗീകാരം ലഭിച്ചതിനുശേഷമാണ് പുതിയ കൈക്കാരന്മാർ ചാർജ്ജെടുക്കുക. കൈക്കാരന്മാരുടെ യോഗ്യതകളെക്കുറിച്ച് നിയമാവലിയിൽ പറഞ്ഞിരിക്കുന്നതിന് പുറമെ *(കൈക്കാരന്മാർ 21 വയസിൽ കുറയാത്തവരും, വിശ്വസ്തരും, സത്യസന്ധരും, കഴിവുറ്റവരും, കാര്യപ്രാപ്തരും, സേവനസന്നദ്ധരും, ഇടവക കുടിശിഖ ഇല്ലാത്തവരും, ലഹരിക്ക് അടിമപ്പെടാത്തവരും പള്ളിയുടെ നന്മയ്ക്ക് പ്രവർത്തിക്കുന്നവരും സഭാവിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെടാത്തവരും ആയിരിക്കണം. പേജ് 151, നമ്പർ 42.)* സഭാശുശ്രൂഷകരെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ അഭിവന്ദ്യ പിതാവിന്റെ പ്രത്യേക പാസ്റ്ററൽ ലെറ്റർ നമ്പർ 02/2008, Prot.No. 6414/2008 –ൽ പറഞ്ഞിട്ടുള്ളതും പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

- ★ സഭാ ശുശ്രൂഷകർക്കായി നിയോഗിക്കപ്പെടുന്ന സഭാംഗങ്ങൾ, ഏതു തരത്തിൽപ്പെട്ടവരായാലും ക്രൈസ്തവവിശ്വാസവും ധാർമ്മികതയും ആചാരാനുഷ്ഠാനങ്ങളും ശരിയായി മനസ്സിലാക്കി അവ തെറ്റു കൂടാതെയും കുറവു കൂടാതെയും വിശ്വസിച്ച് ജീവിക്കുന്നവരും ആകണം.
- ★ വിശ്വാസജീവിതം നയിക്കാത്തവരും അതു പരസ്യമായി പറയാൻ മടിക്കുന്നവരും ശുശ്രൂഷയുടെ സ്ഥാനങ്ങളിലേയ്ക്ക് നിയോഗിക്കപ്പെടരുത്.
- ★ ക്രൈസ്തവവിശ്വാസവും ധാർമ്മികതയും അംഗീകരിക്കാത്ത പ്രസ്ഥാനങ്ങളിലും സംഘടനകളിലും അംഗങ്ങളാകുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല.
- ★ സീറോ മലബാർ സഭയുടെ പള്ളി നടപടി ക്രമം 6.1.1. അനുസരിച്ച് സഭയുടെ വിശ്വാസത്തെയും സഭാപ്രബോധനങ്ങളെയും പരസ്യമായി എതിർക്കുന്നവർ പൊതുയോഗത്തിലും പ്രതിനിധിയോഗത്തിലും അംഗങ്ങളാകുവാൻ പാടില്ല. അവർ ശുശ്രൂഷാസ്ഥാനങ്ങളിൽ നിയോഗിക്കപ്പെടാനും പാടില്ല.
- ★ കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ് അംഗീകരിച്ച് നിയമിക്കാനായി രൂപതാകേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്ന പൊതുയോഗ തീരുമാനത്തോടൊപ്പം രൂപതാകേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേകപ്രതിജ്ഞാപത്രം തെരഞ്ഞെടുക്കപ്പെടുന്നവരുടെയും ബഹു. വികാരിയുടെയും സാക്ഷികളുടെയും ഒപ്പുസഹിതം പൊതുയോഗ തീരുമാനത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- ★ പ്രതിനിധിയോഗാംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പിനുശേഷം അവർ സ്ഥാനമേൽക്കുന്നതിനുമുൻപായി മേല്പറഞ്ഞ പ്രകാരം സത്യപ്രതിജ്ഞാപത്രം ഒപ്പിട്ട് ബഹു. വികാരിയെ ഏൽപിക്കേണ്ടതാണ്. വികാരി അവ ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.
- ★ മതാധ്യാപകരായി നിയമിക്കപ്പെടുന്നവരും സത്യപ്രതിജ്ഞാപത്രം

ഒപ്പിട്ടു നൽകുകയും വികാരി അത് ഇടവക ഫയലിൽ സൂക്ഷിക്കുകയും വേണം.

★ മദ്യപർ എന്ന് അറിയപ്പെടുന്നവരും ഏതെങ്കിലും ലഹരിക്ക് അടിമപ്പെട്ടവരും തെരഞ്ഞെടുക്കപ്പെടാൻ പാടില്ല.

**ഓഡിറ്റിംഗ്**

കഴിഞ്ഞവർഷം ചെയ്തതുപോലെ എല്ലാ ഇടവകകളുടെയും കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ്സ് പരിശോധിക്കുന്നതാണ്. FC account ഉള്ളവരും രൂപതവഴി വിദേശസഹായം കിട്ടിയവരും അവയുടെ പ്രത്യേക കണക്കും ഓഡിറ്റിംഗിനായി വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞവർഷം ഓഡിറ്റർമാർ നൽകിയ നിർദ്ദേശങ്ങൾ അനുസരിച്ചും ഫെബ്രുവരി 21 ന് നടന്ന ക്ലാസിൽ പറഞ്ഞതനുസരിച്ചും വേണ്ട രേഖകൾ ഹാജരാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഈ വർഷം ഏപ്രിൽ 20-ാം തീയതി മുതലാണ് ഓഡിറ്റിംഗ് ക്രമീകരിച്ചിരിക്കുന്നത്.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. ഉച്ചയ്ക്കുശേഷം 2 മണിക്കായിരിക്കും ഓഡിറ്റിംഗ് ആരംഭിക്കുന്നത്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കുശേഷം എന്നിങ്ങനെസമയം ക്രമീകരിച്ചിട്ടേയുള്ളൂ. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടിയെങ്കിലും, ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ ഉച്ച കഴിഞ്ഞ് 2 മണിയോടുകൂടിയെങ്കിലും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ. ഏതെങ്കിലും കാരണത്താൽ ദിവസമാറ്റം ആവശ്യമായി വന്നാൽ മുൻകൂട്ടി ജനറാളച്ചനെ അറിയിച്ച് മറ്റൊരു ദിവസവും സമയവും ക്രമീകരിക്കേണ്ടതാണ്.

ഓഡിറ്റിംഗിനു സെക്രട്ടറിമാർ വരുമ്പോൾ ഫെബ്രുവരി 21 ന് നടന്ന ക്ലാസിന്റെ അവസരത്തിൽ നൽകിയ ചെക്ക് ലിസ്റ്റ് അനുസരിച്ചുള്ളവ എല്ലാം ഉണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ബഹു. ജനറാളച്ചന് സമർപ്പിക്കാനായി വാർഷികതെരട്ട് ബുക്ക്, വാർഷികപൊതുയോഗ മിനിട്സിന്റെ പകർപ്പ്, 2015-2016 ലേയ്ക്കുള്ള ബഡ്ജറ്റ്, വാർഷികതെരട്ടിന്റെ കോപ്പി, 10% രൂപതാവിഹിതം അയച്ചതിന്റെ റസീപ്റ്റ്, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രം എന്നിവ കൊണ്ടുവരേണ്ടതാണ്. ഓഡിറ്റേഴ്സിന്റെ പരിശോധനയ്ക്കായി നാൾവഴി, തെരട്ട്ബുക്ക്, വാർഷിക തെരട്ടിന്റെ പകർപ്പ്, FC യുണ്ട് എങ്കിൽ അതിന്റെ വേറെയുള്ള കണക്കുകൾ, പാസ്സ്ബുക്കുകൾ, ചെക്ക്ബുക്കുകൾ, FD റസീപ്റ്റുകൾ, ബില്ലുകൾ, വൗച്ചറുകൾ, റസീപ്റ്റ് കുറ്റികൾ എന്നിവയും കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ഫീസ് കൊടുക്കാത്തവർ അവയും ഇൻകം ടാക്സ് ഓഫീസിൽ റിട്ടേൺ സമർപ്പിക്കുവാനായിട്ടുള്ള ഫീസും ഓഡിറ്റിന് വരുന്ന അവസരത്തിൽ കൊണ്ടുവരേണ്ടതാണ്. കൂടാതെ PPF ഇടവകവിഹിതം അടച്ചുവെന്ന് ഉറപ്പുവരുത്തുകയും വേണം.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

| **കല്ലോടി ഫൊറോന** | **ഏപ്രിൽ 20 തിങ്കൾ** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| ചുള്ളിയാന | രാവിലെ 9 മുതൽ | " |
| ദീപ്തിഗിരി | രാവിലെ 9 മുതൽ | " |
| ദ്വാരക | രാവിലെ 9 മുതൽ | " |
| കല്ലോടി | രാവിലെ 9 മുതൽ | " |
| വാളേരി (Dependent Filial Church) | രാവിലെ 9 മുതൽ | " |
| കരിമ്പിൽ | രാവിലെ 9 മുതൽ | " |
| കാരയ്ക്കാമല | രാവിലെ 9 മുതൽ | " |
| ജൂഡ്സ്മൗണ്ട് | രാവിലെ 9 മുതൽ | " |
| കൊമ്മയാട് | രാവിലെ 9 മുതൽ | " |
| കുഞ്ഞോം | രാവിലെ 9 മുതൽ | " |
| മക്കിയാട് | രാവിലെ 9 മുതൽ | " |
| മംഗലശ്ശേരി | രാവിലെ 9 മുതൽ | " |
| മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിരവിൽപുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ഒഴുക്കൻമൂല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതുശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതിയിടംകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വഞ്ഞോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 21 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| ആലാറ്റിൽ | രാവിലെ 9 മുതൽ | " |
| ഏലപ്പീടിക | രാവിലെ 9 മുതൽ | " |
| കരിമാനി | രാവിലെ 9 മുതൽ | " |
| കുറ്റിമൂല | രാവിലെ 9 മുതൽ | " |
| മാനന്തവാടി കത്തീഡ്രൽ | രാവിലെ 9 മുതൽ | " |
| മാനന്തവാടി ടൗൺ | രാവിലെ 9 മുതൽ | " |
| പാറത്തോട്ടം | രാവിലെ 9 മുതൽ | " |
| പേരിയ | രാവിലെ 9 മുതൽ | " |
| പോരൂർ | രാവിലെ 9 മുതൽ | " |
| പുതിയിടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| | | |
|---|---|---|
| വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബോയ്സ് ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പ്രശാന്തഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **ചുങ്കക്കുന്ന് ഫൊറോന** | **ഏപ്രിൽ 22 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അടയ്ക്കാത്തോട് | രാവിലെ 9 മുതൽ | " |
| അമ്പായത്തോട് | രാവിലെ 9 മുതൽ | " |
| ചുങ്കക്കുന്ന് | രാവിലെ 9 മുതൽ | " |
| കേളകം | രാവിലെ 9 മുതൽ | " |
| കൊട്ടിയൂർ | രാവിലെ 9 മുതൽ | " |
| നെല്ലിയോടി | രാവിലെ 9 മുതൽ | " |
| ഒറ്റപ്ലാവ് | രാവിലെ 9 മുതൽ | " |
| പാൽചുരം | രാവിലെ 9 മുതൽ | " |
| ശാന്തിഗിരി | രാവിലെ 9 മുതൽ | " |
| വെള്ളൂന്നി | രാവിലെ 9 മുതൽ | " |
| **നടവയൽ ഫൊറോന** | **ഏപ്രിൽ 22 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അരിഞ്ചേർമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചെറുകാട്ടൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചുണ്ടക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കല്ലുവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കണിയാമ്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കേണിച്ചിറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനമരം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **തരിയോട് ഫൊറോന** | **ഏപ്രിൽ 23 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| തരിയോട് | രാവിലെ 9 മുതൽ | " |
| ചെന്നലോട് | രാവിലെ 9 മുതൽ | " |
| കാവുംമന്ദം | രാവിലെ 9 മുതൽ | " |
| കോട്ടത്തറ | രാവിലെ 9 മുതൽ | " |
| കുറുമ്പാല | രാവിലെ 9 മുതൽ | " |
| കുറുമണി | രാവിലെ 9 മുതൽ | " |
| മംഗളം | രാവിലെ 9 മുതൽ | " |
| പന്തിപ്പൊയിൽ (Independent Station) | രാവിലെ 9 മുതൽ | " |
| മഞ്ഞൂറ | രാവിലെ 9 മുതൽ | " |
| പുതുശ്ശേരിക്കടവ് | രാവിലെ 9 മുതൽ | " |

| നടവയൽ ഫൊറോന | ഏപ്രിൽ 23 വ്യാഴം | ബിഷപ്സ് ഹൗസ് |
|---|---|---|
| കുറുമ്പാലക്കോട്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നടവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെയ്ക്കുപ്പ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പറളിക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മണിമൂളി ഫൊറോന** | **ഏപ്രിൽ 24 വെള്ളി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| മണിമൂളി (Including Manimooly, PC & Syncellus Office) | രാവിലെ 9 മുതൽ | " |
| ഭൂദാനം | രാവിലെ 9 മുതൽ | " |
| നരിവാലമുണ്ട | രാവിലെ 9 മുതൽ | " |
| ഞാറപ്പാടം | രാവിലെ 9 മുതൽ | " |
| മുണ്ടേരി | രാവിലെ 9 മുതൽ | " |
| പാലാങ്കര | രാവിലെ 9 മുതൽ | " |
| പാലേമാട് | രാവിലെ 9 മുതൽ | " |
| പാതിരിപ്പാടം | രാവിലെ 9 മുതൽ | " |
| തലഞ്ഞി | രാവിലെ 9 മുതൽ | " |
| മരുത (Independent Station) | രാവിലെ 9 മുതൽ | " |
| **നിലമ്പൂർ ഫൊറോന** | **ഏപ്രിൽ 24 വെള്ളി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| ചോക്കാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടിവണ്ണ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മൂലേപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുട്ടിയേൽ (Independent Station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിലമ്പൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂക്കോട്ടുംപാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂളപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റൂബി നഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റ്റി.കെ. കോളനി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തേൾപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വള്ളിക്കെട്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വടപുറം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **കല്പറ്റ ഫൊറോന** | **ഏപ്രിൽ 27 തിങ്കൾ** | **ബിഷപ്സ് ഹൗസ്** |
| കല്പറ്റ | രാവിലെ 9 മുതൽ | " |
| വാഴവറ്റ | രാവിലെ 9 മുതൽ | " |
| തെനേരി | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| നെടുമ്പാല | രാവിലെ 9 മുതൽ | " |
| റിപ്പൺ | രാവിലെ 9 മുതൽ | " |
| കൊളവയൽ | രാവിലെ 9 മുതൽ | " |
| എടപ്പെട്ടി | രാവിലെ 9 മുതൽ | " |
| വൈത്തിരി | രാവിലെ 9 മുതൽ | " |
| ചാരിറ്റി | രാവിലെ 9 മുതൽ | " |
| ലക്കിടി | രാവിലെ 9 മുതൽ | " |
| ഒലിവുമല | രാവിലെ 9 മുതൽ | " |
| ചൂരൽമല (Independent Station) | രാവിലെ 9 മുതൽ | " |
| കുന്നംമ്പറ്റ (Independent Station) | രാവിലെ 9 മുതൽ | " |
| പുഴമുടി | രാവിലെ 9 മുതൽ | " |
| തൃക്കൈപ്പെറ്റ | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 27 തിങ്കൾ** | **ബിഷപ്പ്സ് ഹൗസ്** |
| പയ്യംപള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| അപ്പപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ആറാട്ടുതറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബാവലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മുള്ളൻകൊല്ലി ഫൊറോന** | **ഏപ്രിൽ 28 ചൊവ്വ** | **ബിഷപ്പ്സ് ഹൗസ്** |
| ആടിക്കൊല്ലി | രാവിലെ 9 മുതൽ | " |
| അമരക്കുനി | രാവിലെ 9 മുതൽ | " |
| ഇരുളം | രാവിലെ 9 മുതൽ | " |
| കബനിഗിരി | രാവിലെ 9 മുതൽ | " |
| മരകാവ് | രാവിലെ 9 മുതൽ | " |
| മരക്കടവ് | രാവിലെ 9 മുതൽ | " |
| മുള്ളൻകൊല്ലി | രാവിലെ 9 മുതൽ | " |
| പാടിച്ചിറ | രാവിലെ 9 മുതൽ | " |
| പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ | " |
| പുൽപ്പള്ളി | രാവിലെ 9 മുതൽ | " |
| സീതാമൗണ്ട് | രാവിലെ 9 മുതൽ | " |
| ശിശുമല | രാവിലെ 9 മുതൽ | " |
| വാളാഞ്ചേരി (Independent Station) | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 28 ചൊവ്വ** | **ബിഷപ്പ്സ് ഹൗസ്** |
| എടയൂർകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കമ്മന | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാട്ടിക്കുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മാർട്ടിൻനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| | | |
|---|---|---|
| പടമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനവല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തൃശ്ശിലേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **സു. ബത്തേരി ഫൊറോന** | **ഏപ്രിൽ 29 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അമ്പലവയൽ | രാവിലെ 9 മുതൽ | " |
| ചീങ്ങവല്ലം (Independent Station) | രാവിലെ 9 മുതൽ | " |
| ചിത്രഗിരി | രാവിലെ 9 മുതൽ | " |
| ചുള്ളിയോട് | രാവിലെ 9 മുതൽ | " |
| കടൽമാട് | രാവിലെ 9 മുതൽ | " |
| കരണി | രാവിലെ 9 മുതൽ | " |
| മീനങ്ങാടി | രാവിലെ 9 മുതൽ | " |
| കല്ലുമുക്ക് | രാവിലെ 9 മുതൽ | " |
| പഴൂർ | രാവിലെ 9 മുതൽ | " |
| സു.ബത്തേരി | രാവിലെ 9 മുതൽ | " |
| മൂലങ്കാവ് | രാവിലെ 9 മുതൽ | " |
| തോമാട്ടുചാൽ | രാവിലെ 9 മുതൽ | " |
| വടക്കനാട് | രാവിലെ 9 മുതൽ | " |
| വാകേരി | രാവിലെ 9 മുതൽ | " |
| **ഗൂഡല്ലൂർ റീജിയൺ** | **ഏപ്രിൽ 30 വ്യാഴം** | **അരുൾനിലയം** |
| അരുൾനിലയം | രാവിലെ 9 മുതൽ | " |
| ബെക്കി | രാവിലെ 9 മുതൽ | " |
| ബർലിയാർ | രാവിലെ 9 മുതൽ | " |
| കൂനൂർ | രാവിലെ 9 മുതൽ | " |
| അറുവൻകാട് (Independent Station) | രാവിലെ 9 മുതൽ | " |
| ധർമ്മഗിരി | രാവിലെ 9 മുതൽ | " |
| ആറാട്ടുപാറ (Independent Station) | രാവിലെ 9 മുതൽ | " |
| കൽപ്ര | രാവിലെ 9 മുതൽ | " |
| കയ്യൂന്നി | രാവിലെ 9 മുതൽ | " |
| കുന്നലാടി | രാവിലെ 9 മുതൽ | " |
| മച്ചിക്കൊല്ലി | രാവിലെ 9 മുതൽ | " |
| മണ്ണുവയൽ | രാവിലെ 9 മുതൽ | " |
| പനംചിറ | രാവിലെ 9 മുതൽ | " |
| വിമലഗിരി | രാവിലെ 9 മുതൽ | " |
| ഊട്ടി | രാവിലെ 9 മുതൽ | " |

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# *വിദ്യാഭ്യാസ സഹായനിധി*

മാനന്തവാടി രൂപത വിദ്യാഭ്യാസ സഹായനിധിയിലേക്കുള്ള ഈ വർഷത്തെ അപേക്ഷകൾ സ്വീകരിക്കുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2015 ഏപ്രിൽ 10 ആണ്. അതിനുശേഷം യാതൊരു കാരണവശാലും അപേക്ഷകൾ സ്വീകരിക്കുന്നതല്ല. അപേക്ഷാഫോറം ലഭിക്കാതെ വന്നാൽ വികാരിയച്ചന്മാർ ബിഷപ്സ് ഹൗസിൽ നിന്ന് പ്രസ്തുത ഫോറം വാങ്ങിക്കുമല്ലോ.

**അപേക്ഷകൾ അയയ്ക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക**

1) അയച്ചു തരുന്ന ഫോറമാണ് പൂരിപ്പിച്ച് അയയ്ക്കേണ്ടത്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കോപ്പിയെടുത്ത് ഓരോ കുട്ടിക്കും, ഓരോ ഫോറമാണ് പൂരിപ്പിച്ച് അയയ്ക്കേണ്ടത്.
2) വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ഇടവക കമ്മറ്റിയാണ് കുട്ടികളെ തിരഞ്ഞെടുക്കേണ്ടത്.
3) 2015-2016 അധ്യയനവർഷത്തിൽ 8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവരും പഠനത്തിൽ മികവു പുലർത്തുന്നവരുമായവരുടെ ലിസ്റ്റാണ് അയയ്ക്കേണ്ടത്.
4) കുട്ടിയുടെ പേര്, മാമ്മോദീസ പേര്, വീട്ടുപേര്, എന്നിവ ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം.
5) ഓരോ ഇടവകയിൽ നിന്നും അഞ്ചു കുട്ടികളുടെ പേരുകൾ മുൻഗണനാക്രമത്തിൽ ബഹു. വികാരിയച്ചന്റെ ഒപ്പോടു കൂടിയാണ് നൽകേണ്ടത്. അപേക്ഷിക്കുന്ന എല്ലാവർക്കും സ്കോളർഷിപ്പ് ലഭിക്കണമെന്നില്ല. പണലഭ്യത അനുസരിച്ച് മാത്രമായിരിക്കും സഹായം ലഭിക്കുന്നത്.
6) 12-ാം ക്ലാസ് കഴിയാത്ത വിദ്യാർത്ഥികളെ പരിഗണിക്കുമ്പോൾ മുൻവർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ചവരെ ഉൾപ്പെടുത്താവുന്നതാണ്.

*അയയ്ക്കേണ്ട വിലാസം:-* The Secretary, Diocesan Education Aid Fund
Bishop's House, P. B. No.1, Mananthavady-670 645

NB:- Education Aid Fund - ലേക്കുള്ള പിരിവ് ദയവായി എത്രയുംവേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

**START COURSE ലേക്ക് സ്കോളർഷിപ്പ്**

താമരശ്ശേരി രൂപതയുടെ കീഴിൽ കോഴിക്കോട് പ്രവർത്തിക്കുന്ന START (St. Thomas Academy for Research and Training) എന്ന പരിശീലന കേന്ദ്രത്തിൽ ഉപരിപഠനത്തിന് ഒരുക്കമായിട്ടുള്ള ഒരു വർഷത്തെ അടിസ്ഥാന പരിശീലനത്തിൽ സംബന്ധിക്കുവാൻ രൂപതാ വിദ്യാഭ്യാസ സഹായനിധിയുടെ സഹായത്തോടെ പഠിക്കുകയും ഈ വർഷം പ്ലസ്ടു പാസ്സാകുകയും ചെയ്യുന്ന 10 പേർക്ക് അവസരമൊരുക്കുന്നു. **രൂപതാ വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയുമായി ബന്ധപ്പെട്ട് സ്റ്റാർട്ടിൽ കോഴ്സിന് പോകുന്നവർക്ക് മാത്രമേ ഈ സഹായം ലഭ്യമാവുകയുള്ളൂ.** ഇംഗ്ലീഷ്, കണക്ക്, ധനതത്വശാസ്ത്രം, ലോകചരിത്രം, സോഷ്യോളജി, പരിസ്ഥിതി പഠനം, വ്യക്തിത്വവികാസം, നിയമം എന്നീ വിഷയങ്ങളിലാണ് പ്രധാനമായും പരിശീലനം. അതോടൊപ്പം ധാർമ്മികതയിലും, ക്രിസ്ത്യൻ മൂല്യങ്ങളിലും അധിഷ്ഠിതമായ പരിശീലനമാണ് ഇവിടെ ലഭിക്കുന്നത്. ഈ കോഴ്സിനുശേഷം ലോ യൂണിവേഴ്സിറ്റികൾ, കേന്ദ്രഗവൺമെന്റിന്റെ ഹൈദ്രാബാദിലും, പോണ്ടിച്ചേരിയിലുമുള്ള സെൻട്രൻ യൂണിവേഴ്സിറ്റികൾ, മൈസൂറിലുള്ള ഓഡിയോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഫൂഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഇൻടഗ്രേറ്റഡ് BEd, എന്നീ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷകൾ, NDA, NID, IIT, VIT, IAS, IPS, ICAR, മെഡിസിൻ, എൻജിനിയറിംങ്, ജേർണ്ണലിസം എന്നിവയുടെ എൻട്രൻസുകൾക്കും ഈ കോഴ്സ് ഉപകരിക്കുന്നു. താൽപര്യമുള്ളവർ താഴെ പറയുന്ന നിബന്ധനകൾ വായിച്ച് ഏപ്രിൽ 10 -ന് മുൻപായി വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയുടെ പേരിൽ ബിഷപ്സ് ഹൗസിലേയ്ക്ക് അപേക്ഷ അയയ്ക്കുകയും കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക.

മേൽവിലാസം :- Secretary, Diocesan Education Aid Fund
Bishop's House, P.B. No. 1, Mananthavady - 670 645

**നിബന്ധനകൾ:**

1. അപേക്ഷകർ മാനന്തവാടി രൂപതാ വിദ്യാഭ്യാസ സഹായനിധിയുടെ സ്കോളർഷിപ്പ് സ്വീകരിച്ച് പഠിച്ചവരായിരിക്കണം.
2. ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾ എളുപ്പമുള്ളവരും പ്ലസ്ടു പാസ്സാകുമെന്ന് ഉറപ്പുള്ളവരുമായിരിക്കണം.
3. 10-ാം ക്ലാസ് മതബോധന ഡിപ്ലോമ കരസ്ഥമാക്കിയവരോ, പ്ലസ്ടു കഴിയാത്തവരാണെങ്കിൽ ഇപ്പോൾ മതബോധനത്തിൽ പ്ലസ്ടു പഠിച്ചുകൊണ്ടിരിക്കുന്നവരോ ആയിരിക്കണം.
4. ബഹു. വികാരിയച്ചന്റെ ശുപാർശ നിർബന്ധമാണ്.
5. അപേക്ഷകർക്ക് interview ഉണ്ടായിരിക്കുന്നതാണ്.

**ഫാ. മനോജ് കവലക്കാടൻ-രൂപതാ വിദ്യാഭ്യാസ സഹായനിധി സെക്രട്ടറി**

# EFFECT

ഏവർക്കും നോമ്പുകാല ആശംസകൾ. മാനന്തവാടി രൂപതയിലെ സന്യാസിനിസമൂഹങ്ങളുടെ പ്രവർത്തനശാഖയായ EFFECT (Education Fund for Effective Christian Training) ന്റെ പ്രവർത്തനങ്ങൾ ഭംഗിയായി പോകുന്നതിൽ നമുക്ക് സന്തോഷിക്കാം. ഒരു സാമ്പത്തിക സഹായം നൽകുക എന്നതിനേക്കാൾ ഉപരി നമ്മുടെ കുട്ടികളെ വിശ്വാസത്തിലും സന്മാർഗ്ഗത്തിലും വളർത്തികൊണ്ടുവരിക എന്നത് EFFECT ന്റെ പ്രധാന ലക്ഷ്യമാണ്.

കഴിഞ്ഞവർഷങ്ങളിൽ ചെയ്തിരുന്നതുപോലെ തന്നെ ഒരിടവക യിൽനിന്നും 2 കുട്ടികൾക്കുവീതം വിദ്യാഭ്യാസ സഹായം നൽകാനാണ് ഈ വർഷവും തീരുമാനിച്ചിരിക്കുന്നത്. കഴിഞ്ഞവർഷങ്ങളിൽ ഇടവ കയിൽ സഹായം ലഭിച്ച് കൊണ്ടിരിക്കുന്ന കുട്ടികൾക്ക് തന്നെ ഈ വർഷവും തുടർന്ന് നൽകാനാണ് സംഘടന ആഗ്രഹിക്കുന്നത്. എന്നാൽ ഇപ്പോൾ സഹായം ലഭിച്ചുകൊണ്ടിരിക്കുന്നകുട്ടി 12-ാം ക്ലാസ് കഴിയു കയോ ഇടവക മാറുകയോ EFFECT ന്റെ നിബന്ധനകളനുസരിച്ച് അർഹത ഇല്ലാത്തവരാണെന്ന് കാണുകയോ ചെയ്താൽ പുതിയ ഒരു കുട്ടിക്കുവേണ്ടി അപേക്ഷിക്കാവുന്നതാണ് എന്ന കാര്യവും ഓർമ്മിപ്പി ക്കുന്നു.

ഒരു സാമ്പത്തിക സഹായം നൽകുക എന്നതിനേക്കാളുപരി നമ്മുടെ കുട്ടികളെ വിശ്വാസത്തിലും, സന്മാർഗ്ഗത്തിലും വളർത്തി കൊണ്ടുവരിക എന്നത് EFFECT ന്റെ പ്രധാന ലക്ഷ്യമാണ്. ഈ ലക്ഷ്യ സാധ്യത്തിനായി അതാത് ഇടവക കോൺവെന്റിലെ സി.സുപ്പീരിയർ ഈ കുട്ടികളുടെ ഉത്തരവാദിത്വം ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സിസ്റ്റർ ഈ കുട്ടികളുമായും അവരുടെ മാതാപിതാക്കളുമായും ഇടയ്ക്കിടെ ബന്ധപ്പെടുകയും സാധിക്കുമെങ്കിൽ ഈ തുക സിസ്റ്ററ് വഴി ആവശ്യാനുസരണം കുട്ടികളിൽ എത്തിക്കുകയും ചെയ്യുന്നത് നന്നാ യിരിക്കും.

വിദ്യാഭ്യാസ മേഖലയിൽ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന 330 കുട്ടികളെ സഹായിക്കുവാൻ 2014 ൽ നമുക്ക് ലഭിച്ച സംഭാവനകൾ ഉപകരിച്ചു. സഹായം സ്വീകരിച്ച കുട്ടികളുടേയും മാതാപിതാക്കളുടേയും സ്നേഹവും കടപ്പാടും എല്ലാം സമർപ്പിതസമൂഹങ്ങളിലെ ബഹു. സിസ്റ്റേഴ്സിനെ സന്തോഷത്തോടെ അറിയിക്കുന്നു.

| 2013-14 വർഷത്തെ വരവ് ചിലവ് കണക്കുകൾ | | |
|---|---|---|
| | വരവ് | ചിലവ് |
| മുൻ നീക്കിയിരിപ്പ് | 73205.00 | |
| സമൂഹങ്ങളിൽ നിന്ന് ലഭിച്ചത് | 373000.00 | |
| ബാങ്ക് പലിശ | 4540.00 | |
| സ്കോളർഷിപ്പ് കൊടുത്തത് | | 414000.00 |
| ബാങ്ക് ചാർജ്ജ് | | 293.00 |
| നീക്കിബാക്കി | | 36452.00 |
| ആകെ | 450745.00 | 450745.00 |

നോമ്പുകാല പരിത്യാഗത്തിൽ മാറ്റിവയ്ക്കുന്ന തുക അനേകം കുടുംബങ്ങൾക്ക് ആശ്വാസം പകരുന്നു. 2015-2016 വർഷത്തെ തുക എല്ലാ കോൺഗ്രിഗേഷനിലെ സുപ്പീരിയേഴ്സ് മാറ്റിവെച്ച് മാർച്ച് 20-ന് മുമ്പ് ബിഷപ്സ് ഹൗസിൽ എത്തിക്കുകയോ, മാർച്ച് 14-ന് സമർപ്പിത സംഗമത്തിന് ദ്വാരകയിൽ വരുമ്പോൾ കൊണ്ടുവരികയോ ചെയ്യുമല്ലോ.

തുടർന്നും EFFECT ന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുവാൻ ഏവരുടേയും സഹായവും സഹകരണവും പ്രതീക്ഷിച്ചുകൊണ്ടും, മുൻകൂട്ടി നന്ദി അറിയിച്ചുകൊണ്ടും,

സ്നേഹപൂർവ്വം, **സി. ലിസ അലക്സ് SKD**

കൺവീനർ, EFFECT

---

# മുള്ളൻകൊല്ലി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം

ഫെബ്രുവരി 10-ാം തീയതി ചൊവ്വാഴ്ച മുള്ളൻകൊല്ലിയിലെ വൈദികരുടെ മാസധ്യാനം മരകാവ് സെന്റ് തോമസ് ഇടവകയിൽ വച്ച് കൂടുകയുണ്ടായി. രൂപതാ വൈദികരും സന്യാസ വൈദികരുമായി പതിനഞ്ചോളം പേർ മാസധ്യാനത്തിൽ പങ്കെടുത്തു. ഫാ. സിറിയക്ക് ജോൺ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. മുള്ളൻകൊല്ലി ഫൊറോന പള്ളിയിൽ പുതുതായി ചാർജ്ജെടുത്ത സഹ. വികാരി ഫാ. ജിനോ മേക്കാട്ടച്ചനെ സ്വാഗതം ചെയ്തു. മരകാവ് ഇടവകയിൽ രണ്ടു വർഷത്തെ സേവനത്തിനുശേഷം തിരികെ അമേരിക്കയിലേക്കു പോകുന്ന ഫാ. സിറിയക്ക് ജോൺ, മുള്ളൻകൊല്ലി സഹവികാരിയായിരുന്ന ഫാ. തോമസ് തെന്നാട്ടിൽ എന്നിവർക്ക് യാത്രയയപ്പ് നൽകി. ഫെബ്രുവരി 14-ാം തീയതി ഫൊറോനാതലത്തിലുള്ള ലഹരിവിമുക്ത വർഷാചരണം മുള്ളൻകൊല്ലി ഫൊറോന പള്ളിയിൽ വച്ച് സമാപിക്കുവാൻ തീരുമാനിച്ചു. മേഖലാതലത്തിലുള്ള മിഷൻലീഗിന്റെ അവധിക്കാല ക്യാമ്പ് ഏപ്രിൽ 13, 14, 15 തീയതികളിൽ മുള്ളൻകൊല്ലി ഫൊറോന പള്ളിയിൽ വച്ച് നടത്താൻ തീരുമാനിച്ചു.

**ഫാ. ജിനോ മേക്കാട്ട്** - സെക്രട്ടറി

# ദൈവവിളി ക്യാമ്പുകൾ

മാനന്തവാടി രൂപത വൊക്കേഷൻ ബ്യൂറോയിൽ നിന്നും സ്നേഹാനിർഭര മായ പ്രാർത്ഥനാശംസകൾ!

ദൈവവിളിയെക്കുറിച്ച് ചിന്തിക്കുകയും, ധ്യാനിക്കുകയും, പ്രാർത്ഥിക്കുകയും ദൈവവിളി കണ്ടെത്തുകയും ചെയ്യുന്നതിന് സഹാ യകമായി നമ്മുടെ രൂപതാ വൊക്കേഷൻ ബ്യൂറോ ദൈവവിളി ക്യാമ്പ് സംഘടിപ്പിക്കുന്നു. ക്യാമ്പിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**ആൺകുട്ടികൾക്കായുള്ള ക്യാമ്പ്**

**ക്യാമ്പ് I : പങ്കെടുക്കേണ്ട ഫൊറോനകൾ**

മണിമൂളി, നിലമ്പൂർ, നീലഗിരി റീജിയൻ

**ക്യാമ്പ് നടക്കുന്ന സ്ഥലം**: റീജിയണൽ പാസ്റ്ററൽ സെന്റർ, മണിമൂളി

**തീയതി** : 2015 മാർച്ച് 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ.

NB:- 1) രാവിലെ 9.30 ന് രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്., 2) പേന, നോട്ടുബുക്ക് എന്നിവ കൊണ്ടുവരണം., 3) ക്യാമ്പിന്റെ രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 50 രൂപ ആയിരിക്കും., 4) വൊക്കേ ഷൻ പ്രമോട്ടേഴ്സിന്റെ സന്ദർശന സമയം ഉച്ചകഴിഞ്ഞ് 2 മുതൽ 2.30 വരെയാണ്.

**ക്യാമ്പ് II : പങ്കെടുക്കേണ്ട ഫൊറോനകൾ**

കൽപ്പറ്റ, മുള്ളൻകൊല്ലി, നടവയൽ, സുൽത്താൻ ബത്തേരി.

**ക്യാമ്പ് നടക്കുന്ന സ്ഥലം**: മൗണ്ട്മേരി കോളേജ്, (രൂപത മൈനർ സെമിനാരി), മാനന്തവാടി.

**തീയതി**: 2015 മാർച്ച് 24-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6 മണി മുതൽ 26-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണി വരെ.

**ക്യാമ്പ് III : പങ്കെടുക്കേണ്ട ഫൊറോനകൾ**

ചുങ്കക്കുന്ന്, കല്ലോടി, മാനന്തവാടി, പയ്യമ്പള്ളി, തരിയോട്.

**ക്യാമ്പ് നടക്കുന്ന സ്ഥലം** : മൗണ്ട് മേരി കോളേജ് (രൂപത മൈനർ സെമിനാരി), മാനന്തവാടി.

**തീയതി:** 2015 മാർച്ച് 26-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 6 മണി മുതൽ 28-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിവരെ.

**ക്യാമ്പ് IV : പ്ലസ് ടു വിദ്യാർത്ഥികൾക്കുവേണ്ടി**

**ക്യാമ്പ് നടക്കുന്ന സ്ഥലം**: മൗണ്ട് മേരി കോളേജ്, മാനന്തവാടി.

**തീയതി**: 2015 മാർച്ച് 31-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ ഏപ്രിൽ 1-ാം തീയതി ഉച്ചക്ക് 1 മണിവരെ.

NB:- ഈ ക്യാമ്പിന് വരാൻ ആഗ്രഹിക്കുന്ന വൊക്കേഷൻ പ്രമോട്ടേഴ്സ് മാർച്ച് 31-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ 2.30 വരെ വരാൻ ശ്രദ്ധിക്കുക.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (ക്യാമ്പ് II, III)**

1) പേന, നോട്ടുബുക്ക്, ബെഡ്ഷീറ്റ്, പുതപ്പ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരണം. 2) ക്യാമ്പവസരത്തിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ് കുട്ടികളെ കാണാനാഗ്രഹിക്കുന്നെങ്കിൽ മുൻകൂട്ടി അനുവാദം വാങ്ങിയിരിക്കണം. അവരുടെ സന്ദർശനസമയം II, III ക്യാമ്പുകളുടെ രണ്ടാമത്തെ ദിവസം (മാർച്ച് 25, 27) ഉച്ചകഴിഞ്ഞ് 2 മണിമുതൽ 2.30 വരെയാണ്. 3) ക്യാമ്പിന്റെ രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 150 രൂപ ആയിരിക്കും.

**പ്രത്യേക അറിയിപ്പ്**

1) ഈ വർഷം പെൺകുട്ടികൾക്കായുള്ള രൂപതാക്യാമ്പ് ഇല്ല. 2) നമ്മുടെ രൂപതയിൽ നിന്ന് മറ്റ് സ്ഥലങ്ങളിലേക്ക് ദൈവവിളി സ്വീകരിച്ചുപോകുന്ന ആൺകുട്ടികളും പെൺകുട്ടികളും N.O.C. വാങ്ങുന്നതിനായി രൂപതാ വൊക്കേഷൻ പ്രമോട്ടറെ സമീപിക്കേണ്ടതാണ്. 3) ദൈവവിളി ക്യാമ്പുകളിലേക്ക് കഴിയുന്നത്ര കുട്ടികളെ പറഞ്ഞയയ്ക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ. സഹകരണത്തിന് മുൻകൂട്ടി നന്ദി അറിയിച്ചുകൊണ്ട്,

**ഫാ. ബിനു പൈനുങ്കൽ** - വൊക്കേഷൻ പ്രമോട്ടർ

<u>അഡ്രസ്സ്</u>

മൗണ്ട്മേരി കോളേജ് (മൈനർ സെമിനാരി)
ബിഷപ്സ് ഹൗസ്, പി.ബി. നമ്പർ 1, മാനന്തവാടി, വയനാട്-670645
ഫാ. തോമസ് കച്ചിറയിൽ, മൊബൈൽ: 9446892434
ഫാ. ബിനു പൈനുങ്കൽ, മൊബൈൽ: 9446254036

## Come and See

നമ്മുടെ രൂപതാ മൈനർസെമിനാരിയിൽ ചേരുവാൻ താത്പര്യമുള്ള കുട്ടികൾക്കായി മാത്രം നടത്തപ്പെടുന്ന Come and See പ്രോഗ്രാം 2015 ഏപ്രിൽ 7-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4 മണിമുതൽ 9-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണിവരെ രൂപതാ മൈനർ സെമിനാരിയായ മൗണ്ട്മേരി കോളേജിൽ വച്ച് നടത്തപ്പെടുന്നു. നമ്മുടെ സെമിനാരിയിൽ ചേരുവാനുള്ള കുട്ടികളെ ഈ പ്രോഗ്രാമിലേക്ക് പറഞ്ഞയയ്ക്കുവാൻ ബഹു. അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ! സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. തോമസ് കച്ചിറയിൽ**
മൈനർസെമിനാരി റെക്ടർ

# ലഹരിവിമുക്ത വർഷാചരണം
## 2014-2015

**നന്ദിയോടെ.....**

ഒരു വർഷം നീണ്ടുനിന്ന ലഹരിവിമുക്ത വർഷാചരണത്തിന് ഔപചാരികമായ സമാപനം കുറിക്കപ്പെട്ടു. ലഹരിവിമുക്തവർഷം ഉയർത്തിയ ആവേശവും പ്രവർത്തനവും തുടരുന്നു. സമാപനത്തിലെത്തിനിൽക്കുന്ന ഈ വേളയിൽ ലഹരിവിമുക്ത വർഷാചരണ രൂപതാ കമ്മറ്റി വർഷാചരണത്തെ വിജയകരമാക്കിതീർക്കുവാൻ നേതൃത്വം നൽകിയവരുടെ മുമ്പിൽ കൂപ്പുകൈകളോടെ നന്ദിയർപ്പിക്കുകയാണ്.

ദൈവാനുഗ്രഹത്തിന്റെയും ദൈവകൃപയുടെയും സമയമായിരുന്നു ലഹരിവിമുക്തവർഷം. ഏറെ അനുയോജ്യമായ സമയത്ത് തന്നെയാണ് വർഷാചരണം പ്രഖ്യാപിക്കപ്പെട്ടത്. ദൈവം തെരഞ്ഞെടുത്ത് അനുഗ്രഹിച്ച് നൽകിയ സമയം. ഏറ്റവുമധികം മദ്യം ഉപയോഗമുള്ള കേരളം മുഴുവൻ ലഹരിവിരുദ്ധമായ സമീപനംകൊണ്ടും ചർച്ചകൊണ്ടും തീരുമാനങ്ങൾക്കൊണ്ടും ശ്രദ്ധിക്കപ്പെട്ട വർഷം. ദൈവത്തിന് നന്ദി പറയാം. ധാരാളം വ്യക്തികളേയും കുടുംബങ്ങളെയും സമാധാനത്തിലേക്കും സന്തോഷത്തിലേക്കും തിരികെകൊണ്ടുവന്ന നല്ല ദൈവത്തിന്റെ മുമ്പിൽ നന്ദിയോടെ കൈകൾ കൂപ്പാം.

വലിയ പ്രവാചക ധീരതയോടെ ലഹരിവിമുക്തവർഷം പ്രഖ്യാപിച്ച അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിനെ നന്ദിയോടും സ്നേഹത്തോടും അഭിമാനത്തോടും കൂടി മാത്രമേ സ്മരിക്കാൻ സാധിക്കുകയുള്ളു. പിതാവിന്റെ ശക്തമായ നിലപാടുകളാണ് ഈ വർഷാചരണത്തെ ഇത്രമാത്രം ഫലമണിയിച്ചത്.

ലഹരിവിമുക്ത വർഷാചരണ കമ്മറ്റി ചെയർമാൻ എന്ന നിലയിൽ ബഹു. മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചന്റെ ശക്തമായ നേതൃത്വവും വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളും നിരന്തരമായ ഇടപെടലുകളുമാണ് വർഷാചരണം ഇത്രമാത്രം ജനകീയ പങ്കാളിത്തമുള്ളതാക്കി തീർത്തത്.

വൈസ് ചെയർമാൻ വെരി. റവ. ഫാ. ജെയിംസ് കുറ്റിമാക്കൽ, ആദ്യ വർക്കിംഗ് ചെയർമാൻ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, ഇപ്പോഴത്തെ വർക്കിംഗ് ചെയർമാൻ റവ. ഫാ. സണ്ണി മഠത്തിൽ എന്നി വരുടെ കഠിനാധ്വാനവും സമർപ്പണവും നന്ദിപൂർവ്വം സ്മരിക്കുന്നു.

ഫൊറോന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഫൊറോന വികാരിമാർ ഫൊറോന ഡയറക്ടർമാരായ വൈദികർ എന്നിവരെ ഏറെ നന്ദിയോടും സ്നേഹത്തോടുംകൂടെ സ്മരിക്കുന്നു.

ഇടവക വികാരിയച്ചന്മാരുടെ നേതൃത്വമാണ് വർഷാചരണ ത്തിന്റെ വിജയത്തിന്റെ അടിസ്ഥാന കാരണം. പ്രവർത്തനങ്ങൾ നടക്കു ന്നത് ഇടവകകളിലാണ്. ബഹുഭൂരിപക്ഷം ഇടവക വികാരിമാരും വളരെ താല്പര്യത്തോടും അർപ്പണത്തോടുംകൂടെ വർഷാചരണത്തെ സമീ പിച്ചതിനാൽ ഇടവകകളിലും കുടുംബങ്ങളിലും നന്മ വിളയിക്കാൻ സാധിച്ചു. ഏറെ നന്ദിയോടെ ഓരോ വികാരിയച്ചന്മാരെയും ഓർക്കുന്നു.

വിവിധ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ഡയറ ക്ടർമാരെയും ഭാരവാഹികളെയും നന്ദിപൂർവ്വം ഈ അവസരത്തിൽ സ്മരിക്കട്ടെ. എല്ലാ സംഘടനകളും ലഹരിവിമുക്തവർഷാചരണം പ്രവർത്തനത്തിന്റെ മുഖ്യ അജണ്ടയായി ഏറ്റെടുത്തു. സി. എം.എൽ., കെ.സി.വൈ.എം., മതബോധനം, മാതൃസംഘം, SWS, റേഡിയോ മാറ്റൊലി, വിൻസെന്റ് ഡി പോൾ, കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി, കുടുംബപ്രേഷിതത്വം, സീയോൻ ധ്യാനകേന്ദ്രം എല്ലാവരും ആത്മാർത്ഥ തയോടെ സഹകരിച്ചു.

ലഹരിവിമുക്ത വർഷാചരണം പ്രഖ്യാപിക്കണമെന്ന് പിതാവി നോട് ഏകസ്വരത്തിൽ അഭ്യർത്ഥിച്ച രൂപതാ പാസ്റ്ററൽ കൗൺസിലി നെയും ഫൊറോനകളിൽ പ്രവർത്തനത്തിന് നേതൃത്വം നൽകിയ കൺവീനർമാരായി പ്രവർത്തിച്ച പാസ്റ്ററൽ കൗൺസിൽ അംഗങ്ങ ളെയും ഇടവക കൺവീനർമാരെയും വാർഡ് കമ്മറ്റി അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

ഏറെ അധ്വാനിച്ച രൂപതയിലെ മുഴുവൻ സന്യസ്ത സഭാ സമൂ ഹങ്ങളെയും ഏറെ നന്ദിയോടും അഭിമാനത്തോടുംകൂടി ഓർക്കുന്നു. ഭവനസന്ദർശനം നടത്തി ലഹരിക്കടിമപ്പെട്ടവരോടും അവരുടെ കുടും ബങ്ങളോടുമൊപ്പം നിരന്തരം സഹഗമനം നടത്തിയത് ബഹുമാന്യരായ സന്യസ്തരായിരുന്നു. ധാരാളം വ്യക്തികളെ ചികിത്സക്കും ധ്യാന ത്തിനും പറഞ്ഞയയ്ക്കാൻ അവർക്ക് സാധിച്ചു. മാനന്തവാടി രൂപത യിലെ എല്ലാ പ്രൊവിൻഷ്യൽസിനെയും, ജനറാളമ്മമാരേയും ഈ അവ സരം നന്ദിയോടെ ഓർക്കുന്നു. എല്ലാ മഠങ്ങളിലെയും സുപ്പീരിയേഴ്സ്, അംഗങ്ങൾ എല്ലാവരേയും നന്ദിപൂർവ്വം ഓർക്കുന്നു. വയനാട്ടിലും

പുറത്തുമുള്ള ലഹരിവിമുക്ത ചികിത്സാകേന്ദ്രങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.

എല്ലാം ഒരുക്കി ക്രമീകരിച്ച്, നയിച്ച് വിജയിപ്പിച്ച നല്ല ദൈവത്തിന്റെ മുമ്പിൽ നന്ദിനിറഞ്ഞ ഹൃദയത്തോടെ കരങ്ങൾകൂപ്പി നിൽക്കട്ടെ.

**രൂപതാ വർഷാചരണ സമാപനം**

2015 ഫെബ്രുവരി 27 ന് വെള്ളിയാഴ്ച ലഹരിവിമുക്ത വർഷാചരണത്തിന്റെ സമാപനം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു.

**ഇടവക സമാപനം**

ലഹരിവിമുക്ത വർഷാചരണത്തിന്റെ ഇടവകാതല സമാപനം ഫെബ്രുവരി 28, മാർച്ച് 1 തീയതികളിലാണ് നടത്തേണ്ടത്. ഫെബ്രുവരി 28 ന് വാർഡുകളിലും മാർച്ച് 1 ന് ഞായർ ഇടവകയിലും വിപുലമായ പരിപാടികളോടെ സമാപനം നടത്തുമല്ലോ.

**തുടർ പ്രവർത്തനങ്ങൾ**

ലഹരിവിമുക്തവർഷാചരണം സമാപിക്കുന്നുവെങ്കിലും പ്രവർത്തനങ്ങൾ കൂടുതൽ തീക്ഷ്ണതയോടെ മുന്നോട്ട് പോകണം. തുടങ്ങിവെച്ച കാര്യങ്ങൾ പൂർത്തിയാക്കണം. പുതിയ തലമുറയെ ഈ വിപത്തിൽ നിന്ന് രക്ഷിക്കണം. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങളോട് സംയോജിപ്പിച്ച് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകണം. ഏവരുടെയും സഹായസഹകരണങ്ങൾ ഈ കാര്യത്തിൽ ഉണ്ടാകണം. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി യൂണിറ്റ് എല്ലാ ഇടവകയിലും രൂപീകരിക്കണം.

**A.A. കൂട്ടായ്മകൾ**

ലഹിരിവിമുക്തരുടെ നിലനിൽപ്പിന് ഏറെ സഹായിക്കുന്നതാണ് A.A. കൂട്ടായ്മ. നമ്മുടെ രൂപതയിൽ 36 ഇടവകകളിൽ A.A. കൂട്ടായ്മ പ്രവർത്തിക്കുന്നു. കൂടുതൽ ഇടവകകളിൽ സ്ഥാപിക്കാൻ സഹകരിക്കുമല്ലോ.

**ഇടവക വാർത്തകൾ**

**വടക്കനാട്**

ലഘുലേഖ വിതരണം ചെയ്തു. പൊതു സർവ്വേ നടത്തി. A.A. കൂട്ടായ്മ ശക്തമായി വരുന്നു. ലഹരിവിമുക്തവർഷാചരണ കമ്മറ്റി എല്ലാ മാസവും യോഗം ചേരുന്നു.

**വെള്ളൂന്നി**

കയ്യെഴുത്തു മാസിക തയ്യാറാക്കി. 2015 ജനുവരി 4 ന് CML, KCYM അംഗങ്ങൾ ചേർന്ന് A.A. കൂട്ടായ്മയിൽ പങ്കെടുക്കുന്നവരെ ആദരിച്ചു. കുട്ടികൾക്ക് കൊളാഷ് മത്സരം നടത്തി.

**മണിമൂളി**

ആത്മവിശുദ്ധീകരണ ധ്യാനം നടത്തി. 35 അംഗങ്ങൾ പങ്കെടുത്തു. A.A. കൂട്ടായ്മ ശക്തമാക്കി. ആനിമേറ്റേഴ്സിന്റെ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തി. മദ്യപാനികളുമായി സംസാരിക്കുന്നു. കയ്യെഴുത്തുമാസിക തയ്യാറാക്കി. CML ന്റേയും KCYM ന്റേയും നേതൃത്വത്തിൽ 20 മിനിറ്റുള്ള രണ്ടാം പുറപ്പാട് എന്ന ലഹരിവിരുദ്ധ കാരിക്കേച്ചർ നാടകം അവതരിപ്പിച്ചു.

**ചിത്രഗിരി**

മേഖലാതല സെമിനാറിൽ പങ്കെടുത്തു. ഡിസംബർ 14 ന് ലഹരി വിമുക്ത ദിനമായി ആചരിച്ചു. ലഹരിവിമുക്ത തിരുനാൾ ആഘോഷം നടത്തി. ലഹരിവിരുദ്ധ സ്കിറ്റ് അവതരിപ്പിച്ചു.

**കടൽമാട്**

സണ്ണി മഠത്തിലച്ചൻ വി. ബലി അർപ്പിച്ചു. തുടർന്ന് ക്ലാസിന് നേതൃത്വം നൽകി. എല്ലാ ദിവസവും വികാരിയച്ചനും കൈക്കാരന്മാരും സിസ്റ്റേഴ്സും കമ്മറ്റി അംഗങ്ങളും ചേർന്ന് ജപമാല ചൊല്ലുന്നു. എല്ലാ വെള്ളിയാഴ്ചയും കുരിശിന്റെ വഴി നടത്തുന്നു. മാതൃസംഘാംഗങ്ങൾ ഭവനസന്ദർശനം നടത്തി.

**കരിമ്പിൽ ഇടവക**

ലഹരി ക്വിസ് നടത്തി. ഭവനസന്ദർശനം നടത്തുന്നു. ലഹരിക്കെതിരെ ഇരുതലവാൾ എന്ന പേരിൽ ബൈബിളിലെ ലഹരിവിരുദ്ധ വാക്യങ്ങൾ ഭവനങ്ങളിൽ എത്തിച്ചു.

**ബത്തേരി ഫൊറോന**

ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വിവിധ ഇടവകകളിൽ കൊളാഷ് പ്രവർത്തനം നടത്തി. ഇടവകകളിലെ തിരുനാളിനോടനുബന്ധിച്ച് കൊളാഷ് പ്രദർശനം, ദൈവവചനം, സർവ്വേ റിപ്പോർട്ടുകൾ എന്നിവ പ്രദർശിപ്പിച്ചു.

**കെ.സി.ബി.സി. വാർഷിക സമ്മേളനം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി വാർഷിക സമ്മേളനം മാർച്ച് 2 ന് പി. ഒ. സി. യിൽ നടന്നു.

**കാസ – ലഹരിവിരുദ്ധ ക്ലബ്ബ്**

വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന കാസ ലഹരി വിരുദ്ധ ക്യാമ്പുകൾ ലഹരിവിമുക്ത വർഷത്തിൽ സജീവമായ പ്രവർത്തനങ്ങൾ കാഴ്ച വെച്ചു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ സെക്രട്ടറി, ലഹരിവിമുക്തവർഷം

## മതബോധനരംഗം

**മേഖല നേതൃത്വത്തിന് നന്ദി**

HCC പരീക്ഷകൾ കൃത്യതയോടെ ഫൊറോന കേന്ദ്രങ്ങളിൽ വച്ച് നടത്തിയതിന് ബഹു. മേഖലാ ഡയറക്ടർമാർ, സെക്രട്ടറിമാർ, ടീം അംഗങ്ങൾ, സൂപ്പർവിഷന് സഹായിച്ച അധ്യാപകർ, പരീക്ഷാ കേന്ദ്ര ങ്ങളിലെ ബഹു. വികാരിയച്ചന്മാർ, ഹെഡ്മാസ്റ്റേഴ്സ്... എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**HCC മൂല്യനിർണ്ണയക്യാമ്പ്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർ ഫോർ ക്രിസ്ത്യൻ സ്റ്റഡീസിന്റെ കീഴിൽ നടത്തുന്ന +1, +2 പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യ നിർണ്ണയ ക്യാമ്പ് ഫെബ്രുവരി 13-15 ദിവസങ്ങളിൽ ക്രിസ്ത്യൻ ചെയറിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. മൂല്യനിർണ്ണയത്തിന് സഹാ യിച്ച എല്ലാ അധ്യാപകർക്കും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

**SAY Exam - Re Valuation**

+1, +2 പരീക്ഷകളിൽ SAY പരീക്ഷയോ Revaluation നോ ആവശ്യ മുള്ളവർ മാർച്ച് 10 ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. Revaluation ന് 50 രൂപയും SAY പരീക്ഷയ്ക്ക് 100 രൂപയും അടച്ച് അപേക്ഷ എഴുതി നൽകണം. മാർച്ച് 10 ന് ശേഷം വരുന്ന ഒരു അപേക്ഷയും സ്വീകരിക്കുകയില്ല. SAY പരീക്ഷയുടെ സെന്ററുകൾ ദ്വാരക പാസ്റ്ററൽ സെന്ററും മണിമൂളി പാസ്റ്ററൽ സെന്ററും ആയി രിക്കും. മാർച്ച് 15 ഞായറാഴ്ച 10-1 pm ആയിരിക്കും SAY പരീക്ഷാ സമയം.

**വിശ്വാസോത്സവം - പരീക്ഷ പഠനശില്പശാല - വാർഷിക പരീക്ഷ**

ഈ വർഷത്തെ സൺഡേസ്കൂൾ വാർഷിക പരീക്ഷ ഏപ്രിൽ 11-ാം തീയതി ശനിയാഴ്ചയാണ്. I-IX ക്ലാസ്സുകൾക്ക് 11-ാം തീയതി രാവിലെ 10 മണി മുതൽ 12 pm വരെയാണ് പരീക്ഷ. X- ാം ക്ലാസ്സ് ഡിപ്ലോമ, IV, VII സ്കോളർഷിപ്പ് പരീക്ഷകൾ എന്നിവ അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെയാണ്.

ഏപ്രിൽ 6, 7, 8 തീയതികളിൽ വിശ്വാസോത്സവം നടത്താൻ ശ്രദ്ധിക്കുമല്ലോ. ആഗോള കത്തോലിക്കാ സഭ സമർപ്പിതവർഷമായി ആചരിക്കുന്ന സാഹചര്യത്തിൽ കേരളത്തിൽ നിന്നുള്ള വിശുദ്ധരായ മൂന്ന് സമർപ്പിതരെയാണ് ഈ വർഷം വിശ്വാസോത്സവത്തിൽ നമ്മൾ പരിചയപ്പെടുന്നത്. മൂന്ന് വിശുദ്ധരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പുസ്തകം മതബോധന കേന്ദ്രം തയ്യാറാക്കുന്നുണ്ട്. വിശ്വാസോത്സവത്തിന് എല്ലാ കുട്ടികളുടെയും കയ്യിൽ ഈ പുസ്തകത്തിന്റെ ഒരു കോപ്പി ഉണ്ടാകണം എന്ന് ഓർമ്മിപ്പിക്കുന്നു. പുസ്തകത്തിന്റെ വിശദാംശങ്ങൾ ബഹു. വികാരിയച്ചന്മാരെയും ഹെഡ്മാസ്റ്റേഴ്സിനെയും അറിയിക്കുന്നതാണ്. ഒപ്പം SMCC പുറത്തിറക്കിയ മൂന്ന് വിശുദ്ധരുടെയും ജീവചരിത്രം ഉൾക്കൊള്ളുന്ന ഒരു DVD മാനന്തവാടി, ദ്വാരക ബുക്ക്സ്റ്റാളുകളിൽ ലഭ്യമാണ്. അതും വിശ്വാസോത്സവത്തിന് ഉപയോഗിക്കുവാനായി ശ്രദ്ധിക്കുമല്ലോ. വിശ്വാസോത്സവം കൂടുതൽ ഫലപ്രദമായി നടത്താൻ സഹായിക്കുന്ന അധ്യാപക സഹായിയും വിശുദ്ധരുടെ പുസ്തകവും ഏപ്രിൽ 1 മുതൽ രൂപതാ കേന്ദ്രത്തിൽ ലഭ്യമായിരിക്കും.

മൂന്ന് ദിവസത്തെ വിശ്വാസോത്സവത്തിന് ശേഷം ഏപ്രിൽ 9-ാം തീയതി പരീക്ഷാ പഠനശില്പശാല നടത്തുവാൻ ശ്രദ്ധിക്കണേ. വിശ്വാസോത്സവത്തിന് നൽകുന്ന പുസ്തകത്തിൽ നിന്നും പരീക്ഷയ്ക്ക് ചോദ്യങ്ങൾ ഉണ്ടാവും.

**ചോദ്യ പേപ്പറുകൾ**

ഏപ്രിൽ 9-ാം തീയതി രാവിലെ 10 മണി മുതൽ 5 മണി വരെ രൂപതാ മതബോധന ഓഫീസിൽ നിന്നും, മാനന്തവാടി സെന്റ് ജോസഫ്സ് ബുക്ക് സ്റ്റാളിൽ നിന്നും ചോദ്യപേപ്പർ എടുക്കാവുന്നതാണ്.

ചുങ്കക്കുന്ന്, മാനന്തവാടി, പയ്യമ്പള്ളി ഫൊറോനകൾ മാനന്തവാടി സെന്റ് ജോസഫ്സ് ബുക്ക്സ്റ്റാളിൽ നിന്നും മറ്റുള്ളവർ രൂപതാ മതബോധന ഓഫീസിൽ നിന്നുമാണ് ചോദ്യപേപ്പർ എടുക്കേണ്ടത്.

**ഇന്റേണൽ അസ്സസ് മെന്റ്**

X-ാം ക്ലാസ്സ് ഡിപ്ലോമ കുട്ടികളുടെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ കൃത്യതയോടെ എഴുതി തയ്യാറാക്കി ഒരു പ്രത്യേക കവറിലാക്കി ഉത്തരക്കടലാസിനോടൊപ്പം ഓഫീസിൽ എത്തിക്കണം.

**HCC Result**

ഫെബ്രുവരി മാസത്തിൽ നടത്തിയ HCC പരീക്ഷയുടെ റിസൽട്ട് രൂപതാ മതബോധന കേന്ദ്രത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരി

ക്കുന്നതാണ്. www.catechismdy.org ഈ സൈറ്റിൽ മാർച്ച് 1 ന് ശേഷ മായിരിക്കും പ്രസിദ്ധീകരിക്കുക.

**HDC ഒന്നാം വർഷ ക്ലാസ്സ്**

HDC ഒന്നാം വർഷക്കാരുടെ കോൺടാക്ട് ക്ലാസ്സ് മാർച്ച് 7 ന് ചുങ്കക്കുന്നും മാർച്ച് 21 ന് ബത്തേരിയിലും വച്ച് നടത്തപ്പെടുന്നതാണ്.

**ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷ**

ഓരോ ഇടവകയിലെയും പരീക്ഷാ നടത്തിപ്പിന്റെ ഉത്തരവാദിത്വം അതാത് ഇടവകയിലെ ബഹു. വികാരിയച്ചന്മാർക്കും, ഹെഡ്മാസ്റ്റർമാർക്കുമായിരിക്കും. ഓരോ ഇടവകയിലേക്കും സൂപ്പർ വൈസർമാരെ നിയോഗിക്കേണ്ടത് ഫൊറോന ഡയറക്ടറുടെ നേതൃ ത്വത്തിൽ ഫൊറോന ടീം അംഗങ്ങളുടെ സഹകരണത്തോടെയാണ്. ഫൊറോന ടീം അംഗങ്ങളെയോ, മതാധ്യാപനരംഗത്ത് 5 വർഷമെങ്കിലും പരിചയമുള്ളവരെയോ ആണ് പരീക്ഷാ നടത്തിപ്പിന് നിയോഗിക്കേണ്ടത്. ഓരോ ഇടവകയിലേക്കും നിശ്ചയിച്ചിരിക്കുന്ന സൂപ്പർവൈസർമാരുടെ ലിസ്റ്റ് മാർച്ച് 20 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. സൂപ്പർവിഷന് പോകുന്നവർ രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിർദ്ദേശങ്ങൾ വ്യക്തമായി മനസിലാക്കി അതനുസരിച്ച് ചെയ്യുവാൻ ശ്രദ്ധിക്കണെ.

**ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷയ്ക്കുവേണ്ടിയുള്ള സൂപ്പർവൈസർമാർക്കുള്ള നിർദ്ദേശങ്ങൾ**

**പരീക്ഷയ്ക്ക് മുമ്പ്**

1) പരീക്ഷാസമയത്തിനു മുമ്പായി പരീക്ഷാകേന്ദ്രത്തിൽ എത്തുക. വന്ന വിവരം വികാരിയെ അറിയിക്കുക.
2) നിങ്ങൾക്ക് ഫൊറോനാകേന്ദ്രത്തിൽ നിന്ന് അയച്ചിട്ടുള്ള കത്ത് കൈയിൽ കരുതണം. പകരക്കാരനായിട്ടാണ് പോകുന്നതെങ്കിൽ നിങ്ങളുടെ വികാരിയച്ചനിൽ നിന്ന് സാക്ഷ്യപത്രം കരുതുക.
3) ചോദ്യപേപ്പർ എടുത്തിട്ടുണ്ടെന്ന് ചോദിച്ച് ഉറപ്പുവരുത്തുക.
4) പരീക്ഷാഹാൾ ക്രമീകരിച്ചിട്ടുണ്ടോ എന്നും, സീറ്റുകൾ തമ്മിലുള്ള അകലം പാലിച്ചിട്ടുണ്ടോ എന്നും പരിശോധിച്ച് വേണ്ട ക്രമീകരണ ങ്ങൾ നടത്തിക്കുക.
5) രൂപതാമതബോധനകേന്ദ്രം നിശ്ചയിക്കുന്ന സമയത്തു തന്നെ പരീക്ഷ നടത്തുക. സമയമാറ്റം അനുവദനീയമല്ല.

**പരീക്ഷാഹാളിൽ**

1) 15 മിനിറ്റ് മുമ്പ് കുട്ടികളെ ഹാളിൽ കയറ്റി നമ്പർ അനുസരിച്ച് ഇരുത്തണം.

2) രജിസ്റ്റർ നമ്പർ ഇല്ലാത്തവരെ പരീക്ഷ എഴുതിക്കരുത്. 30 മിനിട്ടിലധികം താമസിച്ചുവരുന്നവരേയും എഴുതാൻ അനുവദിക്കണമെന്നില്ല.
3) രജി. ഫോറത്തിൽ നമ്പറിട്ടതിൽ വല്ല പിശകുകളും ഉണ്ടെങ്കിൽ ഫാൾസ് നമ്പർ നൽകുക. അക്കാര്യം രൂപതാ കേന്ദ്രത്തിൽ അറിയിക്കുക.
4) ഉത്തരക്കടലാസുകൾ ഒപ്പിട്ട് വിതരണം ചെയ്യുക. ഇടവകയുടെ മുദ്രയോ മറ്റ് അടയാളങ്ങളോ ഇല്ലെന്ന് ഉറപ്പുവരുത്തണം. രജിസ്റ്റർ നമ്പർ വായിച്ച് കുട്ടികളോട് ഉത്തരപേപ്പറിൽ വലുപ്പത്തിൽ എഴുതാൻ പറയുക. പേരോ മറ്റ് കാര്യങ്ങളോ എഴുതിക്കരുത്.
5) പേപ്പറിന്റെ രണ്ടു പുറവും എഴുതണമെന്നും അഡീഷണൽ പേപ്പറിലും നമ്പർ എഴുതണമെന്നും സൂപ്പർവൈസറുടെ ഒപ്പുള്ള പേപ്പറിലേ എഴുതാവൂ എന്നും വ്യക്തമായി പറയണം (പേജ് നമ്പർ ഇട്ടിട്ടുണ്ടെന്ന് ഉറപ്പാക്കുക.) പാഠപുസ്തകം, നോട്ടുബുക്ക് മുതലായവ പരീക്ഷാഹാളിൽ അനുവദിക്കരുത്.
6) പരീക്ഷാസമയത്തിന് 5 മിനിട്ട് മുമ്പ് രണ്ടാം ബെൽ അടിക്കുക. മൂന്നാം ബെൽ അടിക്കുന്നതിന് മുമ്പ് ചോദ്യപേപ്പർ പായ്ക്ക് വികാരി, ഹെഡ്മാസ്റ്റർ എന്നിവരുടെ സാന്നിധ്യത്തിൽ പൊട്ടിയ്ക്കുക. പായ്ക്കറ്റിന് സാരമായ കേടുപാടുകളോ സംശയസാഹചര്യമോ ഉണ്ടെങ്കിൽ അക്കാര്യം അവരുടെ സൂചനയിൽപ്പെടുത്തുകയും രൂപതാകേന്ദ്രത്തെ അറിയിക്കുകയും ചെയ്യുക.
7) കൃത്യസമയത്തുതന്നെ ചോദ്യപേപ്പർ കുട്ടികൾക്ക് നൽകുക, രജിസ്റ്റർ നമ്പർ ചോദ്യപേപ്പറിലും എഴുതിക്കുക. വിതരണം ചെയ്ത് ബാക്കിവരുന്ന ചോദ്യപേപ്പറുകൾ പരീക്ഷ തീരുന്നതുവരെ മറ്റാർക്കും നൽകരുത്.
8) പരീക്ഷ തീരുന്നതിന് 5 മിനിട്ട് മുമ്പ് ബെല്ലടിച്ച് പേപ്പർ തുന്നിക്കെട്ടാൻ പറയുകയും പരീക്ഷാസമയം തീരുമ്പോൾ ലോംഗ്ബെൽ നൽകി പേപ്പർ വാങ്ങുകയും ചെയ്യുക.
9) പരീക്ഷാസമയത്ത് സൂപ്പർവൈസർ ഹാളിൽ മുഴുവൻ സമയവും ഉണ്ടാകുവാൻ ശ്രദ്ധിക്കണം. ഹെഡ്മാസ്റ്റർ, വികാരി എന്നിവരൊഴികെ മറ്റാരെയും ഹാളിൽ പ്രവേശിപ്പിക്കരുത്.

**പരീക്ഷ കഴിഞ്ഞാൽ**

10) പേപ്പറുകൾ വാങ്ങി, എഴുതി നിറുത്തിയിരിക്കുന്നതിനു തൊട്ടുതാഴെ സൂപ്പർവൈസർ ഒപ്പിടണം. ശേഷമുള്ള സ്ഥലം വെട്ടിയിടുക. നമ്പർ അനുസരിച്ച് പേപ്പർ അടുക്കുക. 4, 7 ക്ലാസുകളുടേത് പ്രത്യേകം അടുക്കുക.

11) പേപ്പർ പായ്ക്ക് ചെയ്യുന്നതിന് മുമ്പ് താഴെ പറയുന്ന കാര്യങ്ങൾ ഒരു പേപ്പറിൽ കുറിച്ച് അതിനു ചുവടെ സൂപ്പർവൈസറുടെ പേരും, ഒപ്പും ഇട്ട് റിപ്പോർട്ടിനൊപ്പം പ്രത്യേക കവറിൽ ഇട്ട് പേപ്പർ പായ്ക്ക് ചെയ്ത കവറിനൊപ്പം വയ്ക്കുക.

a) ആകെ രജിസ്റ്റർ ചെയ്തവർ (10, 4, 7)

b) ആകെ പരീക്ഷ എഴുതിയവർ (10, 4, 7)

c) ഹാജരാകാത്തവരുടെ എണ്ണം (നമ്പറുകൾ)

d) ആകെ അയയ്ക്കുന്ന കടലാസുകൾ (10, 4, 7)

e) ഫാൾസ് നമ്പറുകളുണ്ടെങ്കിൽ അക്കാര്യം

f) സൂപ്പർവൈസറുടെ പേര്, ഒപ്പ്

12) മേൽപ്പറഞ്ഞ വിധം പേപ്പർ അടുക്കി തന്നിട്ടുള്ള കവറിൽ ഇട്ട് കെട്ടി സീൽ ചെയ്ത് ഹെഡ്മാസ്റ്ററെ ഏൽപ്പിക്കുക.

13) കുട്ടികളുടെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് പ്രത്യേകം കവറിൽ പായ്ക്ക് ചെയ്ത് ഉത്തര കടലാസിനോടൊപ്പം ഫൊറോന കേന്ദ്ര ത്തിൽ എത്തിക്കണം. (ഇത്രയും കാര്യങ്ങൾക്ക് ഹെഡ്മാസ്റ്റർ, വികാരി എന്നിവർ സാക്ഷികളായി ഉണ്ടായിരിക്കുക).

14) ഹെഡ്മാസ്റ്റർ അന്ന് തന്നെ പേപ്പറുകൾ ഫൊറോനാ മതബോധന ഡയറക്ടറച്ചന്റെ പക്കൽ എത്തിക്കണം. രൂപതാകേന്ദ്രത്തിൽ നേരിട്ട് നൽകാവുന്നതുമാണ്. എന്നാൽ അക്കാര്യം ഫൊറോനാ ഡയറ ക്ടറെ അറിയിച്ചിരിക്കണം.

15) മേഖലാസെക്രട്ടറി അന്നു തന്നെ മേഖലയിൽനിന്നുള്ള പേപ്പറു കൾ രൂപതയിലെത്തിക്കണം. പരീക്ഷാ നടത്തിപ്പു സംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി ഹെഡ്മാസ്റ്റർ – വികാരിയെ ക്കൊണ്ട് ഒപ്പിടുവിച്ച് രൂപതയ്ക്ക് സൂപ്പർവൈസർ നൽകണം, ഇത് ആധികാരികരേഖയാണ്.

16) പരീക്ഷ മുടക്കം കൂടാതെ നടന്നുവെന്ന് ഉറപ്പുവരുത്തണം. ഒരു സാഹചര്യത്തിലും പരീക്ഷ നടക്കാതെ വരരുത്.

17. നിങ്ങളുടെ യാത്രാച്ചെലവ് പരീക്ഷാ കേന്ദ്രത്തിൽ നിന്നും വാങ്ങണം.

18) സൂപ്പർവൈസർ വന്നിട്ടില്ലെങ്കിൽ 15 മിനിട്ട് കാത്തിട്ട് ഹെഡ്മാസ്റ്റർ, വികാരി എന്നിവരുടെ മേൽനോട്ടത്തിൽ മുകളിൽപറഞ്ഞ കാര്യ ങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷ നടത്താവുന്നതാണ്.

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

മിഷൻലീഗ് അംഗങ്ങളെ,

നോമ്പുകാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. നോമ്പും, ഉപവാസവും, പ്രാർത്ഥനയും വഴി ഈശോയുമായുള്ള ബന്ധത്തിൽ കൂടുതൽ ആഴപ്പെടാൻ നമ്മെ സഹായിക്കുന്നു ഈ നോമ്പുകാലം.

താപസ പിതാക്കന്മാർ പഠിപ്പിക്കുന്നു "നീ ദൈവത്തിങ്കലേക്ക് ഒരു ചുവട് വയ്ക്കുക ദൈവം നിന്നിലേക്ക് ഏഴു ചുവടുകൾ വയ്ക്കും". ഏഴ് എന്നത് പൂർണ്ണതയുടെ അക്കമെന്നാണ് പറയുക. അതിനർത്ഥം നാം ദൈവത്തിങ്കലേക്ക് ഒരു ചുവട് വെക്കുമ്പോൾ ദൈവം നമ്മെ ഏഴ് ചുവടുകൾ വച്ച് സ്വന്തമാക്കും, വിശുദ്ധീകരിക്കും, അവിടുത്തോട് ചേർത്ത് നിർത്തും എന്നാണ്. പക്ഷേ, ഒറ്റവ്യവസ്ഥ ഉണ്ട് ആദ്യത്തെ ചുവട് വെക്കേണ്ടത് നമ്മളാണ്. നമ്മൾ ആദ്യ ചുവട് വെക്കുമ്പോഴാണ് ദൈവം ഏഴ് ചുവടുകൾ വച്ച് നമ്മെ സ്വന്തമാക്കുക. അതിനാൽ ഈ നോമ്പുകാലത്തിൽ ദൈവത്തിങ്കലേക്ക് ആദ്യ ചുവടുവക്കാൻ നമുക്കേവർക്കും സാധിക്കട്ടെ. അതിനായി പ്രാർത്ഥിക്കാം, പരിശ്രമിക്കാം. ഫലദായകമായ ഒരു നോമ്പുകാലം ആശംസിക്കുന്നു.

പരീക്ഷകളുടെ തിരക്കിലേക്ക് നാം പ്രവേശിക്കുകയാണ്. ഈശോയുടെ സഹായം ആഗ്രഹിച്ച് പ്രാർത്ഥിക്കുകയും, കഴിവിന്റെ പരമാവധി അധ്വാനിക്കുകയും ചെയ്യാം. അവിടുന്ന് നമ്മെ വിജയത്തിലെത്തിക്കും.

സ്നേഹത്തോടെ, **സോണിയച്ചൻ**

**2014–2015 പ്രവർത്തനവർഷത്തിൽ മികവുപുലർത്തിയ ശാഖകൾ**

**കൈയ്യെഴുത്തു മാസിക**

കല്ലോടി I, വാളവയൽ II, വെള്ളൂന്നി III, നടവയൽ, നെല്ലിയോടി, മഞ്ഞൂറ, തരിയോട്, തോമാട്ടുചാൽ, ചുണ്ടക്കര, കമ്മന.

കൈയ്യെഴുത്ത് മാസിക തയ്യാറാക്കിയ എല്ലാ ശാഖാ ഡയറക്ടേഴ്സിനും ജോ. ഡയറക്ടേഴ്സിനും ശാഖാ ഭാരവാഹികൾക്കും ഇതിൽ സഹായിച്ച എല്ലാവർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ.

**മിഷൻമാസാചരണം**

ചെറുകാട്ടൂർ – I, കല്ലോടി – II, കമ്മന, പൂളപ്പാടം – III, തോമാട്ടുചാൽ, കൽപ്പറ്റ, നടവയൽ, കരിമ്പിൽ, മഞ്ഞൂറ, കൊട്ടിയൂർ.

എല്ലാ ശാഖാ ഡയറക്ടറച്ചന്മാരെയും ജോ. ഡയറക്ടർ സിസ്റ്റേഴ്സിനെയും ശാഖാഭാരവാഹികളെയും എല്ലാ അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

**ഏറ്റവും മികച്ച ശാഖകൾ**

തെനേരി – I, പൂളപ്പാടം– II, കല്ലോടി– III, കൽപ്പറ്റ, മീനങ്ങാടി, കമ്മന, ധർമ്മഗിരി, ആടിക്കൊല്ലി, കരിമ്പിൽ, വാഴവറ്റ.

ശാഖാ പ്രവർത്തനങ്ങളിൽ അധ്വാനിച്ച എല്ലാ ശാഖാ ഡയറക്ടറച്ചന്മാർക്കും ജോ. ഡയറക്ടർ സിസ്റ്റേഴ്സിനും ശാഖാ ഭാരവാഹികൾക്കും അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

**കുഞ്ഞേട്ടൻ സ്കോളർഷിപ്പ്**

ഈ വർഷത്തെ കുഞ്ഞേട്ടൻ സ്കോളർഷിപ്പിന് ഡോൺ വണിയങ്ങോട്ട് – കണിയാമ്പറ്റ ശാഖാ അംഗം അർഹനായി.

**ജോ. ഡയറക്ടേഴ്സ് സംഗമം**

മാർച്ച് മാസം 20–ാം തീയയി വൈകുന്നേരം 6.00 മുതൽ 21–ാം തീയതി ഉച്ചക്ക് 2 മണി വരെ ശാഖാ ജോ. ഡയറക്ടേഴ്സ് സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. എല്ലാ ജോ.ഡയറക്ടേഴ്സും നിർബന്ധമായും പങ്കെടുക്കുമല്ലോ.

**വിഹിതം**

വിഹിതങ്ങൾ ഇനിയും അടച്ചു തീർക്കാത്ത ശാഖകൾ ജോ. ഡയറക്ടേഴ്സിന്റെ മീറ്റിംഗിന് വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. (മിഷൻഞായർ, സംസ്ഥാന വിഹിതം, കലണ്ടർ, പലതുള്ളി, കാണിക്ക).

**ശാഖാവാർത്തകൾ**

*കരിമ്പിൽ:–* വി. ചാവറയച്ചന്റെ ജീവചരിത്രകുറിപ്പ് തയ്യാറാക്കി അവതരിപ്പിച്ചു.

*കുറുമ്പാലക്കോട്ട:–* അധ്യാപക ദിനത്തിൽ മിഷൻലീഗ് കുട്ടികൾ അധ്യാപകരെ ആദരിച്ചു.

*ഒലിവുമല:–* പൂന്തോട്ട നിർമ്മാണം, ലഹരിവിരുദ്ധ കൊളാഷ് എന്നിവ നിർമ്മിച്ചു.

*എടപ്പെട്ടി:–* ഫണ്ട് സ്വരൂപിക്കാനായി സ്റ്റാൾ നടത്തി. സി.എം.എൽ. വാർഷികം നടത്തി.

*വെള്ളൂന്നി:–* എ. എ. കൂട്ടായ്മയെ ആദരിച്ചു. കൊളാഷ് മത്സരം നടത്തി.

*ചാരിറ്റി:–* ഇടവക ദിനം ആഘോഷിച്ചു. ലഹരിവിരുദ്ധ സന്ദേശം നൽകുന്നതിനായി സ്കിറ്റുകൾ അവതരിപ്പിച്ചു.

*പോരൂർ:-* വചനതാരം മത്സരത്തിന് കുട്ടികളെ ഒരുക്കി. കൊളാഷ് മത്സരം നടത്തി.
*യവനാർകുളം:-* പൗരോഹിത്യം സ്വീകരിച്ച ഷനോജ് മറ്റത്തിലാനിക്കൽ അച്ചന് സി.എം.എൽ. കുഞ്ഞുമിഷനറിമാർ മെമന്റോ നൽകി ആദരിച്ചു.
*ആറാട്ടുതറ:-* സി.എം.എൽ. വാർഷികം നടത്തി. അർദ്ധദിന സെമിനാർ 'ജീവിതമൂല്യങ്ങൾ ജീവിതവിജയത്തിന്' എന്ന വിഷയത്തെ ആസ്പദമാക്കി ബഹു. സെബാസ്റ്റ്യൻ മുണ്ടക്കാത്തടം സാർ ക്ലാസ്സ് നൽകി.
*അമ്പായത്തോട്:-* വീട് നിർമ്മാണത്തിന് ഫണ്ട് ശേഖരിക്കുന്നതിനായി പഴയ സാധനങ്ങൾ സി.എം.എൽ. അംഗങ്ങൾ ശേഖരിച്ചു.
*പഴൂർ:-* കൈയ്യൊപ്പ് ശേഖരണം, നിവേദന സമർപ്പണം എന്നിവ നടത്തി.
*ബത്തേരി:-* വി. ചാവറ, വി. എവുപ്രാസ്യ ആൽബം നിർമ്മിച്ചു.
*പനംചിറ:-* ജപമാല സൈന്യം ഒന്നിച്ചുകൂടി ഇടവക തിരുനാളാഘോഷങ്ങൾക്കും ലഹരിവിമുക്ത സമൂഹത്തിനുമായി പ്രത്യേകം പ്രാർത്ഥിച്ചു.
*കേളകം:-* ദിവ്യകാരുണ്യ ആരാധന നടത്തി.
*വാഴവറ്റ:-* ഭവന നിർമ്മാണത്തിനായി 500 രൂപ നൽകി സഹായിച്ചു.
*വടക്കനാട്:-* സി. എം. എൽ. വാർഷികം നടത്തി.
*ദീപ്തിഗിരി:-* ദിവ്യകാരുണ്യ പ്രദക്ഷിണം നടത്തി. സി.എം.എൽ. അംഗങ്ങൾ നിർമ്മിച്ച പച്ചക്കറി തോട്ടത്തിൽ നിന്ന് ആഴ്ച തോറും വിളവെടുപ്പ് നടത്തുന്നു.

**മിഷൻ ഞായർ വിഹിതം തന്ന ശാഖകൾ**

കുറ്റിമൂല - 200, വാളാട് - 160, കരിമാനി - 1000, നെല്ലിയോടി - 500, പാടിച്ചിറ - 1000.

**പലതുള്ളി തന്ന ശാഖകൾ**

ഒലിവുമല - 100, മംഗളം - 150, കരിമാനി - 80.

**നന്ദിപൂർവ്വം**

CML മാനന്തവാടി രൂപത ദൈവാനുഗ്രഹത്താൽ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അല്മായ നേതാക്കളുടെയും നേതൃത്വത്തിൽ CML അംഗങ്ങളുടെ സഹകരണത്തോടെ ഏറ്റവും ഭംഗിയായി CML പ്രവർത്തനങ്ങൾ നടക്കുന്നതുകൊണ്ട് CML ചരിത്രത്തിൽ മാനന്തവാടി രൂപത ഇടം നേടിയിരിക്കുകയാണ്. CML പ്രവർത്തനങ്ങളിലും, കലാമത്സരങ്ങളിലും 10 വർഷവും നമ്മൾ ഒന്നാമതായി നിൽക്കുന്നു. ഈ വിജയാഘോഷത്തിൽ (സ്നേഹരാവിൽ) പങ്കുചേർന്ന എല്ലാവർക്കും മാനന്തവാടി ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നന്ദി... ഇനിയും വിജയത്തിനായി നമുക്കൊന്നിച്ച് പ്രാർത്ഥിക്കാം, പ്രവർത്തിക്കാം... ഒത്തിരി സ്നേഹത്തോടെ,

**രഞ്ചിത്ത് മുതുപ്ലാക്കൽ** - രൂപതാ ജനറൽ സെക്രട്ടറി

## മാർച്ചുമാസത്തിലെ വിവിധ പരിപാടികൾ

**LIFE Training Programme**

1. സ്കൂളിൽ 6-ാം ക്ലാസ്സ് വിദ്യാഭ്യാസം പൂർത്തിയാക്കിയ കുട്ടികൾക്കുവേണ്ടി നടത്തുന്ന വിദ്യാഭ്യാസ പരിശീലന പരിപാടി. പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ LIFE Training Programme Exam എഴുതുകയും Life Academy യുടെ നിബന്ധനകൾ അംഗീകരിക്കുകയും വേണം. Life Training Programme March 22-ാം തീയതി 2 pm ന് തെരെഞ്ഞെടുക്കപ്പെട്ട ഇടവകകളിൽ വച്ചു നടത്തുന്നതാണ്. താൽപര്യമുള്ളവർ പേര് മുൻകൂട്ടി രൂപത ഓഫീസിൽ രജിസ്റ്റർ ചെയ്യുക.

2. LPSA, UPSA PSC Coaching LPSA, UPSA PSC Coaching ഏപ്രിൽ മാസത്തിൽ കേളകം, പനമരം എന്നീ സ്ഥലങ്ങളിൽ ആരംഭിക്കുന്നു.

3. Vision 2015 Seminar & Higher Educational Opportunities Help Desk: ഉന്നതവിദ്യാഭ്യാസപഠനത്തിനായുള്ള മാർഗനിർദ്ദേശങ്ങൾ നൽകുന്ന സെമിനാർ വിവിധ സെന്ററുകളിൽ വച്ചു നടത്തപ്പെടുന്നു. സംബന്ധിക്കേണ്ടവർ : ഈ വർഷം +2 പരീക്ഷ എഴുതിയ കുട്ടികൾ. സംബന്ധിക്കേണ്ട ഫൊറോനകളും സമയവും സ്ഥലവും താഴെ ചേർക്കുന്നു.

മാർച്ച് 1 – 10.30 am ( ബത്തേരി, ഗൂഡല്ലൂർ – Assumption Church, Bathery) 02.00 pm ( നിലമ്പൂർ, മണിമൂളി – Little Flower Church, Nilambur)

മാർച്ച് 8– 10.30 am (നടവയൽ, പുൽപ്പള്ളി –Holy Cross Forane Church, Nadavayal) 02.30 pm ( കൽപ്പറ്റ, തരിയോട് – De Paul Church, Kalpetta)

മാർച്ച് 15 – 10.30 pm ( പയ്യംപള്ളി, മാനന്തവാടി, കല്ലോടി –Town Church, Mananthavady ) 02.30 pm (ചുങ്കക്കുന്ന് Fathima Matha Church, Chungakkunnu)

## വിശുദ്ധ കുരിശും വഹിച്ചുകൊണ്ടുള്ള സിസ്റ്റേഴ്സിന്റെ പരിഹാര പ്രദക്ഷിണം

മാർച്ച് 4 ന് Department of Youth Ministry യിലെ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ Youth Cross വഹിച്ചുകൊണ്ടുള്ള പരിഹാരപ്രദക്ഷിണം തോണിച്ചാൽ സെന്റ് സെബാസ്റ്റ്യൻസ് ചർച്ചിൽ നിന്നാരംഭിച്ച് ദ്വാരക സെന്റ് അൽഫോൻസ ചർച്ചിൽ സമാപിക്കുന്നു. സമയം 4 pm. മാനന്തവാടി രൂപതയിലെ എല്ലാ സിസ്റ്റേഴ്സിനെയും സ്വാഗതം ചെയ്യുന്നു.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ** – Director, Department of Youth Ministry

# കെ. സി. വൈ. എം.

**മേഖല ആനിമേറ്റേഴ്സ് & ഡയറക്ടേഴ്സ് മീറ്റിംഗ്**

മേഖലകളിൽ KCYM ന് നേതൃത്വം നൽകുന്ന ബഹു. ഡയറക്ടേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെയും സംഗമം 2015 ജനുവരി 29-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 5 മണിമുതൽ 8.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. കെസിവൈഎം രൂപത ഡയറക്ടർ റവ. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ രൂപത ആനിമേറ്റർ സി.ലിൻസ FCC സ്വാഗതവും രൂപത പ്രസിഡണ്ട് ശ്രീ. സിബിൻ പാലമൂട്ടിൽ ആശംസകളും അർപ്പിച്ചു. കെസിവൈഎം പ്രവർത്തനവർഷ ഉദ്ഘാടനം, 'വഴി 2015' ന്റെ പ്രകാശനം എന്നിവ ഫെബ്രുവരി 17 ന് നടത്താനും അമ്പതു നോമ്പുകാലത്ത് Youth Cross പ്രയാണവും പരിഹാരപ്രദക്ഷിണവും ഫൊറോനകളിൽ നിന്നും ഫൊറോനകളിലേക്ക് നടത്താനും തീരുമാനിച്ചു.

**Youth Cross പ്രയാണവും പരിഹാര പ്രദക്ഷിണവും**

ലോകത്തിൽ ക്രൈസ്തവർക്കെതിരെ നടക്കുന്ന പീഡനങ്ങൾക്ക് പരിഹാരം ചെയ്യുവാനും ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാനും മാനന്തവാടി രൂപതയിലെ യുവജനങ്ങൾ Youth Cross ഉം എടുത്തുകൊണ്ട് ഫൊറോനകളിൽ നിന്നും ഫൊറോനകളിലേക്ക് പ്രയാണം നടത്തുന്നു. ഓരോ ഫൊറോനയുടെയും തീയതികൾ ചുവടെ ചേർക്കുന്നു.

ഫെബ്രുവരി 27 വെള്ളി-കൊട്ടിയൂർ, ഫെബ്രുവരി 28 ശനി - മാനന്തവാടി, മാർച്ച് 1 ഞായർ -പയ്യമ്പള്ളി, മാർച്ച് 6 വെള്ളി -കല്ലോടി, മാർച്ച് 7 ശനി -തരിയോട്, മാർച്ച് 8 ഞായർ-കല്പ്പറ്റ, മാർച്ച് 13 വെള്ളി -നടവയൽ, മാർച്ച് 14 ശനി -പുൽപ്പള്ളി, മാർച്ച് 15 ഞായർ-ബത്തേരി, മാർച്ച് 20 വെള്ളി-ഗൂഡല്ലൂർ, മാർച്ച് 21 ശനി -നിലമ്പൂർ, മാർച്ച് 22 ഞായർ -മണിമൂളി.

തീർത്ഥാടനത്തിനു പോകുന്ന വ്യക്തി 'തന്റെ കാൽപാദം കൊണ്ട്' പ്രാർത്ഥിക്കുന്നു. തന്റെ ജീവിതം മുഴുവനും ദൈവത്തിലേക്കുള്ള സുദീർഘ യാത്രയാണെന്ന് എല്ലാ ഇന്ദ്രിയങ്ങൾ കൊണ്ടും അനുഭവിച്ചറിയുകയും ചെയ്യുന്നു'' (YOUCAT). കാൽപാദങ്ങൾകൊണ്ടു മാത്രമല്ല, ഹൃദയം കൊണ്ടും പ്രാർത്ഥിച്ചുള്ള തീർത്ഥാടനം. "ഒരാൾ

പശ്ചാത്തപിച്ച് കുമ്പസാരിക്കുമ്പോൾ പാപമോചനാശീർവ്വാദം പാപത്തെ നീക്കം ചെയ്യുന്നു. പക്ഷെ, പാപം ഉണ്ടാക്കിയിട്ടുള്ള എല്ലാ ക്രമരാഹിത്യങ്ങളെയും അത് പരിഹരിക്കുന്നില്ല" (YOUCAT). വിശുദ്ധി യുടെ നിറവിലേക്ക് വളരാൻ, ചെയ്തുപോയ പാപങ്ങൾക്ക് പരിഹാരം ചെയ്യണം. ഈ നോമ്പുകാലത്ത് പരിഹാര അരൂപിയിൽ യുവ ജനകുരിശും വഹിച്ചുകൊണ്ട് ഒരു മേഖലയിൽ നിന്നും മറ്റൊരു മേഖ ലയിലേക്ക് കാൽനടയായി പരിഹാരയാത്ര നടത്തുന്ന യുവജനങ്ങൾ മറ്റുള്ളവർക്ക് മാതൃകയാകുന്നു. ഓരോ യൂണിറ്റും മേഖലയോട് സഹ കരിച്ച് പരമാവധി യുവജനങ്ങളെ ഈ പരിഹാര യാത്രയിൽ പങ്കെടു പ്പിക്കുമല്ലോ.

**സംസ്ഥാനവാർഷികസെനറ്റ്**

ജനുവരി 22,23,24 തീയതികളിൽ കോട്ടപ്പുറം വികാസ് ആൽബർട്ടൈൻ ആനിമേഷൻ സെന്ററിൽ വച്ചു നടന്ന സംസ്ഥാന വാർഷിക സെനറ്റിൽ റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, വിനു വാണിയപ്പിള്ളിൽ, ഷാജി അഴകനാൽ, ബിബിൻ ചെമ്പക്കര, സജിൻ ജോസ് ചാലിൽ, തുടങ്ങിയവർ പങ്കെടുത്തു.

**രൂപതപ്രവർത്തനവർഷ ഉദ്ഘാടനവും 'വഴി 2015' പ്രകാശനവും**

കെസിവൈഎം 2015 പ്രവർത്തനവർഷ ഉദ്ഘാടനവും വഴി 2015 ന്റെ പ്രകാശനവും ഫെബ്രുവരി 17 ന് ദ്വാരക യു.പി സ്കൂളിൽ വച്ചു നടന്നു. 250 ഓളം യുവജനങ്ങൾ പങ്കെടുത്ത പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനം മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.എം. ജി.ബിജു നിർവഹിച്ചു. സംസ്ഥാന ഡയറക്ടർ റവ.ഫാ.മാത്യു ജേക്കബ് തിരുവാലിൽ OIC 'വഴി 2015' പ്രകാശനം നിർവഹിച്ചു. രൂപത ഡയറ ക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖപ്രഭാഷണം നടത്തി. രൂപത പ്രസിഡണ്ട് ശ്രീ.സിബിൻ പാലമൂട്ടിൽ അധ്യക്ഷതവഹിച്ചു. രൂപത ജനറൽ സെക്രട്ടറി ശ്രീ.എബിൻ മുട്ടപ്പള്ളി സ്വാഗതവും രൂപത ആനിമേറ്റർ റവ.സി.ലിൻസ FCC വചനപ്രതിഷ്ഠയും നടത്തി. 'പ്രവാച കയുവത്വവും സമർപ്പിത ചൈതന്യവും' എന്ന വിഷയത്തെക്കുറിച്ച് KCYM സംസ്ഥാന ഡയറക്ടർ റവ.ഫാ.മാത്യു ജേക്കബ് തിരുവാലിൽ OIC യുവജനങ്ങൾക്ക് ക്ലാസ്സെടുത്തു. കുമാരി സൻസി പൊട്ടയിൽ, ശ്രീ. റ്റോബി കൂട്ടുങ്കൽ, ശ്രീ.അജീഷ് പുല്ലാട്ടുകുടിയിൽ, ശ്രീ.ഷാജി അഴക നാൽ, കുമാരി ഡെല്ല പുത്തൻകളത്തിൽ, ശ്രീ.ബിബിൻ ചെമ്പക്കര തുടങ്ങിയവർ നേതൃത്വം നൽകി.

**മാനന്തവാടിയിൽ നിന്നും മലയാറ്റൂരിലേക്കൊരു പദയാത്ര**

മാർച്ച് 21 ശനിയാഴ്ച പുറപ്പെട്ട് 27 വെള്ളിയാഴ്ച തിരിച്ചെത്തുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ കെസിവൈഎം ഓഫീസുമായി ബന്ധ പ്പെടണം. വൈദികരോടൊപ്പം ജപമാല ചൊല്ലിയും വി.കുർബാന യർപ്പിച്ചും കുരിശിന്റെ വഴി ചൊല്ലിയും യുവജനങ്ങൾ നടത്തുന്ന തീർത്ഥാടനം.

**അനുമോദനങ്ങൾ**

2015 National Games ഫെൻസിങ്ങിൽ Gold Medal നേടിയ കൊട്ടിയൂർ യൂണിറ്റംഗം അമ്പിളി ആന്റണിക്കും ബാസ്കറ്റ് ബോളിൽ സ്വർണ മെഡൽ നേടിയ കേരള ടീം ക്യാപ്റ്റനും മുള്ളൻകൊല്ലി യൂണിറ്റംഗവുമായ നീനു സ്കറിയയ്ക്കും പന്തിപ്പൊയിൽ ഇടവകാംഗമായ പി.എസ്. ജീനക്കും രൂപത KCYM കുടുംബത്തിന്റെ അനുമോദനങ്ങൾ.

KLM ന്റെ സംസ്ഥാന പ്രസിഡണ്ടായി തെരെഞ്ഞെടുക്കപ്പെട്ട ശ്രീ.സെബാസ്റ്റ്യൻ പാലംപറമ്പിൽ സാറിന് രൂപത KCYM കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**യൂണിറ്റ് വാർത്തകൾ**

**മഞ്ഞൂറ യൂണിറ്റ്**

ജനുവരി 9,10,11 തീയതികളിലായി നടന്ന ഇടവകതിരുനാളിനോടനുബന്ധിച്ച് യുവജനങ്ങൾ ദേവാലയവും പരിസരവും വൃത്തിയാക്കുകയും അലങ്കാരങ്ങൾക്ക് സഹകരിക്കുകയും ചെയ്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ രഥം നിർമ്മിക്കുകയും ഫണ്ടു ശേഖരണത്തിനായി ഐസ്ക്രീം വിൽപന നടത്തുകയും ചെയ്തു.

**അരിഞ്ചേർമല യൂണിറ്റ്**

യുവജനങ്ങൾ ചേർന്ന് വെയിറ്റിംഗ് ഷെഡ് നിർമ്മിച്ചു. മേരിമാതാ കോളേജിൽ വച്ചു നടന്ന രൂപത വാർഷികത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. ഇടവകയിൽ നിന്നും ഫണ്ട് ശേഖരിച്ച് ഒസ്സാനാം ഭവൻ, നവജ്യോതി പനമരം തുടങ്ങിയ വൃദ്ധസദനങ്ങൾ സന്ദർശിച്ച് Cleaning നടത്തുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും അരി, സ്റ്റേഷനറി സാധനങ്ങൾ കൊടുക്കുകയും ചെയ്തു. ഇടവകത്തിരുനാളിനോടനുബന്ധിച്ച് രഥം അലങ്കരിച്ചു. സമ്മാനകൂപ്പൺ നറുക്കെടുപ്പ് നടത്തി. മൊബൈൽ ഫോൺ, എമർജൻസി ലൈറ്റ്, അയൺബോക്സ്, ബെഡ്ഷീറ്റ് എന്നിവ യഥാക്രമം സമ്മാനമായി നൽകി. സ്റ്റാൾ ഇടുകയും റിംഗ് ഏറ്, ഐസ്ക്രീം വിൽപന എന്നിവ നടത്തുകയും ചെയ്തു. മേഖലാതലത്തിൽ നടന്ന റിപ്പബ്ലിക്ദിന ക്വിസിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

**ഒലിവുമല യൂണിറ്റ്**

'Run Kerala' യിൽ കെസിവൈഎം അംഗങ്ങൾ പങ്കെടുത്തു. രോഗാവസ്ഥയിലായിരിക്കുന്ന കെസിവൈഎം അംഗത്തെ സന്ദർശിച്ചു. യൂണിറ്റ് പ്രസിഡണ്ടിന്റെ ജന്മദിനം ആഘോഷിച്ചു.

**ബെക്കി യൂണിറ്റ്**

ഇടവകാതിരുനാളിനോടനുബന്ധിച്ചുള്ള പ്രദക്ഷിണത്തിന് നേതൃത്വം വഹിച്ചു. മനോഹരമായ രഥം നിർമ്മിച്ചു. ജനുവരി 15,16 തീയതികളിലായി കുന്നലാടിയിൽ വച്ചു നടന്ന യുവജനക്യാമ്പിൽ 14 പേർ പങ്കെടുത്തു.

**ചാരിറ്റി യൂണിറ്റ്**

ഇടവകദിനത്തിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ സന്ദേശം നൽകുന്ന സ്കിറ്റുകൾ അവതരിപ്പിച്ചു. പൗരോഹിത്യശുശ്രൂഷയുടെ 18 -ാം വാർഷികം ആഘോഷിക്കുന്ന ഡയറക്ടറച്ചന് ആശംസകളർപ്പിച്ചു.

**കരിമാനി യൂണിറ്റ്**

ഇടവകയുടെ ജൂബിലി ആഘോഷത്തോടനുബന്ധിച്ചു നടന്ന ഭക്ത സംഘടനകളുടെ വാർഷികാഘോഷപരിപാടിയിൽ കെസിവൈഎം അംഗങ്ങൾ സ്കിറ്റ്, കോമഡി, ഡാൻസ് തുടങ്ങിയവ അവതരിപ്പിച്ചു. തിരുനാളാഘോഷങ്ങളിൽ യുവജനങ്ങൾ എല്ലാക്കാര്യങ്ങളിലും സഹകരിച്ചു. യൂണിഫോം അണിഞ്ഞ് യുവജനങ്ങൾ പങ്കെടുത്ത പ്രദക്ഷിണം വളരെ മനോഹരമായിരുന്നു.

**വെള്ളൂന്നി യൂണിറ്റ്**

രൂപത സെക്രട്ടറിയായി തെരെഞ്ഞെടുക്കപ്പെട്ട കുമാരി ഡെല്ല പുത്തൻകളത്തിന് യുവജനമീറ്റിംഗിൽ വച്ച് ആശംസകൾ നേർന്നു. ഇടവകത്തിരുനാളിനോടനുബന്ധിച്ച് പരിസരശുചീകരണം, അലങ്കാരം, രഥനിർമാണം, നേർച്ചഭക്ഷണ വിതരണം എന്നിവയിൽ സജീവമായി സഹകരിച്ചു. ഫണ്ടു ശേഖരണാർത്ഥം ഐസ്ക്രീം സ്റ്റാളും ഭക്തസാധനങ്ങളുടെ സ്റ്റാളും നടത്തി. ഇടവകയിൽ മരുന്നിനും മറ്റാവശ്യങ്ങൾക്കുമായി ബുദ്ധിമുട്ടുന്നവർക്കായി 'കരുണയുടെ പെട്ടി' എന്ന പേരിൽ സംഭാവനപെട്ടി സ്ഥാപിച്ചു. യൂണിറ്റ് ആനിമേറ്ററിന്റെ സന്യാസസമർപ്പണ ജൂബിലിയോടനുബന്ധിച്ച് പ്രത്യേക കൃതജ്ഞതാബലിയർപ്പണത്തിൽ യുവജനങ്ങൾ കാഴ്ചസമർപ്പണം നടത്തുകയും ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും സിസ്റ്ററിന് ആശംസകൾ നേരുകയും ചെയ്തു.

**ചുങ്കക്കുന്ന് യൂണിറ്റ്**

ഡീക്കൻ ഷിന്റോ പുലിക്കുഴിയുടെ പൗരോഹിത്യസ്വീകരണത്തോടനുബന്ധിച്ച് ആവശ്യമായ ഒരുക്കങ്ങൾ യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തി. ചുങ്കക്കുന്ന് ഇടവകയിലെ മുഴുവൻ യുവജനങ്ങളുടെയും രക്ത ഗ്രൂപ്പ് നിർണയം നടത്തി. അവരുടെ ലിസ്റ്റ് തയ്യാറാക്കി രൂപതയിൽ നൽകി. ഭക്തസംഘടനകളെ ഏകോപിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ബഹു. തോമസ് മണക്കുന്നേലച്ചന്റെ നേതൃത്വത്തിൽ ഇടവകയിൽ വിളിച്ചു ചേർത്ത സംയുക്തമീറ്റിംഗിൽ കെസിവൈഎം ഭാരവാഹികൾ സംബന്ധിച്ചു.

**പുതിയിടംകുന്ന് യൂണിറ്റ്**

ബഹു.വികാരിയച്ചന്റെ നാമഹേതുകത്തിരുനാൾ യുവജനങ്ങളുടെ നേതൃത്വത്തിൽ ആഘോഷിച്ചു. ഫണ്ടുശേഖരണാർത്ഥം ആക്രിസാധനങ്ങൾ ശേഖരിച്ചു വിൽപന നടത്തി. യുവജനങ്ങൾ ബഹു.ആനിമേറ്റർ സിസ്റ്ററിന്റെ നേതൃത്വത്തിൽ രോഗീസന്ദർശനം നടത്തി.

**കൊമ്മയാട് യൂണിറ്റ്**

ഇടവകത്തിരുനാളിനോടനുബന്ധിച്ച് പള്ളിയും പരിസരവും വൃത്തിയാക്കി. പ്രദക്ഷിണത്തിന് യുവജനങ്ങളുടെ നേതൃത്വത്തിൽ രഥം തയ്യാറാക്കി. തിരുനാളിലെ എല്ലാക്കാര്യങ്ങളിലും യുവജനങ്ങളുടെ സഹകരണവും സാന്നിധ്യവുമുണ്ടായിരുന്നു.

**ശശിമല യൂണിറ്റ്**

എല്ലാമാസത്തിലെയും രണ്ടാം ശനിയാഴ്ച പതിവായി ആരാധന നടത്തി വരുന്നു. പള്ളിയിൽ വരാൻ സാധിക്കാത്ത രോഗത്തിന്റെയും പ്രായത്തിന്റെയും ബുദ്ധിമുട്ടനുഭവിക്കുന്നവരുടെ ഭവനങ്ങൾ ബഹു.ജോസച്ചന്റെ നേതൃ

ത്വത്തിൽ യുവജനങ്ങൾ സന്ദർശിച്ച് കുമ്പസാരത്തിനും വി. കുർബാന സ്വീകരിക്കുന്നതിനായും അവരെ ഒരുക്കി. യൂത്തുമിനിസ്ട്രിയുടെ സർവ്വേ ഫോം വീടുകളിൽ നിന്നും ശേഖരിച്ചു.

**ദ്വാരക യൂണിറ്റ്**

യൂണിറ്റിലെ യുവജനങ്ങൾ മാനന്തവാടി സബ്ജയിൽ സന്ദർശിക്കുകയും അവിടെ തടവുകാരായി കഴിയുന്ന സഹോദരങ്ങളെ സന്ദർശിക്കുകയും അവർക്കുവേണ്ടി കലാവിരുന്നൊരുക്കുകയും ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ.ഫാ.അനിൽ മുഞ്ഞനാട്ടിന്റെയും ആനിമേറ്റർ സി.ബെറ്റിയുടെയും നേതൃത്വത്തിൽ കെസിവൈഎം അംഗങ്ങൾ വിയാനിഭവനിൽ വിശ്രമജീവിതം നയിക്കുന്ന വന്ദ്യവൈദികരെ സന്ദർശിച്ച് അവരൊടൊത്ത് സമയം ചെലവഴിച്ചു.

**പോരൂർ യൂണിറ്റ്**

യുവജനങ്ങൾ രോഗീസന്ദർശനം നടത്തി. ഇടവകതിരുനാളിനോടനുബന്ധിച്ച് കെസിവൈഎം അംഗങ്ങൾ പള്ളിയും അൾത്താരയും അലങ്കരിക്കാൻ നേതൃത്വം നൽകി. ഫണ്ട് സമാഹരണാർത്ഥം തിരുനാളിനോടനുബന്ധിച്ച് ഐസ്ക്രീം വിൽപന നടത്തി 7000 രൂപ ശേഖരിച്ചു. സ്ഥലം മാറിപ്പോയ യൂണിറ്റ് ഡയറക്ടർക്ക് യാത്രയയപ്പ് നൽകി.

**കൊട്ടിയൂർ യൂണിറ്റ്**

ഇടവകത്തിരുനാളിനൊരുക്കമായി പള്ളിയും പരിസരവും വൃത്തിയാക്കുകയും അലങ്കരിക്കുകയും ചെയ്തു. ഫണ്ടുശേഖരണാർത്ഥം കെസിവൈഎം അംഗങ്ങൾ ഐസ്ക്രീം വിൽപന നടത്തി. വാർഷികധ്യാനത്തിന് ഒരുക്കമായി യുവജനങ്ങൾ ദേവാലയത്തിൽ വൈകുന്നേരങ്ങളിൽ ഒന്നിച്ചുചേർന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. റവ.ഫാ.സജേഷിന്റെ നേതൃത്വത്തിൽ പാലുകാച്ചി കുരിശടി സന്ദർശിച്ച് വൃത്തിയാക്കി. നാഷണൽ ഗെയിംസ് സ്വർണമെഡൽ ജേതാവ് അമ്പിളി പടിഞ്ഞാറേമുറിക്ക് കെസിവൈഎം അംഗങ്ങൾ അനുമോദനങ്ങൾ അർപ്പിച്ചു.

**പുതുശ്ശേരി യൂണിറ്റ്**

ദേവാലയനിർമ്മാണത്തിന് പണം സമാഹരിക്കുന്നതിന്റെ ഭാഗമായി കെസിവൈഎം അംഗങ്ങൾ ചേർന്ന് പഴയസാധനങ്ങൾ ശേഖരിച്ച് വിൽപന നടത്തി. പുതുശ്ശേരി ടൗണിലും പരിസരപ്രദേശങ്ങളിലും നടക്കുന്ന അനധികൃത മദ്യവിൽപനക്കെതിരെ കെസിവൈഎം അംഗങ്ങൾ ബഹു.കേരളസംസ്ഥാന യുവജനക്ഷേമ വകുപ്പ് മന്ത്രിക്ക് നിവേദനം നൽകി.

**മേഖലവാർത്തകൾ: നടവയൽ മേഖല**

മേഖലാവാർഷികസെനറ്റ് കൂടി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. പുതിയവർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. റിപ്പബ്ലിക് ദിനത്തിൽ 'ഇന്ത്യൻ ഭരണഘടനയും YOUCAT ഉം എന്ന വിഷയത്തെ ആസ്പദമാക്കി പനമരം യൂണിറ്റിൽ വച്ചു നടത്തിയ ക്വിസ് മത്സരത്തിൽ നടവയൽ യൂണിറ്റ് ഒന്നാം സ്ഥാനം നേടി. വിജയികൾക്ക് ഡയറക്ടർ റവ.ഫാ.ജെയിംസ് ചക്കിട്ടക്കുടി ട്രോഫി വിതരണം ചെയ്തു. 6 യൂണിറ്റുകൾ പ്രോഗ്രാമിൽ പങ്കെടുത്തു.

**എബിൻ മുട്ടപ്പള്ളി** - രൂപത ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹ ഒരുക്ക കോഴ്സ്

ദ്വാരക പാസ്റ്ററൽ സെന്ററിൽ ജനുവരി 23 മുതൽ 26 വരെ നടന്ന കോഴ്സിൽ 104 പേരും ഫെബ്രുവരി 8 മുതൽ 11 വരെ നടന്ന കോഴ്സിൽ 82 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

## അടുത്ത മാസത്തിലെ കോഴ്സുകൾ

മാർച്ച് 20–23 – മണിമൂളി പാസ്റ്ററൽ സെന്റർ
മാർച്ച് 27–30 – പാസ്റ്ററൽ സെന്റർ ദ്വാരക
ഏപ്രിൽ 10–13 – പാസ്റ്ററൽ സെന്റർ ദ്വാരക
ഏപ്രിൽ 24–27 – പാസ്റ്ററൽ സെന്റർ ദ്വാരക

## പ്രത്യേക ശ്രദ്ധയ്ക്ക്

മാർച്ച് 20 മുതൽ 23 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടക്കുന്ന കോഴ്സിനെക്കുറിച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ നേരത്തെ തന്നെ വിളിച്ചു പറയുമല്ലോ. ഈ പ്രദേശങ്ങളിൽ നിന്നും കോഴ്സിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നവരോട് മാർച്ച് 20–23 ന്റെ കോഴ്സിൽ പങ്കെടുക്കാൻ ഓർമ്മിപ്പിക്കണെ.

## കത്തോലിക്കാ മാതൃസംഘടന

### ബത്തേരി മേഖല

കത്തോലിക്കാ മാതൃസംഘടനയുടെ ബത്തേരി മേഖലാ പ്രവർത്തന മാർഗ്ഗരേഖ – 2015, മേഖലാ ഡയറക്ടർ റവ.ഫാ.ജോണി കാഞ്ഞിരംപറമ്പിൽ പ്രകാശനം ചെയ്തു. സംഗമത്തിൽ 13 ശാഖകളിൽ നിന്നും ആനിമേറ്റർമാരും ഭാരവാഹികളും പങ്കെടുത്തു. മാർഗ്ഗരേഖയുടെ വിശദീകരണം മേഖലാ ഡയറക്ടർ നൽകി. എല്ലാമാസവും ചേരുന്ന മേഖലാ എക്സിക്യൂട്ടിവിലേക്ക് ഓരോ ശാഖയിൽ നിന്നും ഒരാളെവീതം മേഖലാ പ്രതിനിധിയായി തിരഞ്ഞെടുക്കുകയും ചെയ്തു.

**കുറുമണി**

അമലോത്ഭവ മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് കാഴ്ച്ച സമർപ്പണം നടത്തി ശേഖരിച്ച സ്റ്റേഷനറി സാധനങ്ങളും വസ്ത്രങ്ങളും പനമരത്തുള്ള നവജ്യോതി വൃദ്ധമന്ദിരത്തിൽ ഏൽപ്പിച്ചു. ഇടവകയിലെ മുഴുവൻ കുടുംബങ്ങളും വാർഡ് അടിസ്ഥാനത്തിൽ കിറ്റ് തയ്യാറാക്കുകയും ഏറ്റവും നല്ല കിറ്റിന് സമ്മാനങ്ങൾ നൽകുകയും ചെയ്തു. ക്രിസ്തുമസ്സ് കിറ്റിലൂടെ 25000 രൂപ സമാഹരിച്ചു. ക്രിസ്മസ് സമ്മാനമായി 8 പാവപ്പെട്ട വീടുകളിൽ സന്ദർശനം നടത്തുകയും കേക്ക് മുറിച്ച് ആശംസകൾ നേരുകയും കിറ്റ് നൽകുകയും ചെയ്തു. മത്സരാടിസ്ഥാനത്തിൽ പുൽക്കൂട് നിർമ്മിക്കാൻ അമ്മമാർ നേതൃത്വം നൽകി. ഈ വർഷം മേഖലയിൽ കുറുമണി ഇടവക രണ്ടാം സ്ഥാനം നേടി. അക്രൈസ്തവ കുടുംബത്തിലെ തളർന്നുകിടക്കുന്ന രണ്ട് രോഗികളെ ഹോസ്പിറ്റലിൽ കൊണ്ടുപോയി അവർക്ക് ശുശ്രൂഷകൾ ചെയ്തുകൊടുത്തു.

**പുതിയിടംകുന്ന്**

യൂണിറ്റുതലത്തിൽ അമ്മമാർക്ക് നല്ല അടുക്കള, തലമുറകളുടെ അമ്മ എന്നീ ഇനങ്ങളിൽ ഇടവകയിൽ മൽസരം നടത്തി. പരിശുദ്ധ അമ്മയും ഞാനും എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസ മൽസരവും ലഹരിവിമുക്ത വർഷ സമാപനത്തോടനുബന്ധിച്ച് ഒരു മണിക്കൂർ ആരാധനയും ജപമാലയും നടത്തി. ജനുവരി 18 –ന് ബഹു. വികാരി അച്ചന് തിരുനാൾ മംഗളങ്ങൾ നേർന്നു.

**വാഴവറ്റ**

വനിതകൾക്കായുള്ള സാഹിത്യ മൽസരത്തിൽ ചിത്രരചനയിൽ റിൻസി മുല്ലക്കുടിയിൽ ഒന്നാം സ്ഥാനം നേടി. ഇടവകയിൽ ജനുവരി മാസത്തിൽ നടന്ന ബൈബിൾ കൺവെൻഷന്റെ ഒരുക്കമായി എല്ലാ വെള്ളിയാഴ്ച്ചയും ആരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും നടത്തി.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

"ഞാൻ ദാവീദ് ഭവനത്തിന്റെയും ജെറുസലേം നിവാസികളുടെയും മേൽ കൃപയുടെയും പ്രാർത്ഥനയുടെയും ചൈതന്യം പകരും" (സഖ.12:10).

ഫെബ്രുവരി 6 ആദ്യവെള്ളി സോണൽ മീറ്റിംഗിനായി സീയോൻ ശുശ്രൂഷകർ ഒരുമിച്ച് ചേർന്നു. 10 മണിക്ക് കുരിശിന്റെ വഴി, ആരാധന എന്നിവ നടത്തി. 12 മണിക്ക് ബഹു. സോണിയച്ചൻ വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി. നോമ്പുകാലത്തേക്ക് പ്രവേശിക്കുന്ന നമ്മൾ സ്വീകരിക്കേണ്ട ചൈതന്യത്തെക്കുറിച്ച് അച്ചൻ സംസാരിച്ചു. 1.15 ന് ടീം മീറ്റിംഗ് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. ശുശ്രൂഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും സീയോൻ ഏറ്റെടുത്ത് നടത്തുന്ന ധ്യാനങ്ങളെക്കുറിച്ചും സംസാരിച്ചു. 3 മണിക്ക് ടീം മീറ്റിംഗ് സമാപിച്ചു.

**ജാഗരണ പ്രാർത്ഥന**

"കർത്താവേ എന്റെ പ്രാർത്ഥന ചെവിക്കൊള്ളണമേ" (സങ്കീ. 5:1).

6.30 ന് ജപമാലയോടുകൂടി ജാഗരണപ്രാർത്ഥന ആരംഭിച്ചു. 7 മണിക്ക് കോർപറേറ്റ് മാനേജർ ബഹു. ബിജു പൊൻപാറയച്ചൻ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ഭക്ഷണശേഷം കുരിശിന്റെ വഴി, ആരാധന എന്നിവ യൂത്ത് മിനിസ്ട്രി ഡയറക്ടർ ബഹു. ലാൽ പൈനുങ്കൽ അച്ചന്റെ നേതൃത്വത്തിൽ നടത്തി. 12 മണിക്ക് വിശ്രമത്തിനായി പോയി.

**ആദ്യശനി – ഏകദിന കൺവെൻഷൻ**

"കർത്താവിന്റെ പ്രവർത്തികൾ മഹനീയങ്ങളാണ്" (സങ്കീ. 111:2).

പ്രഭാതത്തിൽ 6 മണിയുടെ പ്രാർത്ഥനയോടുകൂടി ശുശ്രൂഷകൾ ആരംഭിച്ചു. 9.15 ന് സപ്ര, ജപമാല, സ്തുതി ആരാധനയ്ക്കുശേഷം സാക്ഷ്യശുശ്രൂഷ നടത്തി. തുടർന്ന് വചന ശുശ്രൂഷയ്ക്ക് റവ. ഫാ. ജെയിസൺ CssR നേതൃത്വം നൽകി. നോമ്പുകാലത്തെ താപസികത

നിറഞ്ഞ ജീവിതത്തെക്കുറിച്ചാണ് അച്ചൻ ബോദ്ധ്യങ്ങൾ പകർന്നത്. വി. കുർബാനയ്ക്ക് ബഹു. സോണിയച്ചൻ നേതൃത്വം നൽകി. ശരീരത്തെ തൃപ്തിപ്പെടുത്തുന്നത് അപ്പമാണ്, ആത്മാവിനെ തൃപ്തിപ്പെടുത്തുന്നത് വചനമാണ്. ആ വചനത്തെ നമ്മൾ ഹൃദയപൂർവ്വം സ്വീകരിക്കണമെന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു. ലഘുഭക്ഷണശേഷം ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം ബഹു. അഗസ്റ്റിനച്ചന്റെ നേതൃത്വത്തിൽ നടന്നു. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**രണ്ടാം ശനിയാഴ്ച - ദമ്പതീകൂട്ടായ്മ**

"ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും" 10 മണിക്ക് കുരിശിന്റെ വഴിയോടെ ശുശ്രൂഷകൾ ആരംഭിച്ചു. 10.30 ന് ക്ലാസ്സ്, വി. കുർബാന, തുടർന്ന് ആരാധന എന്നിവ ഉണ്ടായിരുന്നു. സർവ്വീസ് ടീം മീറ്റിംഗ് നടത്തി.

**യുവജന കൂട്ടായ്മ**

ജീസസ് യൂത്ത് ടീം അംഗങ്ങൾ രണ്ടാം വെള്ളിയാഴ്ച ജാഗരണ പ്രാർത്ഥന നടത്തി ഒരുങ്ങി. രണ്ടാം ശനിയാഴ്ച 10 മണിക്ക് കുരിശിന്റെ വഴിയോടുകൂടെ പ്രോഗ്രാം ആരംഭിച്ചു. 10.45 ന് ശ്രീ. ബിജു അരീപ്ലാക്കൽ ക്ലാസ്സ് നയിച്ചു. ബഹു. സോണി വാഴകാട്ട് അച്ചൻ വി. ബലിയർപ്പിച്ചു. ആരാധനയോടെ ശുശ്രൂഷകൾ സമാപിച്ചു.

**താമസിച്ചുള്ള ധ്യാനം 15-19**

ഫെബ്രുവരി 15 മുതൽ 19 വരെ താമസിച്ചുള്ള ആന്തരിക സൗഖ്യ ധ്യാനം നടത്തി. 76 പേർ ധ്യാനത്തിൽ പങ്കെടുത്തു. ഫാ. അഗസ്റ്റിൻ താന്നിയിൽ, ഫാ. സോണി വാഴകാട്ട്, Mr. ജോസഫ് കൽപ്പറ്റ എന്നിവർ ധ്യാനത്തിന് നേതൃത്വം നൽകി.

**സീയോൻ മാർച്ച് മാസത്തിൽ**

| | | |
|---|---|---|
| മാർച്ച് 6 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ് |
| മാർച്ച് 7 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| മാർച്ച് 20 മൂന്നാം വെള്ളി | - | ജാഗരണ പ്രാർത്ഥന |
| മാർച്ച് 28 നാലാം ശനി | - | സൗഖ്യദിനം |
| മാർച്ച് 15-19 | - | ആന്തരിക സൗഖ്യധ്യാനം |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
ഡയറക്ടർ, സീയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീ, സഹോദരങ്ങളേ,

"വിശക്കുന്നവനുമായി ആഹാരം പങ്കുവെക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലെ യഥാർത്ഥ ഉപവാസം" (ഏശയ്യ 58:7).

തിരുനാളുകളുടെയും ആഘോഷങ്ങളുടെയും ദിവസങ്ങൾ പിന്നിട്ട് നാം നോമ്പുകാല ചൈതന്യങ്ങളിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. മാർച്ച് മാസം 19-ാം തീയതി തിരുകുടുംബത്തിന്റെ നാഥനായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട നീതിമാനായ വി. യൗസേപ്പിതാവിന്റ മരണ ദിനം ആചരിക്കുകയാണല്ലോ. അതോടൊപ്പം മാർച്ച് 29-ാം തീയതി ലോകരക്ഷകനായ യേശുനാഥന്റെ രാജകീയ പ്രവേശനം, ഓശാന ഞായർ കൂടി ആണല്ലോ.

പരസ്നേഹപ്രവർത്തനങ്ങളിൽ തികച്ചും ആത്മീയവും ഭൗതികവുമായ ശക്തിയും ഊർജ്ജവും ലഭിക്കുന്നതിന് നമ്മുടെ സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡീ പോളിന്റെയും സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെയും മാധ്യസ്ഥം അപേക്ഷിച്ചുകൊണ്ട് പരിശുദ്ധ അമ്മയോട് ചേർന്ന് സർവ്വശക്തന്റെ സന്നിധിയിൽ അപേക്ഷിക്കാം.

**കെ. ആർ. സി. സി. ജനറൽബോഡി യോഗം**

കെ.ആർ.സി.സി. ജനറൽബോഡി യോഗം ബ്രദർ ഇ.എം. ഗീവർഗീസ്, കേരള റീജിയൻ കോ-ഓർഡിനേറ്ററിന്റെ അദ്ധ്യക്ഷതയിൽ ഫെബ്രുവരി 7, 8 തീയതികളിൽ കോട്ടപ്പുറത്ത് വെച്ച് നടന്നു.

**നിയമനം**

ബ്രദർ ഡോ. ജോൺസൺ വർഗ്ഗീസ്, പ്രസിഡണ്ട് കോതമംഗലം സി.സി. നാഷണൽ കൗൺസിൽ പ്രസിഡണ്ടായി തിരഞ്ഞെടുത്തു.

28-2-2015 മുതൽ സ്ഥാനം ഏറ്റെടുത്തു എന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

**സിസി വാർഷികം**

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ മാനന്തവാടി സെൻട്രൽ കൗൺസിൽ 37-ാമത് വാർഷികവും ഓസ്സാനാം "ഫാമിലി ഭവൻ" ഉദ്ഘാടനവും 2015 ഏപ്രിൽ 18-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ഓസ്സാനാംഭവനിൽ വെച്ച് അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം നിർവ്വഹിക്കും.

**ഏസി പ്രസിഡണ്ടുമാരുടെ ശ്രദ്ധക്ക്**

a) 2014-15 വർഷത്തെ വാർഷിക റിപ്പോർട്ട് 2015 ഏപ്രിൽ 5-ാം തീയതി സിസി യിൽ എത്തിക്കണം.

b) ഓസ്സാനാം ഭവനിൽ വാർഷിക യോഗത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം 2015 ഏപ്രിൽ 10-ാം തീയതിക്ക് മുമ്പായി സിസി യിൽ എത്തിക്കണം.

c) സിസി ബോർഡ് മെമ്പേഴ്സ് കോൺഫറൻസ് സന്ദർശനവേളയിൽ അറിയിച്ചിരിക്കുന്നതുപോലെ കാലാവധി കഴിഞ്ഞ എല്ലാ കോൺഫറൻസ് പ്രസിഡണ്ടുമാരുടെയും തിരഞ്ഞെടുപ്പ് നടത്തി സിസിയിൽ വിവരം അറിയിക്കണം.

**സ്കോളർഷിപ്പ്**

താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് റിന്യൂവൽ സ്കോളർഷിപ്പ് സിസി യോഗത്തിൽ വെച്ച് 21-2-2015 ന് ഏസി പ്രസിഡണ്ടുമാരെ ഏൽപ്പിച്ചു.

| | | |
|---|---|---|
| a) Jokkins Johnson | St. Mary's | Puzhamudi |
| b) Seljo Thomas | St. Joseph | Kurumbala |
| c) Ashley George | St. Sebastian | Padichira |
| d) Meera Jose | St. George | Kallody |
| e) Princy Peter | St. Mary's | Marakkadav |
| f) Anju Joseph | St. Mary's | Manimooli |
| g) Anjumol Thankachan | St. Mary's | Marakkadav |
| h) Chinju K. Biju | St. Thomas | Vanhode |
| i) Sunu Joseph | St. Thomas | Vanhode |
| j) Vismaya Sunny | St. Francis Assisi | Manjoora |
| k) Rani AT | St. Thomas | Deepthigiri |
| l) Chinju K A | Fathima Matha | Chungakkunnu |
| m) Doly AS | St. Alphonsa | Chungakkunnu |

കബ്ലീഷൻ റിപ്പോർട്ട് വിദ്യാർത്ഥികളിൽ നിന്നും ഒപ്പിട്ട് ശേഖരിച്ച് സിസിയിൽ എത്തിക്കുക.

**ഓസാനാംഭവൻ രാത്രി സേവനം**

**മാനന്തവാടി ഏസി**

| | | |
|---|---|---|
| 16–3–2015 | സെന്റ് ഫിലോമിന | ആലാറ്റിൽ |
| 17–3–2015 | ലിറ്റിൽ ഫ്ളവർ | മാനന്തവാടി |
| 18–3–2015 | മൗണ്ട് കാർമ്മൽ | തലപ്പുഴ |
| 19–3–2015 | സെന്റ് മേരീസ് | ആലാറ്റിൽ |
| 20–3–2015 | സെന്റ് സെബാസ്റ്റ്യൻ | കാട്ടിമൂല |

**നടവയൽ ഏസി**

| | | |
|---|---|---|
| 21–3–2015 | സെന്റ് മേരീസ് | വാളവയൽ |
| 22–3–2015 | സെന്റ് അൽഫോൻസ | നെയ്ക്കുപ്പ |
| 23–3–2015 | സെന്റ് സെബാസ്റ്റ്യൻ | കേണിച്ചിറ |
| 24–3–2015 | സെന്റ് മേരീസ് | കേണിച്ചിറ |
| 25–3–2015 | സെന്റ് മേരീസ് | നടവയൽ |
| 26–3–2015 | ഇൻഫന്റ് ജീസസ് | നടവയൽ |
| 27–3–2015 | സെന്റ് ജോസഫ് | നെയ്ക്കുപ്പ |
| 28–3–2015 | സെന്റ് മേരീസ് | കല്ലുവയൽ |
| 29–3–2015 | സെന്റ് അൽഫോൻസ | കല്ലുവയൽ |
| 30–3–2015 | സെന്റ് ജൂഡ് | പനമരം |

**പാടിച്ചിറ ഏസി**

| | | |
|---|---|---|
| 31–3–2015 | ഇൻഫന്റ് ജീസസ് | കബനിഗിരി |
| 01–4–2015 | മേരി മാതാ | ശശിമല |
| 02–4–2015 | സെന്റ് സെബാസ്റ്റ്യൻ | പാടിച്ചിറ |
| 03–4–2015 | മേരി മാതാ | കബനിഗിരി |
| 04–4–2015 | സെന്റ് ജോസഫ് | സീതാമൗണ്ട് |
| 05–4–2015 | ഇൻഫന്റ് ജീസസ് | ശശിമല |
| 06–4–2015 | സെന്റ് ജോസഫ് | മരക്കടവ് |
| 07–4–2015 | സെന്റ് മേരീസ് | മരക്കടവ് |
| 08–4–2015 | ലിറ്റിൽ ഫ്ളവർ | പാടിച്ചിറ |

**പയ്യമ്പള്ളി ഏസി**

| | | |
|---|---|---|
| 09–4–2015 | സെന്റ് മേരീസ് | പയ്യമ്പള്ളി |
| 10–4–2015 | സെന്റ് കാതറിൻ | പയ്യമ്പള്ളി |
| 11–4–2015 | സെന്റ് ജോസഫ് | അപ്പപാറ |
| 12–4–2015 | ലിറ്റിൽ ഫ്ളവർ | ഒണ്ടയങ്ങാടി |

| | | |
|---|---|---|
| 13-4-2015 | സെന്റ് അൽഫോൻസ | പടമല |
| 14-4-2015 | സെന്റ് ജോർജ്ജ് | തൃശ്ശിലേരി |
| 15-4-2015 | സെന്റ് മാർട്ടിൻ | ഒണ്ടയങ്ങാടി |

**ഓസ്സാനാംഭവൻ സന്ദർശനം**

**ചുണ്ടക്കര ഏസി**

| | | |
|---|---|---|
| 18-3-2015 | സെന്റ് തോമസ് | അരിഞ്ചേർമല |
| 20-3-2015 | വാ. മദർ തെരേസ | വിളമ്പുകണ്ടം |
| 22-3-2015 | സെന്റ് മേരീസ് | കണിയാമ്പറ്റ |
| 24-3-2015 | സെന്റ് മേരീസ് | പറളിക്കുന്ന് |
| 26-3-2015 | സെന്റ് ജൂഡ് | കുറുമ്പാലക്കോട്ട |

**ഗൂഡല്ലൂർ ഏസി**

| | | |
|---|---|---|
| 28-3-2015 | സെന്റ് മേരീസ് | ആറാട്ടുപാറ |
| 30-3-2015 | സെന്റ് ജോസഫ് | മച്ചിക്കൊല്ലി |
| 01-4-2015 | സേക്രട്ട് ഹാർട്ട് | അരുൾനിലയം |
| 03-4-2015 | സെന്റ് തെരേസ | അരുൾനിലയം |
| 05-4-2015 | സെന്റ് സെബാസ്റ്റ്യൻ | ധർമ്മഗിരി |
| 07-4-2015 | സെന്റ് ഫിലോമിന | വിമലഗിരി |
| 09-4-2015 | സെന്റ് അൽഫോൻസ | ധർമ്മഗിരി |
| 11-4-2015 | സെന്റ് മേരീസ് | വിമലഗിരി |
| 13-4-2015 | സെന്റ് സെബാസ്റ്റ്യൻ | മണ്ണുവയൽ |
| 15-4-2015 | സെന്റ് ജോസഫ് | ഊട്ടി |

**രൂപതാ ബുള്ളറ്റിൻ**

രൂപതാ ബുള്ളറ്റിൻ വിഹിതവും പോസ്റ്റൽ പിൻ കോഡ് സഹിതം അഡ്രസ്സും സിസി യിൽ എത്തിക്കാത്ത കോൺഫറൻസ് അംഗങ്ങൾക്ക് 2015-16 ലെ രൂപതാ ബുള്ളറ്റിൻ ലഭ്യമാക്കാൻ സാധിക്കുകയില്ല. ആയതിനാൽ വിഹിതവും (120 രൂപ ഒരാൾക്ക്) അഡ്രസ്സും എത്രയും പെട്ടെന്ന് സിസി യിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒരിക്കൽ കൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും ആശംസകൾ നേർന്നുകൊണ്ട് പ്രാർത്ഥനയോടെ,

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

## സാമൂഹ്യ സേവനരംഗം (WSSS)

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

കൃഷിയിലെ നൂതന മാർഗ്ഗങ്ങളും രോഗകീടനിയന്ത്രണങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി കർഷകർക്കുവേണ്ടി നടത്തുന്ന സെമിനാറുകൾ ചെതലയം, കൊമ്മയാട്, കുറുക്കൻമൂല, കുറുമ്പാല ക്കോട്ട, പഴൂർ, ദ്വാരക എന്നിവിടങ്ങളിലായി സംഘടിപ്പിച്ചു. 300 കർഷകർ പുതിയതായി പദ്ധതിയിൽ ചേർന്നു. ഇന്റേണൽ ഇൻസ്പെക്ടർമാരായി 112 കർഷകരെ വിവിധ പഞ്ചായത്തുകളിൽ നിന്നായി തിരഞ്ഞെടുക്കു കയും അവർക്കുള്ള പരിശീലനങ്ങൾ നടത്തുകയും ചെയ്തുവരുന്നു.

**വോഫ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ ഫെയർ ട്രേഡ് കർഷക സംഘടനയായ WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർ ട്രേഡ് അസോസിയേഷൻ 2015 ജനുവരി മാസത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി.

**1. ഭരണ സമിതിയോഗം**

സംഘടനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, കൂടു തൽ ശക്തിപ്പെടുത്തുന്നതിനുമായി 2015 ജനുവരി മാസം 17-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ ചേർന്ന ഭരണസമിതിയോഗത്തിൽ വോഫ ചെയർമാൻ അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ അധ്യക്ഷനാ യിരുന്നു. സംഘടനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, കൂടു തൽ ശക്തമായ സംഭരണം, വിപണനം, കർഷകർക്കാവശ്യമായ സേവ നങ്ങൾ എന്നീ തലങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നതിനും തീരുമാനിച്ചു.

**2. ഷീറ്റ് വിതരണം**

ജൈവ ഫെയർ ട്രേഡ് കർഷകരുടെ സംഘടനയായ വോഫ, 2013-14 വർഷങ്ങളിൽ സംഘടനയിലൂടെ കാപ്പി സംഭരിച്ച മുഴുവൻ കർഷ കർക്കും 12 X 12 അടി വലിപ്പത്തിലുള്ള കാപ്പി പറിക്കുന്ന 2 ഷീറ്റുകൾ വീതം വിതരണം ചെയ്തു. കൂടുതൽ ഉല്പന്നങ്ങൾ സംഘടനയ്ക്ക് നൽകിയ കർഷകർക്ക് 4 ഷീറ്റുകൾ വീതം സൗജന്യമായി വിതരണം ചെയ്തു.

**3. പഠനയാത്ര**

വോഫയിലെ കർഷക നേതൃത്വത്തിനായി (വാർഷിക പൊതുയോഗ സഭ) സംഘടിപ്പിച്ച പഠനയാത്ര 2015 ജനുവരി മാസം 21-ാം തീയതി ഇടുക്കിയിലേക്ക് തിരിക്കുകയും പീരുമേഡ് ഡവലപ്മെന്റ് സൊസൈറ്റി സന്ദർശിക്കുകയും പ്രസ്തുത സംഘടനയുടെ പ്രവർത്തനങ്ങൾ, ജൈവകർഷക പ്രോത്സാഹനപരിപാടികൾ എന്നിവ പഠിക്കുകയും ചെയ്തു. അതോടൊപ്പം തന്നെ POS ന്റെ സുഗന്ധവ്യഞ്ജന സംസ്കരണ ശാല സന്ദർശിക്കുന്നതിനും കഴിഞ്ഞു. 23 പേരടങ്ങിയ സംഘത്തിന് പ്രസ്തുത പഠനയാത്ര ഏറെ പ്രയോജനപ്രദമായിരുന്നു.

**വിപണന വിഭാഗം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ ഫെയർ ട്രേഡ് ഉല്പന്നങ്ങളുടെ ഉത്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്ന വിപണന വിഭാഗത്തിന് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സാധിച്ചു. 2015 ജനുവരി മാസത്തിൽ 91,92,901 രൂപയുടെ സംഭരണവും 1,71,38,567.3 രൂപയുടെ വിപണനവും ചെയ്യുന്നതിന് വിപണന വിഭാഗത്തിന് സാധിച്ചു. ഓസ്ട്രേലിയ, ബ്രിട്ടൺ, ജർമ്മനി, അമേരിക്ക, ഇറ്റലി എന്നീ രാജ്യങ്ങളിൽ നിന്നായി കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയ്ക്കായുള്ള ഓഡറുകൾ സ്വീകരിക്കുന്നതിനും മാർക്കറ്റിംഗ് വിഭാഗത്തിന് സാധിച്ചു.

**വികാസ് പീഡിയ മലയാളം**

ദേശീയ താത്പര്യത്തിന്റെ ഭാഗമായി ഇന്ത്യാഗവൺമെന്റ് ഗ്രാമീണ ഭാരതത്തെ ശക്തിപ്പെടുത്തുന്നതിന് സ്വയം സമർപ്പിച്ചുകൊണ്ട് രൂപം നൽകിയ വികാസ് പീഡിയ വിജ്ഞാന പോർട്ടൽ, സമൂഹ വികസനത്തിന് മാധ്യമ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ അറിവും വിവരങ്ങളും നൽകുന്നു.

വികാസ് പീഡിയ മലയാളം ജനുവരി മാസത്തെ ന്യൂസ്ലെറ്റർ പുറത്തിറക്കി. സർക്കാർ ഉദ്യോഗസ്ഥർക്കും, വിദ്യാർത്ഥികൾക്കും പോർട്ടലിനെ പരിചയപ്പെടുത്തുകയും ആവശ്യമായ പരിശീലനം നൽകുകയും ചെയ്തു. അതോടൊപ്പം പുതിയ പേജുകൾ അപ്ലോഡ് ചെയ്യുകയും ചെയ്തു. 'ശുചിത്വഭാരതം' എന്ന വിഷയത്തെ ആസ്പദമാക്കി സ്കൂൾ കുട്ടികൾക്കായി നടത്തിയ ഉപന്യാസ മത്സരത്തിലെ വിജയികൾക്ക് ഫെബ്രുവരി 3 ന് കണിയാരം ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് അഭിവന്ദ്യ തൃശൂർ ആർച്ച് ബിഷപ് മാർ ജേക്കബ് തൂങ്കുഴി സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും വിതരണം ചെയ്തു. ചടങ്ങിൽ പ്രൊഫ. ടി. മോഹൻ ബാബു, രൂപത കോർപ്പറേറ്റ് മാനേജർ, പ്രിൻസിപ്പാൾ തുടങ്ങിയവർ പങ്കെടുത്തു. കൂടുതൽ വിവരങ്ങൾക്ക് ml.vikaspedia.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

**സേവ് എ ഫാമിലി പ്രോഗ്രാം**

സേവ് എ ഫാമിലി കുടുംബങ്ങളിൽ നടത്തിവരുന്ന ജൈവ പച്ചക്കറി കൃഷിയുടെ അവസാനഘട്ട വിലയിരുത്തൽ നടത്തി. WSSS ജനറൽ കോ-ഓർഡിനേറ്റർ പി.എ. ജോസ് SAFP കോ-ഓർഡിനേറ്റർ സി. ആനി ജോസ് എന്നിവർ കൃഷിസ്ഥലങ്ങൾ സന്ദർശിച്ച് മേഖലാതലത്തിലും രൂപതാതലത്തിലുമുള്ള വിജയികളെ കണ്ടെത്തി. SAFPകുടുംബങ്ങൾ സന്ദർശിച്ച് അവരുടെ അടിസ്ഥാന കുടുംബ വിവരശേഖരണം നടത്തി. SAFP കുടുംബങ്ങളുടെ വിവിധ വരുമാന പദ്ധതിക്കുള്ള ഫണ്ട് വിതരണം നടത്തി. കൽപ്പറ്റ, മാനന്തവാടി മേഖലകളിലെ വിവിധ സെന്ററുകളിൽ ആനിമേറ്റർമാരുടെയും, വികാരിയുടേയും സാന്നിധ്യത്തിൽ യോഗങ്ങൾ നടത്തി.

**ജനകീയ സംഘാടനം**

**സോഷ്യൽ വെൽഫയർ സൊസൈറ്റി സെക്രട്ടറിമാരുടെ യോഗം**

ജനുവരി 14-ാം തീയതി WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വെച്ച് SWS സെക്രട്ടറിമാരുടെ യോഗം നടത്തി. WSSS ജോയിന്റ് ഡയറക്ടർ ഫാ. ബിജോ കറുകപ്പളളി യോഗം ഉദ്ഘാടനം ചെയ്തു. ശ്രീ. സുഭാഷ് "ഭക്ഷണ പാനീയങ്ങളിലുള്ള മായം" എന്ന വിഷയത്തെ അടിസ്ഥാനമാക്കി. ക്ലാസ്സ് നയിച്ചു. സോഷ്യൽ വെൽഫയർ സൊസൈറ്റികളിൽ നടക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങളെക്കുറിച്ച് മനസിലാക്കാൻ ഫാ. അലക്സ് താന്നിയപ്പിള്ളി അദ്ദേഹത്തിന്റെ PHD യുടെ ഭാഗമായി സർവ്വേ നടത്തി. കെ. ഒ. ജോയി സ്വാഗതവും സുജ മാത്യു നന്ദിയും രേഖപ്പെടുത്തി.

**ബയോഗ്യാസ് വികസന പദ്ധതി**

പേരിയ, പായോട്, കാട്ടിമൂല, കഴുക്കോട്ടൂർ, മുതിരേരി, ചെറുകാട്ടൂർ, കാരയ്ക്കാമല തുടങ്ങിയ സ്ഥലങ്ങളിൽ 5 പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 7 എണ്ണം നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 2 സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

**തെങ്ങിന്റെ ചങ്ങാതിക്കൂട്ടം (Friend of Coconut Tree Training)**

FCT യുടെ ജനുവരി മാസത്തെ ട്രെയിനിംഗ് രണ്ട് ഘട്ടങ്ങളിലായി 44 പേരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുകയുണ്ടായി. അടുത്തമാസം 2 പരിശീലന പരിപാടിയുണ്ടായിരിക്കുന്നതാണ്.

**പൈപ്പ് കമ്പോസ്റ്റ് നിർമ്മാണം**

എടവക പഞ്ചായത്തും ശുചിത്വമിഷനും സംയുക്തമായി നടപ്പാക്കുന്ന പൈപ്പ് കമ്പോസ്റ്റ് നിർമ്മാണം എടവക പഞ്ചായത്തിൽ WSSS ന്റെ സഹകരണത്തോടെ 398 യൂണിറ്റ് നിർമ്മാണം പൂർത്തിയാക്കി.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ** - WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹ്യസംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. ഇതിന്റെ മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനങ്ങൾ എല്ലാം വളരെ ഭംഗിയായി നടക്കുന്നു.

**ബോധവൽക്കരണ സെമിനാർ**

KLM സംഘടനയെക്കുറിച്ചും വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും 11-01-15 നു പട്ടാണിക്കൂപ്പ് ഇടവകയിൽ വച്ച് ക്ലാസ്സ് നടത്തി. 50 ആളുകൾ ക്ലാസ്സിൽ പങ്കെടുത്തു. തുടർന്ന് കൂടുതൽ ആളുകൾ ഇതിൽ അംഗങ്ങളാകാൻ കടന്നുവന്നിട്ടുണ്ട്.

**സുരക്ഷ ക്ലിനിക്**

07-01-15 നു മുള്ളൻകൊല്ലിയിൽ സുരക്ഷ ക്ലിനിക് നടത്തി. തുടർന്ന് പുതിയ അംഗങ്ങൾ സുരക്ഷയിൽ അംഗങ്ങളുമായി.

**അംഗത്വം പുതുക്കൽ**

ഈ മാസം 131 പേർ സുരക്ഷ B യും, 43 അംഗങ്ങൾ സുരക്ഷ A യും 4 പേർ KCTTF അംഗത്വവും, 3 പേർ KTWF അംഗത്വവും പുതുക്കി. ഇനിയും അംഗത്വം പുതുക്കാത്തവർ എത്രയും വേഗം അംഗത്വം പുതുക്കേണ്ടതാണ്.

**സംസ്ഥാന ജനറൽബോഡി**

ജനുവരി 25, 26 തീയതികളിൽ പി.ഒ.സി. സെന്ററിൽ വച്ച് സംസ്ഥാന വാർഷിക ജനറൽബോഡി നടന്നു. രൂപതയെ പ്രതിനിധാനം ചെയ്തുകൊണ്ട് ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, പ്രസിഡണ്ട് ശ്രീ. ബിജു പൊയ്ക്കുന്നേൽ, എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ.പൈലി, ശ്രീമതി ഷീന ആന്റണി, സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ പങ്കെടുത്തു. യോഗത്തിൽ വച്ച് കഴിഞ്ഞ വർഷത്തെ വാർഷിക റിപ്പോർട്ട് ശ്രീമതി ഷീന ആന്റണി അവതരിപ്പിച്ചു. തുടർന്ന് അടുത്ത വർഷത്തെ കർമ്മ പരിപാടികൾ ചർച്ച ചെയ്തു. പിന്നീട് സംസ്ഥാന ഭാഹവാഹികളെ തിരഞ്ഞെടുത്തു.

**അഭിനന്ദനങ്ങൾ**

കേരള ലേബർ മൂവ്മെന്റ് സംസ്ഥാന പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പലിന് KLM മാനന്തവാടി രൂപതയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുന്നു. പുതിയ കർമ്മപഥത്തിൽ എല്ലാവിധ അനുഗ്രഹങ്ങളും സർവ്വേശ്വരൻ നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**അറിയിപ്പ്**

പെൻഷൻ പദ്ധതിയിലും വിവിധ ക്ഷേമനിധികളിലും പുതിയ അംഗങ്ങൾക്ക് ചേരുവാനുള്ള സമയമാണിത്. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുമല്ലോ.

ഫോൺ: 04935 - 240314, 9447264935, 9562766224

**ഫാ. ബിജോ കറുകപ്പള്ളി** - ഡയറക്ടർ, KLM

## *റേഡിയോ മാറ്റൊലി* 90.4 mhz

### കമ്മ്യൂണിറ്റി റേഡിയോ ദേശീയ ശില്പശാല

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷന്റെ സഹകരണത്തോടെ സംഘടിപ്പിച്ച കമ്മ്യൂണിറ്റി റേഡിയോ ദേശീയ ശില്പശാല ബ്രഹ്മഗിരി ഓഡിറ്റോറിയത്തിൽ വെച്ച് ഫെബ്രുവരി 9,10,11 തീയതികളിൽ നടന്നു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വിവിധ ഭാഗങ്ങളിൽ പുതുതായി കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ തുടങ്ങുന്നവർക്കായാണ് ശില്പശാല സംഘടിപ്പിച്ചിച്ചത്. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയ ഉപദേഷ്ടാവ് യോഗേന്ദ്രപാൽ ഉദ്ഘാടനം ചെയ്തു. റേഡിയോ മാറ്റൊലി ചെയർമാൻ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അദ്ധ്യക്ഷനായ ചടങ്ങിൽ കമ്മ്യൂണിറ്റി മീഡിയ എക്സ്പേർട്ട് ഡോ. ആർ. ശ്രീധർ മുഖ്യപ്രഭാഷണം നടത്തി. കേരള വനിതാ കമ്മീഷൻ അദ്ധ്യക്ഷ റോസക്കുട്ടി ടീച്ചർ, നബാർഡ് വയനാട് ജില്ലാ ഡെവലപ്മെന്റ് മാനേജർ എൻ.എസ്. സജികുമാർ എന്നിവർ സംസാരിച്ചു. കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷൻ സെക്രട്ടറി ജനറൽ അർച്ചന കപൂർ വിഷയം അവതരിപ്പിച്ചു. അസോസിയേഷൻ സൗത്ത് സോൺ പ്രസിഡന്റും റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടറുമായ ഡോ. ഫാ. തോമസ് ജോസഫ് തേരകം സ്വാഗതവും CRA ട്രഷറർ സലില ഭൻസാലി നന്ദിയും പറഞ്ഞു. ആന്ധ്രാ പ്രദേശ്, തെലുങ്കാന, തമിഴ്നാട്, കർണ്ണാടക, കേരളം എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള 46 പ്രതിനിധികളാണ് ശില്പശാലയിൽ പങ്കെടുത്തത്.

### സാമ്പത്തിക സാക്ഷരത സെമിനാർ

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ഫെബ്രുവരി 13 ന് കൊച്ചിയിൽ സംഘടിപ്പിച്ച സാമ്പത്തിക സാക്ഷരത സെമിനാറിൽ റേഡിയോ മാറ്റൊലി അസി. ഡയറക്ടർ ഫാ. മനോജ് കാക്കോനാലും പ്രോഗ്രാം പ്രൊഡ്യൂസർ രാജിത്ത് വെള്ളമുണ്ടയും പങ്കെടുത്തു. റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന താങ്ങും തണലും എന്ന സാമ്പത്തിക സാക്ഷരതാ പരിപാടിയുടെ ഭാഗമായാണിത്.

**തത്സമയ ഫോൺ ഇൻ പ്രോഗ്രാം**

തത്സമയ ഫോൺ ഇൻ പ്രോഗ്രാമുകൾ ഇനി മുതൽ എല്ലാ ഒന്നിടവിട്ടുള്ള ബുധനാഴ്ചകളിലും വൈകുന്നേരം 5 മണി മുതൽ 6 മണിവരെ നടത്തുന്നതാണ്. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പങ്കെടുക്കുന്ന ഈ പ്രോഗ്രാമിലേക്ക് ശ്രോതാക്കൾക്ക് വിളിക്കാവുന്നതാണ്. വയനാട് ജില്ലാ കളക്ടർ കേശവേന്ദ്രകുമാർ ഐ.എ.എസ് ഫെബ്രുവരി 12 ാം തീയതി റേഡിയോ മാറ്റൊലിയുടെ തത്സമയ ഫോൺ ഇൻ പ്രോഗ്രാമിൽ പങ്കെടുക്കുകയും ശ്രോതാക്കളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മറുപടി പറയുകയും ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. നീതാ വിജയൻ ഫെബ്രുവരി 13-ാം തീയതി തത്സമയ ഫോൺ ഇൻ പ്രോഗ്രാമിൽ പങ്കെടുത്ത് കുരങ്ങുപനിയെക്കുറിച്ചുള്ള ശ്രോതാക്കളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മറുപടി നല്കി. പൊതുപരിപാടികളുടെ തത്സമയ പ്രക്ഷേപണം റേഡിയോ മാറ്റൊലി ചെയ്യുന്നതാണ്. താത്പര്യമുള്ളവർ മാറ്റൊലിയുമായി ബന്ധപ്പെടുക. ഫോൺ: 04935 242008

**പാനൽ ചർച്ചകൾ**

കുടുംബകൃഷിയും കേരളവും എന്ന വിഷയത്തെ അടിസ്ഥാനമാക്കി പാനൽ ചർച്ച നടത്തി. റേഡിയോ മാറ്റൊലി പ്രോഗ്രാം പ്രൊഡ്യൂസർ ശ്രീ. രാജിത്ത് വെള്ളമുണ്ട മോഡറേറ്ററായിരുന്നു. സംസ്ഥാന ജൈവകർഷക അവാർഡ് ജേതാവ് ശ്രീമതി സാബി കണിയാമ്പറ്റ, വനിതാകർഷക ശ്രീമതി അച്ചാമ്മ ജോർജ്ജ്, ജൂലി സിബി എന്നിവർ പങ്കെടുത്തു. വിദ്യാഭ്യാസത്തിന്റെ നിലവാരം താഴുന്നുവോ? എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടത്തിയ പാനൽ ചർച്ചയിൽ മംഗലശ്ശേരി മാധവൻ മാസ്റ്റർ മോഡറേറ്ററായിരുന്നു. അധ്യാപകരായ യമുന ടീച്ചർ, മിനി ടീച്ചർ, പ്രദീപ് മാസ്റ്റർ, ബിന്ദു ചിറായിൽ എന്നിവർ പങ്കെടുത്തു.

കാലിടറുന്ന യുവത്വവും തകരുന്ന കുടുംബമൂല്യങ്ങളും എന്ന വിഷയത്തെ കുറിച്ച് നടന്ന പാനൽ ചർച്ചയിൽ ഫാ.ജി.കെ.എം. എച്ച്.എസ്. അധ്യാപിക ആലീസ് ജോസ് മോഡറേറ്ററായിരുന്നു. എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എച്ച്. ബി. പ്രദീപ് മാസ്റ്റർ, മാനന്തവാടി ഗവ. കോളേജ് മുൻ പ്രിൻസിപ്പാളായിരുന്ന ഡോ. കെ.പി. അസീസ്, ഫാമിലി കൗൺസിലർ സി. ലില്ലി സി.എം.സി. എന്നിവർ പങ്കെടുത്തു.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

# മീഡിയാ കമ്മീഷൻ

## സാഹിത്യ പുരസ്ക്കാരം

മാനന്തവാടി രൂപതാ മീഡിയാ കമ്മീഷൻ ഏർപ്പെടുത്തുന്ന പ്രഥമ സാഹിത്യ പുരസ്ക്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു. മാനന്തവാടി രൂപത അതിർത്തിക്കുള്ളിൽ വരുന്ന എല്ലാവിഭാഗം ജനങ്ങൾക്കും പങ്കെടുക്കാം. കഥ, കവിത, നോവൽ, ലേഖന സമാഹാരങ്ങൾ തുടങ്ങിയ വിഭാഗത്തിൽപ്പെട്ട കൃതിയും പുരസ്ക്കാരത്തിനയയ്ക്കാം. 2013-2014 വർഷങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മികച്ചതും ശ്രദ്ധേയവുമായ ഒരു കൃതിക്കാണ് പുരസ്ക്കാരം നല്കുക. ഈശ്വര വിശ്വാസം, ജനാധിപത്യം, മതസൗഹാർദ്ദം, മാനവീകത തുടങ്ങിയ പരമ്പരാഗത മൂല്യങ്ങളോട് ക്രിയാത്മക മനോഭാവം പുലർത്തുന്നതും പ്രത്യാശയുണർത്തുന്നതുമായ മൂല്യാധിഷ്ഠിത കൃതികൾക്കാണ് പുരസ്ക്കാരം നല്കുക. 5001 രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്ക്കാരം. കൃതികൾ 2015 മാർച്ച് 31 നകം Director, Media Commission, Nirmala Shopping Complex, Nallurnad P.O, Dwaraka 670645 എന്ന വിലാസത്തിൽ അയയ്ക്കണം.

## 'വിശുദ്ധവാരം' ചാനൽ പ്രോഗ്രാം

മാനന്തവാടി രൂപതാ മീഡിയാ കമ്മീഷൻ നിർമ്മിക്കുന്ന വലിയ ആഴ്ചയിലെ തിരുകർമ്മങ്ങൾ കോർത്തിണക്കിയ ഭക്തി സാന്ദ്രമായ വിശുദ്ധവാരം ചാനൽ പ്രോഗ്രാം ഓശാന മുതൽ ഉയിർപ്പുവരെയുള്ള ദിവസങ്ങളിൽ പ്രമുഖ കേബിൾ ചാനലുകളിൽ സംപ്രേക്ഷണം ചെയ്യുന്നതാണ്. റവ. ഫാ. ജെയ്സ് ബേബി ചെട്ടിയാശ്ശേരി, വിനോദ് നെല്ലക്കൽ, ഷെൻസി എടക്കാട്ട് പുത്തൻപുര, സി. സെബി MSMI, സൗമ്യ പ്ലാപ്പറമ്പിൽ, ജോസ് താഴത്തേൽ, ഫാ. ബാബു മാപ്ലശേരി എന്നിവരുടെ നേതൃത്വത്തിൽ പ്രോഗ്രാം പ്രൊഡക്ഷൻ പുരോഗമിക്കുന്നു.


**ഫാ. ബാബു മാപ്ലശേരി**

ഡയറക്ടർ, മീഡിയ കമ്മീഷൻ

ഫോൺ - 9447545460, 04936-289042

Email: frbabum@gmail.com,

## നേതൃത്വപരിശീലന ശിൽപ്പശാല

സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മണ്ഡലത്തിലേയ്ക്ക് കഴിവും മൂല്യപ്രതിബദ്ധതയുമുള്ള ക്രൈസ്തവ നേതൃത്വത്തെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ CCSS ന്റെ ആഭിമുഖ്യത്തിൽ നേതൃത്വപരിശീലന ശിൽപ്പശാല നടത്തുന്നു. പൊതുരംഗത്ത് പ്രവർത്തിക്കാൻ താൽപര്യമുള്ള ഇടവകാംഗങ്ങളായ സ്ത്രീ പുരുഷൻമാരെ ബഹു. വികാരിയച്ചന്മാർ ഈ ക്യാമ്പിലേക്ക് അയയ്ക്കുമല്ലോ? സ്ഥലം: പാവനപാസ്റ്ററൽ സെന്റർ, മാനന്തവാടി. തീയതി – സമയം 2015 മാർച്ച് 13 വെള്ളി 5 pm മുതൽ 14 ശനി 5 pm വരെ. ഫീസ് Rs. 500/– പേരുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ: 9496691409 (ഓഫീസ്)

## CCSS ക്രൈസിസ് ഇന്റെർവെൻഷൻ ടീം

സാംക്രമിക രോഗങ്ങൾ, പ്രകൃതിദുരന്തങ്ങൾ, അപകടങ്ങൾ തുടങ്ങിയ ഗുരുതരമായ സാഹചര്യങ്ങളിൽ സഭയുടെ സംഘാത സേവനം അടിയന്തിരമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വയനാട് ജില്ലയിലെ വിവിധ സന്യാസസമൂഹങ്ങളുടെയും സന്നദ്ധപ്രവർത്തകരുടെയും ഒരു വിദഗ്ദ്ധ ടീം CCSS ന്റെ കീഴിൽ രൂപീകരിച്ചു. ഡോക്ടേഴ്സ്, നഴ്സസ്, സാമൂഹ്യപ്രവർത്തകർ, അഡ്വക്കറ്റ്സ്, കൗൺസിലേഴ്സ് തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ള സന്നദ്ധപ്രവർത്തകരാണ് ടീമിലുള്ളത്. CIT ഡയറക്ടറായി ഡോ.സി. സ്റ്റെഫിന FCC, കോർഡിനേറ്റർ ഫാ. തോമസ് ചാപ്രത്ത് എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

## വയനാട് ജില്ലാതല സമർപ്പിതവർഷ സംഗമം 2015 മെയ് 9 ന്

വയനാട് ജില്ലയിൽ സേവനം ചെയ്യുന്ന കത്തോലിക്കാ സന്യാസിനി–സന്യാസികളുടെയും സംസ്ഥാന മന്ത്രിമാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ–ഉദ്യോഗസ്ഥപ്രമുഖർ, മതസാംസ്കാരിക നേതാക്കൾ എന്നിവരുടെ ഒരു സ്നേഹസംഗമം 2015 മെയ് 9–ന് കൽപ്പറ്റ ഡി. പോൾ പള്ളിയങ്കണത്തിൽ വച്ച് CCSS ന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു. പ്രസ്തുത സംഗമത്തിന്റെ സ്വാഗതസംഘം രൂപീകരിച്ചു.

**ഫാ. ബാബു മാപ്ലശേരി**
സെക്രട്ടറി CCSS
CCSSwayanad@gmail.com

## Tidings since 22 January 2015

The College, represented by Amal P S, Febin Abraham, Abdu Sahad and Sumesh T of the Department of Commerce won first prize in Marketing Game organized by the Don Bosco College, Sulthan Bathery, on 23 January 2015. Sarath E R, II BCom represented Kannur University in the All India Interuniversity Hockey match held at M S University, Thirunelvely.

On 26 January, the NCC cadets of the College celebrated the Republic Day under the guidance of Lt. Dr. Rajeev Thomas. After a disciplined parade by the Cadets the Principal hoisted the National Flag and addressed the cadets. Rev. Fr. Manager also spoke on the occasion. The Arts Festival of the college was organized by the College Union on 29 and 30 January. Prizes and certificates were distributed to the winners in different events. Those who secured first prize with A grade were selected to represent the College in the University Arts Festival.

On 30 January, the Martyr's day, the College paid homage to the father of the Nation by observing absolute silence for one minute. Jerlin Tresa George and Dency Dev of II BSc Mathematics won third prize in the intercollegiate Mathematics quiz organized by St. Josep's College, Devagari, Kozhikode. On 7 February, Amal P S, Febin Abraham, Abdu Sahad and Sumesh T of the Department of Commerce became first in Marketing Game organized by St. Mary's College, Sulthan Bathery. On 5 February, Shobi P P, I BSc Computer Science and Jibin Paul, III BSc Computer Science won first prize in IT quiz organized by the Christu Jayanthi College, Bangalore.

In the second week of February, the College submitted proposal for its recognition under the College with Potential for Excellence scheme of the University Grants Commission. Also, the College forwarded the sketch and estimate for the construction of a Staff Quarters cum Guest House to the UGC. The HRM Department arranged training sessions for improving the skills of final year undergraduates in CV preparation and interview.

On 13 and 14 February, the HRMD arranged Campus Recruitment drives for securing campus placement in Tech Mahindra and ICICI Bank. Thirteen students from our College and six students from the nearby colleges got placement in Tech Mahindra. The final selection list of the ICICI team will be published soon.

**Dr. Saban Kurumthottam V**
Principal

# CEADOM വിദ്യാഭ്യാസ മേഖല

ഒരു അധ്യയന വർഷംകൂടി കടന്നുപോകുന്നു. വർഷാവസാന പരീക്ഷകൾക്കും പൊതുപരീക്ഷകൾക്കും തയ്യാറെടുക്കുന്ന എല്ലാ വിദ്ധ്യാർത്ഥികൾക്കും അവരെ ഒരുക്കുന്ന അധ്യാപകർക്കും വിജയാശംസകളും അഭിനന്ദനങ്ങളും അറിയിക്കുന്നു. ഈ അധ്യയനവർഷം വളരെ നല്ല പ്രവർത്തനമാണ് നമ്മുടെ സ്കൂളുകൾ എല്ലാ മേഖലയിലും നടത്തിയത് എന്നതിൽ അഭിമാനവും ചാരിതാർത്ഥ്യവും ഉണ്ട്. വരും വർഷങ്ങളിലും ഈ വിജയവും സൽപ്പേരും നിലനിർത്താൻ നമുക്ക് ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടതുണ്ട്.

**അഭിനന്ദനങ്ങളും നന്ദിയും**

കേന്ദ്രഗവൺമെന്റിന്റെ വിജ്ഞാന പോർട്ടലായ വികാസ് പീഡിയയും മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുമായി സഹകരിച്ച്, ഏജൻസിയുടെ കീഴിലുള്ള എല്ലാ ഹൈസ്കൂളുകളിലും സ്വച്ച് ഭാരത് ആസ്പദമാക്കി നടത്തിയ ഉപന്യാസ മൽസരത്തിൽ ശുചിത്വം തന്നെ മഹത്വം, മാലിന്യം നമ്മുടെ വൈകല്യം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഉപന്യാസരചന മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയവർ യഥാക്രമത്തിൽ 1) Don Jose - Kabanigiri Nirmala HS, 2) Jarsha Mary – Kallody St.Joseph's HSS, 3) Clesteena C George – Fr.G.K.M.HSS Kaniyaram and Alphonsa Joseph Adackathode St.Joseph's HS ഇവരെ കണിയാരം ഫാ. ജി.കെ. എം ഹയർസെക്കന്ററിയിൽ വച്ച് നടത്തിയ യോഗത്തിൽ അനുമോദിക്കുകയും വികാസ് പീഡിയ നൽകിയ ക്യാഷ് അവാർഡുകൾ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് വിതരണം ചെയ്യുകയും ചെയ്തു. ഉപന്യാസരചന മത്സരത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും അവരെ ഒരുക്കിയ പ്രധാനാധ്യാപകർക്കും, അധ്യാപകർക്കും, മാതാപിതാക്കൾക്കും CEADOM-ന്റെ അനുമോദനങ്ങളും അഭിനന്ദനങ്ങളും അറിയിക്കുന്നു.

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി HSA, UPSA, LPSA എന്നീ വിഭാഗങ്ങളിലേക്ക് നിയമനങ്ങൾക്കായി

അദ്ധ്യാപകരുടെ പുതിയ പൂൾ ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി നടത്തിയ 4-ാം ഘട്ടമായ കമ്പ്യൂട്ടർ പരിജ്ഞാനം വിലയിരുത്തൽ 09-02-2015 മുതൽ 18-02-2015 വരെ കണിയാരം ഫാ. ജി.കെ.എം. എച്ച്. എസ്. ൽ വച്ചും, 5-ാം ഘട്ടമായ വിദ്യാലയ പ്രവർത്തന വിലയിരുത്തൽ 09-02-2015 മുതൽ 14-02-2015 വരെ മാനന്തവാടി റ്റി.റ്റി.ഐ യിൽ വച്ചും നടത്തപ്പെട്ടു. ഇതിനായി നേതൃത്വം വഹിച്ച ബഹുമാന്യരായ എല്ലാ അദ്ധ്യാപകർക്കും, ജില്ലാ ഐ.ടി കോർഡിനേറ്റർ തോമസ് സാറിനും, ഇതിനായി സഹായസഹകരണങ്ങൾ ചെയ്തുതന്ന ഫാ.ജി. കെ.എം.എച്ച്.എസ് ഹെഡ്മിസ്ട്രസ് ശ്രീമതി. സെലിൻ ടീച്ചർക്കും, റ്റി.റ്റി.ഐ പ്രിൻസിപ്പൽ ശ്രീമതി. മേഴ്സമ്മ ടീച്ചർക്കും, ജി.കെ.എം. ലെയും, റ്റി.റ്റി.ഐ. ലെയും മുഴുവൻ അധ്യാപകർക്കും, അനധ്യാപകർക്കും, പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

മധ്യപ്രദേശിൽ വച്ച് നടന്ന രാജീവ്ഗാന്ധി ഖേൽ അഭിയാൻ ടേബിൾ ടെന്നീസ് മത്സരത്തിൽ തരിയോട് സെന്റ് മേരിസ് യു.പി സ്കൂളിലെ അബിന വിത്സൺ, ജൂലിയ ജോഷി എന്നിവർ സ്വർണ്ണ മെഡൽ കരസ്ഥമാക്കി. അബിനയ്ക്കും, ജൂലിയയ്ക്കും, ഇവരെ പ്രോത്സാഹിപ്പിച്ച പ്രധാനാധ്യാപകൻ ശ്രീ. ബെന്നി സാറിനെയും, എല്ലാ അധ്യാപകരെയും അനധ്യാപകരെയും, വിദ്യാർത്ഥികളെയും സഹായ സഹകരണങ്ങൾ നൽകിയ രക്ഷിതാക്കളെയും പി.ടി. എ, മദർ പി.ടി.എ തുടങ്ങിയ സമിതികളെയും CEADOM-ന്റെ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

## പൂൾ ലിസ്റ്റ് രൂപീകരണം - വികാരിയുടെ വിലയിരുത്തൽ

നമ്മുടെ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ വിദ്യാലയങ്ങളിൽ 2015 - 2018 കാലയളവിൽ ഉണ്ടാകുന്ന അധ്യാപക തസ്തിക ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെടാൻ യോഗ്യതയുള്ളവരുടെ Pool list തയ്യാറാക്കുന്നതുമായി സംബന്ധിച്ച തിരഞ്ഞെടുപ്പ് പ്രിക്രിയകളിൽ ആദ്യത്തെ അഞ്ച് ഘട്ടങ്ങളും വിജയകരമായി പൂർത്തിയാക്കിയവർക്ക്, ഇനിയുള്ള ഘട്ടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് വികാരിയച്ചന്റെ വിലയിരുത്തലാണ്. ആയതിനാൽ ഉദ്യോഗാർത്ഥികൾ മുഖേന വികാരിയച്ചന്റെ പക്കൽ എത്തിച്ചുതരുന്ന വിലയിരുത്തൽ ഫോം എത്രയും വേഗം പൂർത്തിയാക്കി (March 7ന് മുമ്പ്) രഹസ്യ സ്വഭാവത്തോടുകൂടി കോർപ്പറേറ്റ് മാനേജർക്ക് നേരിട്ട് ലഭിക്കത്തക്കവിധം തിരികെ നൽകി സഹകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

**HM പ്രമോഷൻ: അപേക്ഷകൾ, അഭിമുഖം**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിൽ ന്യൂനപക്ഷപദവി ലഭിച്ച വിദ്യാലയങ്ങളിലെ 2015–2016 അധ്യയന വർഷത്തേയ്ക്കുള്ള പ്രധാനാധ്യാപകരുടെ നിയമനത്തിനുള്ള അപേക്ഷകൾ 2015 ഫെബ്രുവരി 28–ാം തീയതിവരെ ദ്വാരകയിലുള്ള കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയിയുടെ ഓഫീസിൽ സ്വീകരിച്ചു. പ്രധാനാധ്യാപക നിയമനത്തിനുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള അഭിമുഖം 2015 മാർച്ച് മാസത്തിൽ നടത്തപ്പെടുന്നതാണ്.

**മോറൽ സയൻസ് പരീക്ഷ**

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിൽ ഉള്ള എല്ലാ ഹൈസ്ക്കൂളുകളിലും മോറൽ സയൻസിന്റെ പരീക്ഷ ഫെബ്രുവരി 4 –ാം തീയതി നടത്തപ്പെട്ടു സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി. യു.പി, എൽ.പി വിഭാഗങ്ങളിലെ മോറൽ സയൻസിന്റെ പരീക്ഷ മാർച്ച് മാസത്തിൽ നടത്തപ്പെടുന്നതാണ്.

**അധ്യാപക കൺവെൻഷൻ**

സമൂഹത്തിന് അനുകരണീയ മാതൃകയും ശക്തമായ നേതൃത്വവും നൽകി പ്രവർത്തിക്കുന്നതിന് നമ്മുടെ അധ്യാപകരെയും അനധ്യാപക ജീവനക്കാരെയും പ്രാപ്തരാക്കുന്നതിനും കോർപ്പർറേറ്റ് കുടുംബാംഗങ്ങൾ ഒത്തുചേർന്ന് അനുഭവങ്ങളും, അറിവുകളും, സൗഹൃദവും പങ്കുവയ്ക്കുന്നതിനും അവസരം ആവശ്യമാണെന്ന് എനിക്ക് തോന്നുന്നു. അതുകൊണ്ട് തന്നെ ഇത്തരത്തിലുള്ള ഒരു കോർപ്പറേറ്റ് കുടുംബകൂട്ടായ്മയ്ക്ക് വേണ്ടി പ്രധാനാധ്യാപക സംഗമത്തിൽ നിന്ന് ഒരു കമ്മറ്റി രൂപീകരിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. കഴിഞ്ഞ ദിവസം ചേർന്ന ഇവരുടെ യോഗം നിർദേശിച്ചതനുസരിച്ച് 2015 മേയ് മാസം 6–ാം തിയ്യതി ബുധനാഴ്ച രാവിലെ പത്തുമണിക്ക് ദ്വാരക പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ മാനന്തവാടി രൂപത കോർപ്പറേറ്റ് സ്കൂൾ ജീവനക്കാരുടെ ഒരു ഏകദിന സംഗമം നടത്തുകയാണ്. മാനന്തവാടി രൂപതാക്ഷ്യൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് മുഖ്യാതിഥിയായ ഈ സംഗമത്തിൽ നമ്മുടെ സ്കൂളുകളിൽ നിന്നും ദീർഘകാലത്തെ സേവനത്തിനുശേഷം വിരമിക്കുന്ന അധ്യാപക ശ്രേഷ്ഠർക്ക് യാത്രയയപ്പും മാനന്തവാടി കോർപ്പറേറ്റ് സ്കൂൾ സ്റ്റാഫ് കോ– ഓപ്പറേറ്റീവ് സൊസൈറ്റി നൽകുന്ന വാട്ടർ പ്യൂരിഫയറുകളുടെ ഔദ്യോഗിക വിതരണോത്ഘാടനവും നടത്തപ്പെടുന്ന ഈ സംഗമത്തിൽ

നമ്മുടെ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരും വീഴ്ചവരുത്താതെ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**
**സെന്റ് മേരിസ് യു.പി സ്കൂൾ, തരിയോട്**

– നല്ല പാഠം പ്രവർത്തകർ നടത്തുന്ന *കൊടുക്കും തോറും ഏറീടും പദ്ധതി* തരിയോട് സെന്റ് മേരിസ് യു.പി സ്കൂളിലെ ഓരോ ക്ലാസ്സിലെയും പഠനത്തിൽ മികവു പുലർത്തുന്ന വിദ്യാർത്ഥികൾ ചേർന്ന് ക്ലാസ്സ് അധ്യാപകരുടെ മേൽനോട്ടത്തിൽ എല്ലാവരുടെയും പഠന നിലവാരം ഉറപ്പാക്കാൻ ഈ പദ്ധതിയിലൂടെ കഴിയുന്നു. എല്ലാ വിദ്യാർത്ഥികളെയും പഠനത്തിൽ മുൻപന്തിയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഈ പദ്ധതിയ്ക്ക് ആവശ്യമായ പഠന സാമഗ്രികൾ അദ്ധ്യാപകർ തയ്യാറാക്കുകയും പി.ടി.എ യുടെ സഹായ ത്തോടെ പ്രിന്റ് ചെയ്ത് ഓരോ കുട്ടികൾക്കും ലഭ്യമാക്കുകയും ചെയ്യുന്നു.

– കലാകായിക മത്സരങ്ങളിൽ ഉന്നതവിജയം കരസ്ഥമാക്കാൻ കഴിഞ്ഞു. മധ്യപ്രദേശിൽ വച്ച് നടന്ന രാജീവ്ഗാന്ധി ഖേൽ അഭിയാൻ ടേബിൾ ടെന്നീസ് മത്സരത്തിൽ അബിന വിത്സൺ, ജൂലിയ ജോഷി എന്നിവർ സ്വർണ്ണമെഡൽ കരസ്ഥമാക്കുകയും ചെയ്തു.

– വെള്ളമുണ്ട ഗവ. ഹയർസെക്കന്ററി സ്കൂളിൽ വച്ച് നടത്തിയ ജില്ലാതല കലോത്സവത്തിൽ ശിവാനന്ദയ്ക്ക് അക്ഷരശ്ലോകം യു.പി വിഭാഗത്തിൽ ഒന്നാം സ്ഥാനവും, മേഘ്ന ബാബുവിന് കഥാരചനയിൽ ബി.ഗ്രേഡും ലഭിച്ചു. വിജയികളെ അനുമോദിക്കുകയും പി.ടി.എ പ്രസി ഡന്റ് ശ്രീ. റ്റി.ജെ റോബർട്ട് സമ്മാനവിതരണം നൽകുകയും ചെയ്തു.

– കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കുന്നതിന് ഒരോ ക്ലാസ്സുകാരും അധ്യാപകരുടെ നേതൃത്വത്തിൽ ക്ലാസ്സ് മാഗസി നുകൾ തയ്യാറാക്കുകയും,സ്കൂൾ അസംബ്ലിയിൽ വച്ച് പ്രകാശനം ചെയ്യുകയും, സമ്മാനാർഹരായവരെ അഭിനന്ദിക്കുകയും ചെയ്തു.

**ഫാ. ജോൺ പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

# Pastoral Centre Programme



## March 2015

| | |
|---|---|
| 1-4 | Marriage Preparation Course |
| 5 | Priests' Conference |
| 7 | Zion |
| 10 | Bible Class |
| 12 | CMA Executive |
| 14 | Religious Gathering |
| 15-19 | Zion Retreat |
| 17 | Marian Singles |
| 20-21 | CML Joint Directors Meeting |
| 27-30 | Marriage Preparation Course |

**Fr. Mathew Periappuram**
Director, Pastoral Centre

# *Bishop's Programme*



***March 2015***

| | | |
|---|---|---|
| *1* | *Sun ...................* | *Prasanthigiri: Pastoral Visit* |
| *2* | *Mon .................* | *Kommayad: Blessing of the newly constructed school building* |
| *3* | *Tue ....................* | *Engaged* |
| *4* | *Wed ...................* | *Kaniyaram: TTI School Anniversary* |
| *5* | *Thu .................* | *Priests' Conference* |
| *6* | *Fri ....................* | *Out of Station* |
| *8* | *Sun .................* | *Peria: Pastoral Visit* |
| *9* | *Mon ..................* | *Visitors' Day* |
| *10* | *Tue ...................* | *Engaged* |
| *11* | *Wed 12 Thu ......* | *Tellichery: Meeting of the Bishops of Malabar Region* |
| *13* | *Fri ....................* | *Out of Station* |
| *14* | *Sat ....................* | *Pastoral Centre: Samarpitha Sangamam* |
| *15* | *Sun ...................* | *Panavally: Pastoral Visit* |
| *17* | *Tue ....................* | *Engaged* |
| *19* | *Thu 20 Fri ........* | *Out of Station* |
| *22* | *Sun ................* | *Karimbil: Pastoral Visit* |
| *23* | *Mon ................* | *Visitors' Day* |
| *27* | *Fri ....................* | *Out of Station* |
| *28* | *Sat ....................* | *Thrikaipetta: Blessing of Sunday School* |
| *29* | *Sun ...................* | *Cathedral: Palm Sunday* |
| *30* | *Mon ................* | *Minor Seminary: Minor Orders of Major Seminarians* |
| *31* | *Tue ...................* | *Engaged* |

***April 2015***

| | | |
|---|---|---|
| *2* | *Thu ..................* | *Cathedral: Maundy Thursday* |
| *3* | *Fri ...................* | *Cathedral: Good Friday* |
| *4* | *Sat ...................* | *Cathedral* |
| *5* | *Sun ..................* | *Cathedral: Easter* |
| *6* | *Mon .................* | *Cathedral: Death Anniversary of Mar Emmanuel Pothanamuzhy* |
| *7* | *Tue ..................* | *Bhoodanam: Jubilee of the Parish* |
| *9* | *Thu 10 Fri ......* | *Out of Station* |
| *11* | *Sat .................* | *Pachilakkad: Blessing of the Jesuit Family Counseling Centre and Pre-Novitiate* |
| *12* | *Sun ..................* | *Kalpra: Blessing of Chapel* |
| *13* | *Mon ................* | *Bathery: Synaxis of MSMI Sisters* |
| *14* | *Tue 15 Wed .......* | *Major Seminarians' Gathering* |
| *15* | *Wed .................* | *Moolankavu: Blessing of the newly constructed Church* |
| *17* | *Fri ..................* | *Out of Station* |
| *18* | *Sat Morning .....* | *Anniversary of Vincent De Paul Society & Blessing of Osanam Family House* |
| | *Afernoon ..........* | *Seethamount: Blessing of Convent* |
| *19* | *Sun ..................* | *Kuttiyamvayal: Blessing of Presbytery* |
| *20* | *Mon .................* | *Deepthi Bhavan: Golden and Silver Jubilee of Sisters* |
| *21* | *Tue ..................* | *Thonichal: Vestition & First Profession of SKD Sisters* |
| *22* | *Wed .................* | *Thonichal: First Communion and Confirmation* |
| *23* | *Thu .................* | *Dwaraka: Vestition & First Profession of SABS Sisters* |
| *24* | *Fri ...................* | *Out of Station* |
| *25* | *Sat ...................* | *Thonichal, SKD Generalate: Synaxis and Election* |
| *26* | *Sun ..................* | *Nilambur: First Communion* |
| *28* | *Tue ..................* | *Out of Station* |
| *29* | *Wed .................* | *Visitors' Day* |
| *30* | *Thu .................* | *Eachome: Blessing of the newly constructed building of TUDI, Tribal Bording House* |

WAKE UP THE WORLD!

2015 Year of Consecrated Life

# സമർപ്പിതവർഷത്തിൽ കാറോസൂസ പ്രാർത്ഥനയോടൊപ്പം ചൊല്ലേണ്ട പ്രാർത്ഥന

"എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" എന്നരുൾച്ചെയ്ത ഈശോയെ, അങ്ങേക്ക് പ്രത്യേകമാംവിധം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന എല്ലാ സമർപ്പിതരെയും ഈ വി.കുർബാനയിൽ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങൾ ആചരിക്കുന്ന സമർപ്പിതരുടെ വർഷം തിരുസഭയുടെ വളർച്ചയ്ക്കും ദൈവമഹത്വത്തിനും കാരണമാകുവാനും സമർപ്പിതരുടെ പ്രതിഷ്ഠാജീവിതം തിരുസഭയ്ക്ക് അനുഗ്രഹവും ലോകത്തിനു രക്ഷയുമായി മാറുവാനും ഇടയാക്കണമേ. സമർപ്പിതജീവിതത്തിലേയ്ക്ക് ധാരാളം വിളികൾ നൽകി തിരുസഭയെ അനുഗ്രഹിക്കണമേയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

# സമർപ്പിതവർഷ ആന്തം

*('നിത്യപുരോഹിതനീശോയെ' - എന്ന രീതി)*

വിളവിൻ നാഥാ ഈശോയെ
വിളഭൂമിയിലാം അർപ്പിതരെ
നിൻ ഹൃദയത്തിൽ ചേർത്തെന്നും
കാത്തരുളീടുക എന്നെന്നും

വിളഭൂമികളിൽ വേലയ്ക്കായ്
അർപ്പിതപാത ചരിക്കുമ്പോൾ
ഗുരുവാം നാഥാ ഞങ്ങൾതൻ
മുൻപേ നീങ്ങണമെന്നെന്നും
............Bits...........

പുണ്യവ്രതങ്ങൾ പാലിക്കാൻ
വചനം നിത്യം ജീവിക്കാൻ
സാക്ഷ്യമതേകി നടന്നിടുവാൻ
കൃപകൾ നൽകി നയിക്കണമെ

ശുദ്ധിയിലെന്നും നിലനിൽക്കാൻ
പുണ്യത്തിൻ വഴി തേടിടുവാൻ
സഭയിൽ അർപ്പിതരെന്നെന്നും
നിലനിൽക്കാനിടയാക്കണമെ
............Bits...........

സ്നേഹത്തിൻ മധു നൽകിടുവാൻ
മാതൃകയേകി വളർന്നിടുവാൻ
മാനവ സേവന പാതയിലായ്
നാഥാ എന്നും കാക്കണമെ

ദൈവജനത്തിൻ നന്മയ്ക്കായ്
എന്നെന്നും നിലനിന്നീടാൻ
അർപ്പിത വഴിയിൽ തണലായി
ആത്മാവിൽ കൃപ തൂകിടണേ
വിളവിൻ നാഥാ....

*രചന: റവ. സി. ലിസ അലക്സ്* SKD